# ഹജ്ജ്, ഉംറ, സിയാറത്ത്

രചന:

**ശൈഖ് അബ്ദുൽഅസീസ് ബിൻ**
**അബ്ദില്ലാ ബിൻ ബാസ്**
(സഊദി അറേബ്യയിലെ

വിവർത്തനം:

**ഡി. കെ. മുഹ്‌യിദ്ദീൻ ഉമരി**
(തിരൂരങ്ങാടി)

Published In 2000

The Cooperative Office For Call & Guidance at Al-Badiah
Under The Supervision of The Ministry of Islamic Affairs Endowment Guidance & Propagation
Kingdom of Saudi Arabia - P.O. Box 24932 Riyadh 11456 - Tel. 4330888 - Fax. 4301122

# ഹജ്ജ്, ഉംറഃ, സിയാറത്ത്

രചന:

**ശൈഖ് അബ്ദുൽഅസീസ്ബിൻ**
**അബ്ദില്ലാ ബിൻ ബാസ്**
**(സഊദി അറേബ്യയിലെ**
**മതവിദ്യാഭ്യാസ-ഗവേഷണ-പ്രബോധന വിഭാഗം ചെയർമാൻ)**

വിവർത്തനം:

**സി. കെ. മുഹ്‌യിദ്ദീൻ ഉമരി**
**(തിരൂരങ്ങാടി)**

സൗജന്യ വിതരണത്തിനുള്ളത്

بسم الله الرحمن الرحيم

بسم الله الرحمن الرحيم

الحمد لله رب العالمين والعاقبة للمتقين والصلاة والسلام على عبده ورسوله محمد وعلى آله وصحبه أجمعين . اما بعد :

ഹജ്ജിന്റെ ശ്രേഷ്ഠതയും മര്യാദകളും ഹജ്ജ്‌യാത്ര ഉദ്ദേശിച്ചവർ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും ഹജ്ജ്, ഉംറഃ, സിയാറത്ത് എന്നിവയെ സംബന്ധിക്കുന്ന സുപ്രധാനമായ പല പ്രശ്നങ്ങളും സംക്ഷിപ്തമായും വ്യക്തമായും വിവരിക്കുന്ന ഒരു ചെറു ഗ്രന്ഥമത്രെ ഇതു്. അല്ലാഹുവിന്റെ കിതാബും അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്തും അടിസ്ഥാനമാക്കിത്തന്നെയാവണം ഈ ഗ്രന്ഥമെന്നു ഞാൻ വളരെയധികം നിഷ്കർഷിച്ചിട്ടുണ്ടു്.

മുസ്ലിംകളോടുള്ള ഗുണകാംക്ഷയായും താഴെപറയുന്ന ഖുർആൻ വാക്യങ്ങളുടെയും നബിവചനത്തിന്റെയും സാക്ഷാത്കരണമായുമാണ് ഞാനീ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

അല്ലാഹു പറഞ്ഞു:

«وَذَكِّرْ فَإِنَّ الذِّكْرَى تَنْفَعُ الْمُؤْمِنِينَ»
(الذاريات ٥٥)

''നീ ഉദ്ബോധിപ്പിക്കുക. ഉദ്ബോധനം സത്യ വിശ്വാസികൾക്ക് പ്രയോജനപ്പെടും.''

وَإِذْ أَخَذَ اللهُ مِيثَاقَ الَّذِينَ أُوتُوا الْكِتَابَ لَتُبَيِّنُنَّهُ لِلنَّاسِ وَلَا تَكْتُمُونَهُ (ال عمران ١٨٧)

വേദഗ്രന്ഥം നല്കപ്പെട്ടവർ അതു് ജനങ്ങൾക്കു് വിവരിച്ചുകൊടുക്കണമെന്നും, മറച്ചുവെക്കരുതെന്നും അല്ലാഹു അവരോടു് കരാർ വാങ്ങിയിട്ടുള്ളതോർമ്മിക്കുക.''

«وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى» (المائدة : ٢)

''പുണ്യകർമ്മങ്ങളിലും ഭയഭക്തിയിലും നിങ്ങളന്യോന്യം സഹായിക്കുക.''

നബി (സ.അ.) പറഞ്ഞതായി സഹീഹായ ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. ''മതം എന്നതു് ഗുണകാംക്ഷയാണു്.'' മൂന്നു്തവണ നബി (സ.അ.) ഇതാവർത്തിച്ചു. അപ്പോൾ ഒരാളന്വേഷിച്ചു ''ആരോടു് അല്ലാഹുവിന്റെ റസൂലേ?'' അവിടുന്നു പറഞ്ഞു: ''അല്ലാഹുവിനോടു്, അവന്റെ കിതാബിനോടു്, അവന്റെ റസൂലിനോടു്, മുസ്‌ലിംകളിലെ നേതാക്കളോടും അവരിലെ പൊതുജനത്തോടും.''

ഹുദൈഫഃ (റ) നബി (സ.അ.) യെ ഉദ്ധരിച്ചു്കൊണ്ടിപ്രകാരം പറഞ്ഞതായി ഇമാം ത്വബ്രാനി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

നബി (സ.അ.) പറഞ്ഞു: മുസ്‌ലിംകളുടെ കാര്യത്തിൽ ശ്രദ്ധിക്കാത്തവർ അവരിൽ പെട്ടവരല്ല. രാവിലെയും വൈകുന്നേരവും അല്ലാഹുവിനോടും, അവന്റെ കിതാബിനോടും, അവന്റെ റസൂലിനോടും, അവന്റെ

ഇമാമിനോടും മുസ്‌ലിം പൊതുജനത്തോടും ക്ഷുദ്രപുലർത്താത്തവൻ അവരിൽ പെട്ടവനല്ല.''

ഈ ഗ്രന്ഥം എനിക്കും മുസ്‌ലിംകൾക്കും പ്രയോജനപ്പെടട്ടെ എന്നും, ഇതിന്നുവേണ്ടിയുള്ള ശ്രമം അല്ലാഹുവിന്റെ സംതൃപ്തിക്കും, അനുഗ്രഹീത സ്വർഗ്ഗങ്ങളിലായിക്കൊണ്ട് അവ കൽ വിജയിക്കാനും കാരണമായിത്തീരട്ടെ എന്നും ഞാൻ അല്ലാഹുവോട് തേടുന്നു.

إِنَّهُ سَمِيعٌ مُجِيبٌ وَهُوَ حَسْبُنَا وَنِعْمَ الْوَكِيلُ

## ഹജ്ജും ഉംറഃയും നിർബ്ബന്ധം

സത്യം മനസ്സിലാക്കി അത് പിൻപറ്റുവാനുള്ള തൗഫീഖ് എനിക്കും നിങ്ങൾക്കും അല്ലാഹു പ്രദാനം ചെയ്യട്ടെ! അല്ലാഹു തന്റെ അടിമകൾക്ക് അവന്റെ ആദരണീയഗൃഹത്തിലേക്കുള്ള തീർത്ഥാടനം (ഹജ്ജ്) നിർബന്ധമാക്കിയിട്ടുണ്ടെന്നും അത് ഇസ്ലാമിന്റെ അഞ്ചു ഘടകങ്ങളിലൊന്നായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്നും നിങ്ങൾ മനസ്സിലാക്കിയിരിക്കണം.

അല്ലാഹു പറയുന്നു:

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ

(آل عمران : ٩٧)

കഴിവുള്ളവർ ഹജ്ജ് ചെയ്യണമെന്നത് ജനങ്ങൾക്ക് അല്ലാഹുവിനോടുള്ള കടപ്പാടാണ്. ആരെങ്കിലും അവിശ്വസിച്ചാൽ, അല്ലാഹു സർവ്വലോകരോടും യാതൊരാശ്രയവുമില്ലാത്തവനാണ് (എന്നവർ മനസ്സിലാക്കണം).

ഇബ്നു ഉമർ (റ) ൽ നിന്നു് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഇപ്രകാരമാണ്.

നബി (സ.അ) പറഞ്ഞു. ''അഞ്ചുകാര്യങ്ങളിന്മേലാണ് ഇസ്ലാം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ലെന്നും മുഹമ്മദ് (സഅ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, നിർബന്ധദാനം നല്കുക, റമസാൻമാസത്തിൽ നോമ്പ് നോല്ക്കുക, അല്ലാഹുവിന്റെ ആദരണീയ ഗൃഹത്തിലേക്ക് തീർത്ഥാടനം (ഹജ്ജ്) ചെയ്യുക''.

ഉമറുബ്നൽ ഖത്താബ് പറഞ്ഞതായി സഈദ് അദ്ദേഹത്തിന്റെ സുനനിൽ ഇങ്ങനെ രേഖപ്പെടുത്തിട്ടുണ്ട്. ''ഈ പട്ടണങ്ങളിലെല്ലാം ആളെ അയച്ച്, കഴിവുണ്ടായിട്ടും ഹജ്ജ് ചെയ്യാത്തവരായി ആരെങ്കിലും അവിടങ്ങളിലുണ്ടെങ്കിൽ കണ്ടുപിടിച്ച് അവരുടെമേൽ ജിസ്യ: (കപ്പം) ചുമത്തിയാലോ എന്നു് ഞാനാലോചിച്ചുപോയി. അവരാരും മുസ്ലിംകളല്ല; അവർ മുസ്ലിംകളേയല്ല.''

അലി (റ) പറഞ്ഞതായി ഇപ്രകാരം രേഖപ്പെട്ടു കാണുന്നു. ''ഹജ്ജിന്നു് കഴിവുണ്ടായിട്ടും അതുപേക്ഷിച്ചവൻ ജൂതനോ ക്രിസ്ത്യാനിയോ ആയിട്ടു മരിച്ചാൽ അസാംഗത്യമില്ല''.

## ഹജ്ജ് ഉടനെ ചെയ്യണം

ഇതുവരെ ഹജ്ജ് ചെയ്യാത്തവർക്ക് അതിനുള്ള കഴിവുണ്ടായാൽ ഉടനെ അതു് നിർവ്വഹിക്കൽ നിർബ്ബന്ധമാണു്. ഇബ്നു അബ്ബാസ് (റ) ൽനിന്നുദ്ധരിക്കപ്പെട്ട ഒരു ഹദീസ് ഇപ്രകാരമാകുന്നു. നബി (സ: അ) പറഞ്ഞു: കഴി

യും വേഗം ഹജ്ജ് ചെയ്യുക. അവിചാരിതമായി തനിക്കെന്ത് സംഭവിക്കുമെന്ന് നിങ്ങളിൽ ആർക്കും അറിഞ്ഞുകൂടാ. (അഹ്മദ്)

''ജനങ്ങളിൽ കഴിവുള്ളവർ കഅ്ബയെ ഹജ്ജ് ചെയ്യണമെന്നത് അവർക്ക് അല്ലാഹുവോടുള്ള കടപ്പാടാണ്. ആർ അവിശ്വസിച്ചാലും അല്ലാഹു ലോകത്തിലാരെയും ആശ്രയിക്കേണ്ടതില്ലാത്തവനത്രെ'' എന്ന ഖുർആൻ വാക്യത്തിന്റെയും, ''ജനങ്ങളേ, തീർച്ചയായും അല്ലാഹു നിങ്ങളുടെ മേൽ ഹജ്ജ് നിർബ്ബന്ധമാക്കിയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യുവീൻ'' എന്ന മുസ്ലിം (റ) ഉദ്ധരിച്ച നബിവചനത്തിന്റെയും വ്യക്തമായ സൂചനയും കഴിവുള്ളവർ ഉടനെത്തന്നെ ഹജ്ജ് ചെയ്തിരിക്കൽ നിർബ്ബന്ധമാണെന്ന് തന്നെയാണ്.

ഉംറഃ നിർബ്ബന്ധമാണെന്നതിനും ധാരാളം ഹദീസുകൾ തെളിവുണ്ട്. ജിബ്‌രീൽ (അ) നബി (സ: അ) യുടെ അടുത്ത്‌വന്ന് ഇസ്ലാം എന്നാലെന്ത് എന്ന് ചോദിച്ചതിന് നബി (സ: അ) നല്കിയ മറുപടി അതിലൊന്നാണ്. നബി (സ: അ) പറഞ്ഞു: അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ലെന്നും മുഹമ്മദ് (സ: അ) അല്ലാഹുവിന്റെ റസൂലാണെന്നും നീ സാക്ഷ്യം വഹിക്കണം. നമസ്കാരം നിലനിർത്തണം, സക്കാത്ത് നല്കണം. ഹജ്ജും ഉംറ: യും ചെയ്യണം. സംയോഗാനന്തരം കുളിക്കണം, വുളു (وضوء) പൂർണ്ണമായി നിർവ്വഹിക്കണം, നോമ്പ് നോൽക്കണം. ഇതൊക്കെയാണ് ഇസ്‌ലാം. ഉമറുബ്നുൽഖത്ത്വാബിൽ നിന്നും ഇബ്നുഖുസൈമ, ദാറഖുത്വ്നി എന്നിവർ ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീസത്രെ ഇത്. ഇതിന്റെ നിവേദക പരമ്പര (സനദ്) സ്ഥിരപ്പെട്ടതും സഹീഹുമാണെന്ന് ദാറഖുത്വ്നി പറഞ്ഞിട്ടുമുണ്ട്,

''അല്ലാഹുവിൻെറ റസൂലേ, സ്ത്രീകൾക്ക് ജിഹാദ് നിർബ്ബന്ധമുണ്ടോ? എന്ന ആയിശ: (റ) യുടെ ചോദ്യത്തിന്ന് നബി (സ: അ) നൽകിയ മറുപടിയും ഇതാണ് കുറിക്കുന്നത്. നബി (സ. അ) പറഞ്ഞു ''അവർക്ക് നിർബ്ബന്ധമായിട്ടുള്ളത് യുദ്ധമില്ലാത്ത ജിഹാദാണ്. അതായത് ഹജ്ജും ഉംറ: യും''. സഹീഹായ സനദോടുകൂടി അഹ്മദും (റ) ഇബ്നുമാജയും (റ) ഈ ഹദീസുദ്ധരിച്ചിട്ടുണ്ട്.

## ഹജ്ജും ഉംറയും നിർബ്ബന്ധം ഒരു തവണ

''ഹജ്ജ് ഒരു തവണമതി. അധികം തവണ ചെയ്താൽ അത് സുന്നത്ത് മാത്രമാണ്''. എന്ന സഹീഹായ നബിവചനത്തിൻെറ അടിസ്ഥാനത്തിൽ ഹജ്ജും ഉംറഃ യും ജീവിതത്തിലൊരിക്കൽ മാത്രമേ നിർബ്ബന്ധമായി ചെയ്യേണ്ടതുള്ളു.

ഹജ്ജും ഉംറഃ യും കൂട്ടതലായി ചെയ്തുകൊണ്ടിരിക്കുന്നത് സുന്നത്താണ്. അബൂഹുറയ്റഃ (റ) യിൽനിന്നും ബുഖാരി (റ) യും മുസ്ലിമും (റ) ഉദ്ധരിച്ച ഒരു ഹദീസിലൂടെ ഇതു് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അബൂഹുറൈറ: (റ) പറഞ്ഞു. ഒരിക്കൽ നബി (സ. അ) പറയുകയുണ്ടായി, ഉംറഃ, അടുത്ത ഉംറ: വരെ ഇടക്ക് ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരമാണ്. പുണ്യ പൂർണ്ണമായ ഹജ്ജിന്ന് സ്വർഗ്ഗമല്ലാതെ മററൊരു പ്രതിഫലവുമില്ല''.

## തൌബ ചെയ്യണം

ഒരു മുസ്ലിം ഹജ്ജിനോ, ഉംറഃ ക്കോ പുറപ്പെടാൻ തീരുമാനിച്ചാൽ തൻെറ കുടുംബങ്ങളെയും, ബന്ധുമിത്രാദികളെയും അല്ലാഹുവെ ഭയപ്പെട്ടുകൊണ്ട്, അവൻ കല്പിച്ചതു അനുഷ്ഠിച്ചുകൊണ്ടും, വിരോധിച്ചതു വെടിഞ്ഞുകൊണ്ടും ജീവിതം നയിക്കാൻ ഉപദേശിക്കണം. തനിക്ക, കിട്ടാ

നം താൻ കൊടുക്കാനുമുള്ള കടങ്ങളെല്ലാം എഴുതി സാക്ഷ്യപ്പെടുത്തുകയും, എല്ലാ പാപ കൃത്യങ്ങളിൽനിന്നും നിഷ്കളങ്കമായ തൗബ: (പശ്ചാത്താപം) നടത്തിയിരിക്കുകയും വേണം. അല്ലാഹു പറയുന്നത് കാണുക:

وَتُوبُوا إِلَى اللهِ جَمِيعًا أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ◉ (النور ٣١)

സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾക്ക് വിജയം വരിക്കാം.''

പാപകൃത്യങ്ങൾ പാടെ വെടിയുകയും ചെയ്തുപോയ പാപങ്ങളിൽ ഖേദിക്കുകയും അവ വീണ്ടും ആവർത്തിക്കുകയില്ലെന്ന് ദൃഢപ്രതിജ്ഞയെടുക്കുകയുമാണ് തൌബഃ കൊണ്ടുദ്ദേശിക്കപ്പെടുന്നത്. ജനങ്ങളുടെ ജീവനോ, ധനമോ, അഭിമാനമോ താൻ കയ്യേറ്റംചെയ്തിട്ടുണ്ടെങ്കിൽ ആയത് യാത്രക്കുമുമ്പുതന്നെ തിരിച്ചുകൊടുക്കുകയോ പൊരുത്തപ്പെടുവിക്കുകയോ ചെയ്തിരിക്കണം. നബി (സ.അ) യിൽനിന്ന് സഹീഹായി ഉദ്ധരിക്കപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: നബി (സ.അ.) പറഞ്ഞു: തന്റെ സഹോദരന്റെ ധനത്തിലോ അഭിമാനത്തിലോ ആരെങ്കിലും കയ്യേറ്റം ചെയ്തിട്ടുണ്ടെങ്കിൽ, വെള്ളിയും സ്വർണ്ണവും ഫലപ്പെടാത്തദിവസം വരുന്നതിന്നു മുമ്പായി ഇന്ന്തന്നെ അതിൽനിന്നെല്ലാം അവൻ മുക്തനായിക്കൊള്ളട്ടെ. അന്ന്, അവൻ ചെയ്ത കയ്യേറ്റത്തിന്ന് പകരം അവന്റെ സൽക്കർമ്മങ്ങളിൽനിന്ന് പിടിച്ചെടുക്കപ്പെടുന്നതായിരിക്കും.'' സൽക്കർമ്മങ്ങളില്ലെങ്കിൽ തന്നാൽ കയ്യേറ്റം ചെയ്യപ്പെട്ടവന്റെ ദുഷ്ചെയ്തികൾ തന്റെമേൽ ചുമത്തപ്പെടുന്നതായിരിക്കും.

## ഹലാലായ സമ്പാദ്യം മാത്രം ഹജ്ജിന്നുപയോഗിക്കണം

അനുവദനീയ മാർഗ്ഗത്തിലൂടെ സമ്പാദിച്ച പരിശുദ്ധ മായ ധനത്തിൽനിന്ന് മാത്രമേ ഹജ്ജിൻെറയും ഉംറഃ യുടേയും ചിലവിന്നായി തിരഞ്ഞെടുക്കാവൂ എന്നാണ് നബി (സ.അ.) യിൽനിന്നും സഹീഹായി തെളിയിക്ക പ്പെട്ടിട്ടുള്ളത്. إِنَّ اللهَ تَعَالَى طَيِّبٌ لَا يَقْبَلُ إِلَّا طَيِّبًا
''അല്ലാഹു തആല പരിശുദ്ധനത്രെ, പരിശുദ്ധമായത് മാത്രമേ അവൻ സ്വീകരിക്കുകയുള്ള'' വെന്ന് നബി (സ.അ.) പറഞ്ഞിട്ടുണ്ട്. ത്വബ്റാനി (റ) അബൂ ഹുറയ്റഃ (റ) യിൽനിന്നിപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: നബി (സ.അ.) പറഞ്ഞു: പരിശുദ്ധമായ പാഥേയവുമാ യി ഒരാൾ യാത്ര പുറപ്പെടുകയും വാഹനത്തിൽകയറി لبيك اللهم لبيك ''നിൻെറ വിളിക്കിതാ ഞാനുത്തരം നല്കിയിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞാനിതാ നിൻെറ വിളികേട്ടെത്തുന്നു'' എന്നുച്ചത്തിൽ വിളിച്ചു പറയുകയും ചെയ്താൽ ആകാശത്ത്നിന്ന് ഒരു മലക്ക് വിളിച്ചു പറയും: 'നിനക്കുത്തരം നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു വിൻെറ അനുഗ്രഹം നിന്നെ ആശീർവദിച്ചിരിക്കുന്നു, നി ൻെറ പാഥേയം ഹലാൽ! നിൻെറ വാഹനവും ഹലാൽ തന്നെ! നിൻെറ ഹജ്ജ് പുണ്യകർമ്മവും കുററമററതുമ ത്രെ!'' ചീത്ത പാഥേയവുമായി ഒരാൾ ഹജ്ജിന്നു പുറ പ്പെടുകയും വാഹനത്തിൽ കയറി لبيك اللهم لبيك വിളിക്കുകയും ചെയ്താൽ ആകാശത്തുനിന്നുള്ള മലക്ക് പറയും. ''നിൻെറ വിളിക്കുത്തരമില്ല! അല്ലാഹു വിൻെറ അനുഗ്രഹം നിന്നെ തഴുകുകയില്ല! നിൻെറ പാഥേയം ഹറാം! നിൻെറ സമ്പാദ്യവും ഹറാം തന്നെ! നിൻെറ ഹജ്ജ് സ്വീകാര്യമല്ല.''

അന്യരുടെ സമ്പത്തിനോടു താല്പര്യം കാണിക്കുകയും, അവരോടു യാചിക്കുകയും ചെയ്യുന്നത് ഹാജിക്ക് ഭൂഷണമല്ല. നബി (സ.അ.) ഒരിക്കൽ പറയുകയുണ്ടായി. ''ഒരാൾ മാന്യത പാലിച്ചാൽ അല്ലാഹു അവന്റെ മാന്യത നിലനിർത്തും, ഒരാൾ സ്വാശ്രയത്വം കൈക്കൊണ്ടാൽ അല്ലാഹു അവനെ നിരാശ്രയനാക്കും.'' നബി (സ.അ.) വീണ്ടും പറഞ്ഞു ''ഒരാൾ യാചിച്ചു യാചിച്ചു കാലം കഴിച്ച് ഒടുവിൽ അന്ത്യനാളിലെത്തുമ്പോൾ അവന്റെ മുഖത്ത് ഒരു തുണ്ട് പോലും മാംസമുണ്ടായിരിക്കുകയില്ല.''

## ഹജ്ജിന്റെ ഉദ്ദേശ്യം
## റബ്ബിന്റെ പ്രീതി മാത്രം

ഹാജി തന്റെ ഹജ്ജ് കൊണ്ടും ഉംറ കൊണ്ടും അല്ലാഹുവിന്റെ പ്രീതിയും പരലോക വിജയവുമല്ലാതെ ലക്ഷ്യം വെച്ചുകൂടാ. ആ പുണ്യസ്ഥലങ്ങളിൽചെന്ന് അല്ലാഹുവിന്ന് തൃപ്തികരമായ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവനോടടുപ്പം നേടുക മാത്രമായിരിക്കണം തന്റെ ഉന്നം. തന്റെ ഹജ്ജിലൂടെ ഭൌതികമായ നേട്ടമോ, ലോകമാന്യം, പ്രശസ്തി, പെരുമ മുതലായവയോ ഉദ്ദേശിക്കാതിരിക്കാൻ അങ്ങേയററം സൂക്ഷിക്കേണ്ടതാണ്. അതെല്ലാം തന്നെ അധമമായ ലക്ഷ്യങ്ങളും തന്റെ കർമ്മങ്ങൾ നിഷ്ഫലവും അസ്വീകാര്യവുമാക്കിത്തീർക്കുന്ന കാരണങ്ങളുമാണ്. അല്ലാഹു പറയുന്നതു നോക്കുക.

مَنْ كَانَ يُرِيدُ الْحَيَاةَ الدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ
أَعْمَالَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ
أُولَٰئِكَ الَّذِينَ لَيْسَ لَهُمْ فِي الْآخِرَةِ إِلَّا النَّارُ وَحَبِطَ
مَا صَنَعُوا فِيهَا وَبَاطِلٌ مَا كَانُوا يَعْمَلُونَ

''ഭൗതിക ജീവിതവും അതിന്റെ അലങ്കാരവും ഉദ്ദേശിച്ച് പ്രവർത്തിക്കുന്നവർക്ക് അവിടെവെച്ചുതന്നെ അവരുടെ പ്രവർത്തനങ്ങൾ നാം നിറവേററിക്കൊടുക്കും. യാതൊരു കുറവും അവർക്കവിടെ ഉണ്ടാകുകയില്ല. അത്തരക്കാർക്ക് പരലോകത്തിൽ നരകമല്ലാതെ മറെറാന്നും ഇല്ലതന്നെ. അവർ പണിതുണ്ടാക്കിയതെല്ലാം പൊളിഞ്ഞു തകർന്നു പോയി. അവർ പ്രവർത്തിച്ചിരുന്നതെല്ലാം വെറും പൊള്ളത്തരം മാത്രം.''

മറെറാരിടത്ത് അല്ലാഹു പറയുന്നതിപ്രകാരമാണ്.

مَنْ كَانَ يُرِيدُ الْعَاجِلَةَ عَجَّلْنَا لَهُ فِيهَا مَا نَشَاءُ لِمَنْ نُرِيدُ ثُمَّ جَعَلْنَا لَهُ جَهَنَّمَ يَصْلَاهَا مَذْمُومًا مَدْحُورًا . وَمَنْ أَرَادَ الْآخِرَةَ وَسَعَى لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَئِكَ كَانَ سَعْيُهُمْ مَشْكُورًا

(الاسراء : ١٨ . ١٩)

''ആരാണോ ഐഹികജീവിതം ലക്ഷ്യമാക്കുന്നത് അവരിൽ നാം ഉദ്ദേശിക്കുന്നവർക്ക് നാം ഉദ്ദേശിക്കുന്നത്ര അവിടെവെച്ചുതന്നെ ത്വരിതപ്പെടുത്തിക്കൊടുക്കും. പിന്നീട് നാം അവന്നു ഏർപ്പെടുത്തിയിട്ടുള്ളത് നരകമാണ്. നിന്ദ്യനും അഭിശപ്തനുമായിക്കൊണ്ട് അവനതിൽ വെന്തെരിയും. എന്നാൽ ആരെങ്കിലും പരലോകജീവിതം ലക്ഷ്യമാക്കുകയും, യഥാർത്ഥവിശ്വാസിയായിക്കൊണ്ട് അതിന്റേതായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്താൽ അവരുടെ പ്രയത്നം സ്വീകാര്യമായിരിക്കും.'' നബി (സ.അ.) യിൽനിന്ന് സഹീഹായി ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ''അവിടുന്ന് പറഞ്ഞു: ''അല്ലാഹു പറയുന്നു:

'പങ്കാളികളെ' പ്പോലെ പങ്കാളിത്വത്തിൻെറ (ശിർക്കിൻെറ) ആവശ്യമേ ഇല്ലാത്തവനത്രെ ഞാൻ. എന്നോട് പങ്ക് ചേർത്തുകൊണ്ടുള്ള വല്ല പ്രവർത്തനവും ആരെങ്കിലും ചെയ്താൽ അവനെയും അവൻെറ ശിർക്കിനെയും ഞാനങ്ങ് വിട്ടേയ്ക്കും!''

## നല്ല കൂട്ടുകാരെ പിടിക്കണം

തഖ്‌വായും കർമ്മനിഷ്ഠയും മതപാണ്ഡിത്യവുമുള്ള നല്ലവരുടെ കൂടെയായിരിക്കണം യാത്രചെയ്യേണ്ടത്. വിവരം കെട്ടവരുടെയും ദുർനടപ്പുകാരുടെയും കൂട്ടുകെട്ട് സൂക്ഷിക്കണം.

ഹജ്ജിൻെറയും ഉംറഃയുടെയും കർമ്മങ്ങളും മററും നല്ലപോലെ പഠിച്ചിരിക്കണം. അവ നന്നായി ഗ്രഹിച്ചിരിക്കുകയും വേണം. സംശയങ്ങൾ ചോദിച്ചറിഞ്ഞു തിരുത്തുകയും എല്ലാ കാര്യങ്ങളെക്കുറിച്ചും പൂർണ്ണബോധ്യമുള്ളവനായിരിക്കുകയും വേണം.

## വാഹനത്തിൽ

മൃഗമോ, കാറോ, വിമാനമോ ഏതു തരത്തിലുള്ള വാഹനമായിരുന്നാലും അതു് കയറുമ്പോൾ ബിസ്മി ചൊല്ലുകയും അല്ലാഹുവെ സ്തുതിക്കുകയും മൂന്നു തവണ തക്ബീർചൊല്ലുകയും ചെയ്തശേഷം ഇപ്രകാരം പറയണം.

سُبْحانَ الَّذِى سَخَّرَ لَنَا هَذا وَما كُنَّا لَهُ مُقْرِنِينَ
وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ . اَللَّهُمَّ إِنِّى اسْئَلُكَ
فِى سَفَرِى هذَا الْبِرَّ وَالتَّقْوَاى وَمِنَ الْعَمَلِ مَا
تَرْضَى ، اَللَّهُمَّ هَوِّنْ عَلَيْنا سَفَرَنَا هَذَا

وَاطْوِ عَنَّا بُعْدَهُ، اَللّٰهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ، وَالْخَلِيفَةُ فِي الْأَهْلِ، اَللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ.

''ഈ വാഹനം നമ്മൾക്ക് വിധേയമാക്കിത്തന്നവൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അതിൻെറ നിർമ്മാതാക്കൾ നമ്മളല്ലല്ലോ. നമ്മൾ നമ്മുടെ റബ്ബിങ്കലേക്ക മടങ്ങേണ്ടവർ തന്നെയാണ്. അല്ലാഹുവെ, എൻെറ യാത്രയിൽ പുണ്യവും ഭക്തിയും നിനക്ക് തൃപ്തികരമായ കർമ്മവും ഞാൻ നിന്നോട് തേടുന്നു. അല്ലാഹുവെ! ഞങ്ങളുടെ ഈ യാത്ര ഞങ്ങൾക്ക് നീ സുഗമമാക്കിത്തരേണമേ, അതിൻെറ അകലം ചുരുക്കിത്തരേണമെ, അല്ലാഹുവെ നീയാണ് യാത്രയിലെ കൂട്ടുകാരൻ, കുടുംബത്തിലെ പ്രതിനിധിയും നീ തന്നെ. അല്ലാഹുവെ, യാത്രാക്ലേശത്തിൽ നിന്നും ദയനീയാവസ്ഥയിൽനിന്നും, ധനത്തിലും കുടുംബത്തിലും ദുരനുഭവങ്ങളിൽനിന്നും നിന്നോട് മാത്രം ഞങ്ങൾ അഭയം തേടുന്നു. (ഇബ്നു ഉമറിൽനിന്ന് സഹീഹ് മുസ്ലിം).

യാത്രയിൽ അല്ലാഹുവെക്കുറിച്ചുള്ള സ്മരണയും, അവനോടുള്ള പശ്ചാത്താപവും, പ്രാർത്ഥനയും, കീഴ്വണക്കവും, ഖുർആൻ പാരായണവും, അതിൻെറ ഉള്ളടക്കത്തെക്കുറിച്ചുള്ള ചിന്തയുമെല്ലാമായി സമയം കഴിക്കേണ്ടതാണ്. നമസ്കാരങ്ങൾ കൂട്ടായി നിർവ്വഹിക്കുന്നതിൽ തന്നെ നിഷ്ഠയുള്ളവരായിരിക്കണം. അതുമിതും പറഞ്ഞ്കൊണ്ടിരിക്കുക, ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുക, അമിതമായ വിനോദവാക്കുകൾ പറയുക, അത്പോലെതന്നെ

കളവ്, പരദൂഷണം, ഏഷണി, കൂട്ടുകാരെയും മററു മുസ്ലിം സഹോദരങ്ങളെയും പരിഹസിക്കുക മുതലായവയിൽനിന്നെല്ലാം തൻെറ നാവിനെ കാത്തുസൂക്ഷിക്കണം. കൂട്ടുകാർക്ക ഉപകാരം ചെയ്തുകൊണ്ടിരിക്കുക, അവരെ ദ്രോഹിക്കാതിരിക്കുക, കഴിവിനനുസരിച്ച യുക്തിപൂർവ്വകമായും, സദുപദേശങ്ങളിലൂടെയും നല്ലതു് കൽപിക്കുകയും ചീത്ത വിരോധിക്കുകയും ചെയ്യുക–ഇവയിലും നിഷ്ഠ പാലിക്കണം,

## ഇഹ്റാം

മീഖാത്തിലെത്തുമ്പോൾ കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്യുന്നതു് സുന്നത്താണ്. നബി (സ.അ.) ഇഹ്റാമിൽ പ്രവേശിച്ചപ്പോൾ തുന്നിയ വസ്ത്രം അഴിച്ചു മാററുകയും കുളിച്ച സുഗന്ധം പൂശുകയും ചെയ്തിരുന്നു വെന്നു് സഹീഹായ ഹദീസുകളിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ബുഖാരിയും മുസ്ലിമുംകൂടി ഉദ്ധരിച്ച ഹദീസ് ഇപ്രകാരമാണ്. ആയിശഃ (റ) പറയുന്നു: ''നബി (സ.അ.) ഇഹ്റാമിൽ പ്രവേശിക്കുന്നതിന്നു് മുമ്പായി ഇഹ്റാമിന്നുവേണ്ടി അദ്ദേഹത്തിനു ഞാൻ സുഗന്ധം പൂശിക്കൊടുക്കാറുണ്ടായിരുന്നു. ഇഹ്റാമിൽനിന്നൊഴിവാകുന്നതിന്നു്വേണ്ടി ത്വവാഫിന്നു്മുമ്പും.''

## ഋതുമതികൾ എന്തുചെയ്യണം?

ആയിശഃ (റ) ഉംറഃക്കു് വേണ്ടിയായിരുന്നു ഇഹ്റാം ചെയ്തിരുന്നത്. അവർ ഋതുമതിയായപ്പോൾ കുളിച്ചുകൊണ്ട് ഹജ്ജിന്നുവേണ്ടി ഇഹ്റാം ചെയ്യാൻ – നബി (സ.അ.) അവരോടു കൽപിച്ചു.

അസ്മാ ബിൻത്തു ഉമൈസ്(റ)ദുൽഹുലൈഫയിൽ വെച്ച് പ്രസവിച്ചപ്പോൾ കുളിച്ച ഡ്രസ്സ്ചെയ്തുകൊണ്ട്

ഇഹ്റാമിൽ പ്രവേശിക്കാൻ നബി (സ.അ.) അവരോട് കല്പിച്ചു. ഇതിൽനിന്നു മനസ്സിലാകുന്നത് ആർത്തവകാരിയായിക്കൊണ്ടോ, പ്രസവം കഴിഞ്ഞ അവസ്ഥയിലോ മീഖാത്തിലെത്തിയാൽ കുളിച്ചതിന്നു് ശേഷം മററുള്ളവരോടൊപ്പം ഇഹ്റാമിൽ പ്രവേശിക്കണമെന്നാണ്. ത്വവാഫ് ഒഴികെ ഹാജിമാർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും അവർ ചെയ്യണം എന്നാണല്ലോ ആയിശഃ (റ) യോടും, അസ്മാ (റ) യോടും നബി (സ.അ.) കൽപിച്ചത്.

ഇഹ്റാമിൽ പ്രവേശിക്കുന്നവർ തങ്ങളുടെ മീശ, നഖം, കക്ഷത്തിലെയും ഗുഹ്യഭാഗത്തെയും രോമങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്. ഇഹ്റാമിൽ പ്രവേശിച്ചതിന്നു് ശേഷം അവയൊന്നും നീക്കം ചെയ്യാവുന്നതല്ല. ഇഹ്റാമിന്നു് മാത്രമല്ല മററവസരങ്ങളിലും അവ നീക്കം ചെയ്യുന്നത് സുന്നത്താണ്. അബൂഹുറയ്റഃ (റ) യിൽനിന്നുദ്ധരിക്കപ്പെട്ട ഒരു ഹദീസിൽ നബി (സ.അ.) ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''ശുദ്ധപ്രകൃതിയുടെ താൽപര്യം അഞ്ചുകാര്യങ്ങളാണ്: ചേലാകർമ്മം, ഗുഹ്യരോമം നീക്കൽ, മീശ വെട്ടൽ, നഖം മുറിക്കൽ, കക്ഷരോമം നീക്കൽ എന്നിവ.'' (ബുഖാരി. മുസ്ലിം)

അനസ് (റ) പറയുന്നു: മീശ വെട്ടുക, നഖം മുറിക്കുക, കക്ഷരോമം നീക്കുക, ഗുഹ്യരോമം നീക്കുക എന്നിവ നാൽപതു ദിവസത്തിലധികം നീട്ടിക്കൊണ്ടുപോകരുതെന്നു് മുസ്ലിംകൾക്ക് സമയം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. (മുസ്ലിം)

നസാഈ, അഹ്മദ്, അബൂദാവൂദ്, തിർമിദി എന്നിവരുടെ റിപ്പോർട്ടിൽ ''നബി (സ.അ.) ഞങ്ങൾക്ക് സമയനിർണ്ണയം ചെയ്തുതന്നിട്ടുണ്ട്'' എന്നു്തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

തലമുടിയെ സംബന്ധിച്ചേടത്തോളം സ്ത്രീയോ, പുരുഷനോ ഇഹ്റാമിന്ന് വേണ്ടി ഒന്നുംതന്നെ നീക്കംചെയ്യേണ്ടതായി ശറഇൽ ഇല്ല. എന്നാൽ താടി വടിക്കുന്നതോ, അതിൽനിന്നൽപമെങ്കിലും നീക്കംചെയ്യുന്നതോ ഇഹ്റാമിനെന്നല്ല ഏതവസരത്തിലും ഹറാമാണ്. എന്നുതന്നെയല്ല താടി നീട്ടിവളർത്തുകയാണ് വാജിബ്. ഇബ്നുഉമർ (റ) വിൽനിന്നു ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഇപ്രകാരമാണ്:

خَالِفُوا الْمُشْرِكِينَ وَفِّرُوا اللِّحَى وَأَحْفُوا الشَّوَارِبَ

നബി (സ.അ.) പറഞ്ഞു: ''മുശ്‌രിക്ക് (ബഹുദൈവ വിശ്വാസി) കളോടു നിങ്ങൾ എതിരായിരിക്കണം. താടി സമൃദ്ധമായി വളർത്തുകയും മീശ പററെവെട്ടുകയും ചെയ്യുക.''

''താടി നീട്ടുക, മീശവെട്ടുക, അഗ്നിയാരാധകരോട് (മജൂസികളോട്) നിങ്ങൾ എതിരായിരിക്കുക'' എന്ന് നബി (സ.അ.) പറഞ്ഞതായി അബൂഹുറയ്റഃ(റ)യിൽ നിന്ന് മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്. ഇക്കാലത്ത് അധികമാളുകളും ഈ സുന്നത്തിന്നെതിരായി പ്രവർത്തിക്കുകയും താടിയോട് സമരം പ്രഖ്യാപിക്കുകയും, അവിശ്വാസികളോടും സ്ത്രീകളോടും സാദൃശ്യം കാണിക്കുന്നതിൽ സംതൃപ്തരായിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് വമ്പിച്ചൊരാപത്തുതന്നെയാണ്. മത പണ്ഡിതന്മാരും അദ്ധ്യാപകരുമെല്ലാം ഇവരിൽ പെടുന്നുവെന്നതു് അതിഭയങ്കരംതന്നെ. إنا لله وإنا إليه راجعون നബി (സ.അ.) യുടെ സുന്നത്ത് മുറുകെ പിടിച്ചുകൊണ്ടു ജീവിതം നയിക്കാനും അതിലേക്കു ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുവാനും നമുക്കും മററു മുസ്‌ലിംകൾക്കും അല്ലാഹു അനുഗ്രഹം നൽ

കട്ടെ എന്നു് നമുക്കു് പ്രാർത്ഥിക്കാം. ജനങ്ങൾ ഭൂരിപക്ഷവും അതിഷ്ടപ്പെട്ടില്ലെങ്കിലും ശരി. നമുക്കല്ലാഹുവിൻെറ തൃപ്തി മതി.

حسبنا الله ونعم الوكيل ولا حول و لا قوة إلا بالله العلى العظيم

## ഇഹ്റാമിൻെറ വസ്ത്രം

പിന്നീടു് പുരുഷനാണെങ്കിൽ ഒരു തുണിയും തട്ടവും അണിയണം. അവ വെളുത്തതും, വൃത്തിയുള്ളതുമായിരിക്കലാണു് നല്ലതു്. ചെരിപ്പണിയുന്നതും സുന്നത്തു തന്നെ. നബി (സ.അ.) പറയുന്നതു് കാണുക:

وليحرم أحدكم فى إزار ورداء ونعلين

''തുണിയും തട്ടവും രണ്ടു ചെരിപ്പും അണിഞ്ഞുകൊണ്ടാണു് നിങ്ങളോരോരുത്തരും ഇഹ്റാമിൽ പ്രവേശിക്കേണ്ടതു്.'' (അഹ്മദ്)

എന്നാൽ സ്ത്രീക്കു് അവളുടെ ഇഷ്ടംപോലെ കറുത്തതോ, പച്ചയോ, മറ്റെന്തെങ്കിലും നിറത്തിലുള്ളതോ ആയ വസ്ത്രമണിഞ്ഞുകൊണ്ടു് ഇഹ്റാമിൽ പ്രവേശിക്കാം. പുരുഷ വേഷം അനുകരിക്കുന്നതും സൂക്ഷിക്കുകതന്നെ വേണം. സ്ത്രീ പച്ചവസ്ത്രമണിഞ്ഞേ ഇഹ്റാമിൽ പ്രവേശിക്കാവൂ എന്ന ചിലയാളുകളുടെ ധാരണക്കു് ഒരടിസ്ഥാനവുമില്ല.

## നിയ്യത്ത്

കുളിച്ചു വൃത്തിയായി ഇഹ്റാമിൻെറ വസ്ത്രമെല്ലാമണിഞ്ഞതിനു് ശേഷം താൻ ഉദ്ദേശിക്കുന്ന കർമ്മം ഹജ്ജോ ഉംറയോ ഏതാണെങ്കിൽ അതിൽ പ്രവേശിക്കുന്നു എന്നു് മനസ്സിൽ കരുതണം. നബി (സ. അ.) പറയുന്നു:

إنّما الأعمالُ بالنيات وإنّما لكلّ امرئ ما نوى

''നിയ്യത്തുകൾക്കനുസരിച്ച് മാത്രമാണ് കർമ്മങ്ങൾ. ഓരോ മനുഷ്യനും താനുദ്ദേശിച്ചതിന്ന് മാത്രമേ അവകാശമുള്ളു.'' (കർമ്മങ്ങളുടെ പ്രതിഫലങ്ങൾ ഉദ്ദേശമനുസരിച്ചു മാത്രമായിരിക്കും) മനസ്സുകൊണ്ടു കരുതുന്നത് ഇവിടെ നാവുകൊണ്ട് ഉരുവിടുകയും വേണം. ഉംറഃയാണുദ്ദേശമെങ്കിൽ لَبَّيْكَ عُمْرَةً എന്നോ اَللّٰهُمَّ لَبَّيْكَ عُمْرَةً എന്നോ പറയണം. ''അല്ലാഹുവേ, ഉംറഃ നിർവ്വഹിച്ചുകൊണ്ട് നിന്റെ വിളിക്ക് ഞാനിതാ ഉത്തരം ചെയ്യുന്നിരിക്കുന്നു.'' എന്ന് സാരം. ഇനി ഹജ്ജാണുദ്ദേശ്യമെങ്കിൽ لَبَّيْكَ حَجًّا എന്നോ اَللّٰهُمَّ لَبَّيْكَ حَجًّا എന്നോ പറയണം. ''അല്ലാഹുവേ, ഹജ്ജ് നിർവ്വഹിച്ചുകൊണ്ട് നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നല്കിയിരിക്കുന്നു'' എന്നർത്ഥം.

നബി (സ.അ.) അങ്ങിനെ ചെയ്തുകൊണ്ടാണങ്ങിനെ ഉരുവിടണമെന്ന് പറയുന്നത്. മൃഗമോ, കാറോ പോലെയുള്ള വാഹനങ്ങളിൽ കയറിയിരുന്നതിന്ന്ശേഷം അങ്ങനെ ഉരുവിടുന്നതാണ് ഏററവും ശ്രേഷ്ഠമായിട്ടുള്ളത്. എന്ത്കൊണ്ടെന്നാൽ നബി (സ.അ.) തന്റെ വാഹനപ്പുറത്ത് കയറിയിരുന്ന് മീഖാത്തിൽനിന്ന് അത് നടന്ന് നീങ്ങിയതിനു ശേഷമാണ് തൽബിയത്ത് ചൊല്ലിത്തുടങ്ങിയത്. പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ ഏററവും ശരിയായിട്ടുള്ളതും അതുതന്നെ.

നിയ്യത്ത് ഉരുവിടുന്നത് ഇഹ്റാമിൽ മാത്രമല്ലാതെ മറെറാരവസരത്തിലും സുന്നത്തല്ല. നബി (സ.അ.)യിൽ നിന്ന് അത്രമാത്രമേ തെളിഞ്ഞിട്ടുള്ളു. നമസ്കാരം,ത്വവാഫ്

തുടങ്ങിയ മററു കർമ്മങ്ങളിലൊന്നും നിയ്യത്തു നാവുകൊണ്ടു ഉരുവിട്ടുകൂടാത്തതാണ്. نَوَيْتُ أَنْ أُصَلِّيَ كَذَا وَكَذَا എന്നോ نَوَيْتُ أَنْ أَطُوفَ كَذَا എന്നോ (ഞാൻ ഇന്ന നമസ്കാരം ഉദ്ദേശിക്കുന്നു, ഞാൻ ത്വവാഫ് കരുതുന്നു) പറയാവുന്നതല്ല. എന്ന്മാത്രമല്ല അങ്ങനെ ഉരുവിടുന്നത് മതത്തിൽ പുതിയ നിർമ്മിതിയാണ്. അതു് ഉറക്കെ ഉച്ചരിക്കുന്നത് ഏററവും ചീത്തയും കടുത്ത പാപവുമത്രെ. നിയ്യത്തു് ഉരുവിടുന്നത് ശറഇയ്യായ ഒരാവശ്യമായിരുന്നെങ്കിൽ നബി (സ.അ.) വാക്ക്കൊണ്ടും പ്രവൃത്തികൊണ്ടും സമുദായത്തിന്നതു് വിവരിച്ചു വ്യക്തമാക്കികൊടുക്കുമായിരുന്നു. സലഫുസ്സാലിഹുകൾ മററാരെക്കാളും മുമ്പ് അത് ആചരിക്കുമായിരുന്നു.

നബി (സ.അ.) യിൽനിന്നോ, അവിടുത്തെ സഹാബികളിൽനിന്നോ ഉദ്ധരിക്കപ്പെടാത്തതിനാൽ അത് ബിദ്അത്താണെന്നു് വ്യക്തമാണല്ലോ. നബി(സ.അ.) പറയുന്നത് നോക്കൂ: وشر الأمور محدثاتها وكل بدعة ضلالة "കാര്യങ്ങളിൽവെച്ചു ചീത്തയായിട്ടുള്ളതു് പുത്തനാചാരങ്ങളാണ്. ബിദ്അത്തുകൾ (മതത്തിലെ പുതിയ നിർമ്മിതികൾ) എല്ലാം വഴികേടും." (മുസ്ലിം)

## മീഖാത്തുകൾ

മീഖാത്തുകൾ അഞ്ചെണ്ണമാണ്: 1 മദീനക്കാരുടെ മീഖാത്തായ "ദുൽഹുലൈഫഃ". "അബ്യാറുഅലി" എന്നാണ് അതിൻെറ ഇന്നത്തെ പേരു്.

2 സിറിയക്കാരുടെ മീഖാത്തായ "അൽജുഹ്ഫഃ" റാബഗിന്നടുത്തുള്ള ജനവാസമില്ലാത്തൊരു ഗ്രാമമാണ്.

ഇന്നു് റാബഗിൽവെച്ചാണ് ആളുകൾ ഇഹ്റാംകെട്ടുന്നതു്. ഇഹ്റാം റാബഗിൽവെച്ചായാലും മീഖാത്തിൽ വെച്ചു് തന്നെ. കാരണം റാബഗ് സ്ഥിതിചെയ്യുന്നത് അൽജ്ജ ഹ്ഫഃയുടെ അല്പം മുമ്പിലായിട്ടാണ്.

3 നജ്ദ്കാരുടെ മീഖാത്തായ 'ഖർനുൽമനാസിൽ' 'സൈൽ' എന്ന പേരിലാണ് ഇന്നു് ആ സ്ഥലം അറിയപ്പെടുന്നത്.

4 യമൻകാരുടെ മീഖാത്തായ ''യലംലം''

5 ഇറാഖുകാരുടെ മീഖാത്തായ ''ദാത്തുഇർഖ്''

ഈ മീഖാത്തുകൾ മുൻ പറഞ്ഞ നാട്ടുകാർക്കും ഹജ്ജിന്നും, ഉംറഃക്കുമായി അവയിലൂടെ കടന്നുവരുന്ന മററു നാട്ടുകാർക്കും നബി (സ.അ.) നിശ്ചയിച്ചുകൊടുത്തിട്ടുള്ളതാണ്. അത്കൊണ്ടു് ആ മീഖാത്തുകൾവഴി കടന്നുപോകുന്നവർ അവിടെവെച്ചുതന്നെ ഇഹ്റാമിൽ പ്രവേശിക്കുന്നതു നിർബ്ബന്ധമാണ്. ഹജ്ജിന്നോ, ഉംറഃക്കോ മക്കയിലേക്കു് പോകുന്നവർ ഇഹ്റാമോടുകൂടിയല്ലാതെ ആ മീഖാത്തുകളിലൂടെ കടന്നുപോകുന്നതു ഹറാമാണ്. യാത്ര ഭൂമിയിലൂടെയായാലും, ആകാശത്തുകൂടിയായാലും ശരി. നബി (സ.അ.) ആ മീഖാത്തുകൾ നിശ്ചയിച്ചുകൊണ്ടു് പറഞ്ഞ വാക്കുകളുടെ പൊതു താല്പര്യം അതുതന്നെയാണ്. ''അവ അവിടത്തുകാർക്കും അവയിലൂടെ ഹജ്ജും, ഉംറഃയും ഉദ്ദേശിച്ചു് കടന്നുവരുന്ന മററുള്ളവർക്കും ഉള്ള മീഖാത്തുകളാണ്.''

വിമാനമാർഗ്ഗം ഹജ്ജോ, ഉംറഃയോ ഉദ്ദേശിച്ചു മക്കയിലേക്ക് പുറപ്പെടുന്നവർ വിമാനം കയറുന്നതിന്നു് മുമ്പു തന്നെ കുളി മുതലായതെല്ലാം കഴിച്ചു അതിന്നൊരുങ്ങേണ്ടതാണ്. മീഖാത്തിനോടടുത്താൽ ഇഹ്റാമിന്റെ തുണിയും തട്ടവുമണിഞ്ഞു ഉംറഃക്കു്വേണ്ടി തൽബിയത്തു് ചൊ

ല്ലണം. ഹജ്ജിൻെറ മുമ്പായി ഉംറഃ നിർവ്വഹിക്കാനുള്ള സമയം കിട്ടുമെങ്കിൽ മാത്രമേ അങ്ങനെ ചെയ്യാവൂ.

അങ്ങനെയല്ലെങ്കിൽ ഹജ്ജിന്ന് വേണ്ടിയായിരിക്കണം തൽബിയത്ത് ചൊല്ലുന്നത്. വാഹനം കയറുന്നതിന്ന് മുമ്പോ മീഖാത്തിലെത്തുന്നതിന്ന് മുമ്പോ ഇഹ്റാമിൻെറ തുണിയും തട്ടവുമണിയുന്നതിന്ന വിരോധമില്ല. എന്നാൽ മീഖാത്തിനോടടുക്കുകയോ, അതിൻെറ നേരെ എത്തുകയോ ചെയ്താൽ മാത്രമേ കർമ്മത്തിൽ പ്രവേശിക്കുന്നുവെന്ന് കരുതുകയോ തൽബിയത്ത് ചൊല്ലുകയോ ആകാവൂ. കാരണം നബി (സ.അ.) മീഖാത്തിൽനിന്ന് മാത്രമേ ഇഹ്റാമിൽ പ്രവേശിച്ചിരുന്നുള്ളു. മററെല്ലാ കാര്യങ്ങളേയുംപോലെ ഇതിലും നബി (സ.അ.) യുടെ മാതൃക പിൻപററുകയാണ് സമുദായത്തിന്ന് നിർബന്ധമായിട്ടുള്ളത്. അല്ലാഹു പറയുന്നത് നോക്കുക:—

لَقَدْ كَانَ لَكُمْ فِي رَسُولِ اللهِ أُسْوَةٌ حَسَنَةٌ

''അല്ലാഹുവിൻെറ റസൂലിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്.''

ഹജ്ജത്തുൽ വദാഇൽ നബി (സ.അ.) പറഞ്ഞതിപ്രകാരമാണ്: ''خُذُوا عَنِّي مَنَاسِكَكُمْ നിങ്ങളുടെ കർമ്മങ്ങൾ എന്നോട് പഠിക്കുക''

ഹജ്ജോ, ഉംറഃയോ ഉദ്ദേശമില്ലാതെ കച്ചവടം, വിറക് എത്തിച്ചുകൊടുക്കൽ, തപാൽ വിതരണംപോലെയുള്ള ആവശ്യത്തിന്നായി മക്കയിലേക്കു പോകുന്നവർക്ക് ഇഹ്റാം ആവശ്യമില്ല. താല്പര്യം തോന്നുന്നുവെങ്കിൽ മാത്രം ചെയ്യാവുന്നതാണ്. മീഖാത്തുകളെ വിവരിച്ചുകൊണ്ട് നബി (സ.അ.) പറഞ്ഞ മുകളിൽ കൊടുത്ത ഹദീസ്

വ്യക്തമാക്കുന്നതും അതുതന്നെയാണ്. അവ ആ നാട്ടകാക്കും,ഹജ്ജും ഉംറ:യും കരുതി ആ വഴിക്ക കടന്നുവരുന്നവക്കും'' എന്നത്രെനബി(സ.അ.) പറഞ്ഞത്. ഹജ്ജും ഉംറ:. യും ഉദ്ദേശമില്ലാതെ മീഖാത്തുകളിലൂടെ കടന്നുവരുന്നവക്ക ഇഹ്റാം നിർബ്ബന്ധമില്ലെന്ന് സാരം. ഇത് അല്ലാഹ്ഹു തൻെറ അടിമകാംക്ക് ചെയ്ത് കൊടുത്ത അനുഗ്രഹവും സൌകര്യവുമത്രെ. അതിന്നവന്ന് സ്തുതിയും നന്ദിയും!

നബി (സ.അ) മക്ക: ജയിച്ചടക്കുന്നതിന്ന്വേണ്ടി മക്കയിൽ വന്നപ്പോാം ഇഹ്റാമോടുകൂടിയായിരുന്നില്ല, തലയിൽ പടത്തൊപ്പി ധരിച്ചുകൊണ്ടായിരുന്നു വന്നത്. അന്നേരം ഉംറ:യോ, ഹജ്ജോ അദ്ദേഹത്തിൻെറ ലക്ഷ്യമായിരുന്നില്ല. മക്ക: ജയിച്ചടക്കി അവിടെയുള്ള ശിക്കകാം തുടച്ചുമാററുകയായിരുന്നു ഉദ്ദേശം. ഈ സംഭവം മേൽ പ്രസ്താവിച്ചതിനെ ബലപ്പെടുത്തുന്നുണ്ട്.

മീഖാത്തുകാംക്കുള്ളിൽ, ജിദ്ദ:, ഉമ്മുസ്സലം, ബഹ്റ:, അശ്ശുറായിഉ്, ബദ്ർ, മസ്ത്തൂറ: പോലെയുള്ള സ്ഥലവാസികാംക്ക് മുകളിൽ പറഞ്ഞ അഞ്ചിലേതെങ്കിലുമൊരു മീഖാത്തിൽ പോയി ഇഹ്റാം കെട്ടേണ്ടതില്ല. അവൻെറ വീട തന്നെയാണവൻെറ മീഖാത്ത്. ഹജ്ജോ, ഉംറ: യോ ഏതാണ് താനുദ്ദേശിക്കുന്നതെങ്കിൽ അതിന്നവിടെ നിന്ന് ഇഹ്റാം കെട്ടിയാൽത്തന്നെ മതി. മീഖാത്തിന്ന് പുറത്ത് സ്വന്തമായി വീടുണ്ടെങ്കിൽ അയാാംക്കിഷ്ടംപോലെ ചെയ്യാവുന്നതാണ്. മീഖാത്തിൽവെച്ചും ഇഹ്റാമിൽ പ്രവേശിക്കാം, മക്കയോടടുത്ത തൻെറ വീട്ടിൽവെച്ചും ഇഹ്റാമിൽ പ്രവേശിക്കാം. മീഖാത്തുകാം വിവരിച്ചുകൊണ്ട് ഇബ്നുഅബ്ബാസ് ഉദ്ധരിച്ച നബിവചനത്തിൻെറ പൊതുവെയുള്ള സൂചന അതാണ്. നബി (സ.അ.) പറഞ്ഞു:

وَمَنْ كَانَ دُونَ ذَالِكَ فَمُهَلُّهُ مِنْ أَهْلِهِ حَتَّى أَهْلَ مَكَّةَ يُهِلُّونَ مِنْ مَكَّةَ (اخرجه البخارى ومسلم)

അവയ്ക്കിപ്പുറമുള്ളവരുടെ മീഖാത്ത് അവരുടെ വീട്ടു തന്നെയാണ്. മക്കക്കാർ മക്കയിൽവെച്ചുതന്നെ ഇഹ്റാമിൽ പ്രവേശിച്ചാൽ മതി'' (ബുഖാരി, മുസ്ലിം).

എന്നാൽ 'ഹറമി'നുള്ളിൽ താമസിക്കുന്ന ഒരാൾ ഉംറ: ചെയ്യാനുദ്ദേശിച്ചാൽ ഹറമിൻെറ പുറത്ത്പോയി ഇഹ്റാം കെട്ടേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ ആയിശ: (റ) തനിക്കും ഉംറ: ചെയ്യണമെന്ന് നബി(സ.അ.) യോടാവശ്യപ്പെട്ടപ്പോൾ, അവരുടെ സഹോദരൻ അബ്ദുർ റഹ്മാനോ (റ) ട് ആയിശ:യെയുംകൊണ്ട് ഹറമിൻെറ പുറത്ത്പോയി ഇഹ്റാം കെട്ടിവരുവാൻ നബി (സ) നിർദ്ദേശിക്കുകയുണ്ടായി. ഈ ഹദീസ്കൊണ്ട് ഹറമിൽ വെച്ചു ഉംറ: ചെയ്യാനുദ്ദേശിക്കുന്നവൻ ഹറമിന്ന് പുറത്തു പോയി ഇഹ്റാംകെട്ടി വരികതന്നെ വേണം എന്നു തെളിയുന്നു. മുമ്പ്പറഞ്ഞ ഇബ്നു അബ്ബാസി (റ) ൻെറ ഹദീസിലെ ''മക്കക്കാർ മക്കയിൽനിന്ന് ഇഹ്റാം കെട്ടണം'' എന്ന നബി (സ.അ.) യുടെ പ്രസ്താവനകൊണ്ട് ഹജ്ജ് മാത്രമാണുദ്ദേശിച്ചിട്ടുള്ളത്, ഉംറ:യല്ല എന്ന് ഈ ഹദീസ്കൊണ്ട് മനസ്സിലാക്കാം. ഹറമിൽവെച്ച് ഉംറ:ക്ക് ഇഹ്റാം കെട്ടുന്നത് അനുവദനീയമായിരുന്നുവെങ്കിൽ ആയിശ: (റ) യോട് ഹറമിൻെറ പുറത്ത്പോയി ഇഹ്റാം കെട്ടാൻ നിർബ്ബന്ധിക്കുമായിരുന്നില്ല. അവിടെ വെച്ച്തന്നെ ഇഹ്റാം കെട്ടാനനുവദിക്കുമായിരുന്നു. ഇത് വളരെ വ്യക്തമായ ഒരു കാര്യമാണ്. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായവും ഇത്തന്നെയാണ്. ഒരു മുഉ്മിനിന്ന് സ്വീകരിക്കാവുന്ന പകുമായ മാർഗ്ഗവുമി

താണ്. ഇരുഹദീസുകളുടേയും അടിസ്ഥാനത്തിൽ പ്രവ ർത്തിക്കാനുള്ള അവസരം ഇത്കൊണ്ട് ലഭിക്കും. والله الموفق

എന്നാൽ ഇന്നു പലരും ചെയ്യുന്നപോലെ ഹജ്ജിന്നു മുമ്പ് ഉം:റ: നിർവ്വഹിച്ചവർ ഹജ്ജിന്ന്ശേഷം തൻഈമി ലോ (تنعيم) ജിഇർറാന: (جعرانة) യിലോ, മറ്റോ പോയി ധാരാളമായി ഉം:റ: ചെയ്തുകൊണ്ടിരിക്കുന്നതിന്നു യാതൊരടിസ്ഥാനവുമില്ല. അങ്ങനെ ചെയ്യാതിരിക്കുന്ന താണ് ഏററവും ശ്രേഷ്ഠമായിട്ടുള്ളത് എന്നതിന്നാണ് തെ ളിവുകളുടെ പിൻബലമുള്ളത്. എന്ത്കൊണ്ടെന്നാൽ നബി (സ.അ.) യും സഹാബത്തും (റ) ഹജ്ജിന്ന്ശേഷം ഉം:റ: ചെയ്തിട്ടില്ല. ആയിശ (റ) മക്കയിൽ പ്രവേശിച്ച പ്പോൾ ഋതുമതിയായ കാരണത്താൽ മററുള്ളവരോടൊ പ്പം ഉം:റ: ചെയ്തിരുന്നില്ല. എന്നാൽ മീഖാത്തിൽവെച്ച് അവർ ഉം:റ:ക്ക് ഇഹ്റാം കെട്ടിയിരുന്നതാണ്. അതി ന്നു പകരം ഉം:റ: നിർവ്വഹിക്കണമെന്ന് നബി (സ.അ.) യോടവർ ആവശ്യപ്പെട്ടതനുസരിച്ച് നബി (സ.അ.) സ മ്മതിച്ചത്കൊണ്ടുമാത്രമാണവർ തൻഈമിൽ പോയി ഇ ഹ്റാമിൽ പ്രവേശിച്ച ഉം:റ: നിർവ്വഹിച്ചത്. അത്കൊ ണ്ടവർക്ക് രണ്ട് 'ഉം:റ' കിട്ടി. ഒന്ന്: ഹജ്ജിനോടൊപ്പമുള്ള ത് , രണ്ട്: ഹജ്ജിന്ന്ശേഷം ഒററക്ക്ചെയ്ത ഈ ഉം:റ:യും. ആയിശ: (റ) ക്ക് നേരിട്ടതുപോലുള്ള പ്രതിബന്ധങ്ങൾ ആർക്കെങ്കിലും നേരിട്ടാൽ അത്തരക്കാർക്ക് ഇപ്രകാരം ഉം:റ: നിർവ്വഹിക്കാമെന്നതിന്ന് മാത്രമാണ് തെളിവുകളുടെ പിൻബലമുള്ളത്. മുസ്ലി കൾക്കതൊരു സൌകര്യം കൂടിയാണല്ലോ.

എന്നാൽ, മക്കയിൽ പ്രവേശിക്കുന്നതോടൊപ്പം ഉം:റ: നിർവ്വഹിച്ചിട്ടുള്ള ഹാജിമാർ ഹജ്ജിന്നശേഷം തുടർച്ചയാ

യി ഉം൦: ചെയ്യുകൊണ്ടിരിക്കുന്നതു് എല്ലാവർക്കും വിഷമം സൃഷ്ടിക്കുകയും തിക്കും തിരക്കും കൂടി അപകടങ്ങൾക്കിടയാക്കുകയും ചെയ്യുന്നു എന്നു മാത്രമല്ല നബി (സ.അ.) യുടെ ചര്യക്കു് അതെതിരായി ഭവിക്കുകയുംകൂടി ചെയ്യുന്നു എന്നതിന്നു യാതൊരു സംശയവുമില്ല. والله الموفق

[ആയിശ (റ) യുടെ കൂടെപ്പോയ സഹോദരൻ അബ്ദുറഹ്മാൻ (റ) ഉം൦: ചെയ്തില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാകുന്നു. — പരിഭാഷകൻ.]

## മീഖാത്തിലെ രണ്ടവസ്ഥ

മീഖാത്തിലെത്തുന്നവക്കു രണ്ടവസ്ഥയുണ്ടാകാം. ഒന്നു്: റമസാൻ, ശഅ്ബാൻ പോലെയുള്ള ഹജ്ജിന്റേതല്ലാത്ത മാസങ്ങളിൽ മീഖാത്തിലെത്തുക. അങ്ങനെയുള്ളവർ ഉം൦:ക്കു് ഇഹ്റാം കെട്ടണം എന്നതാണു് സുന്നത്തു്. അഥവാ അത് മനസ്സിൽ കരുതി لَبَّيْكَ عُمْرَةً എന്നോ اَللّٰهُمَّ لَبَّيْكَ عُمْرَةً എന്നോ നാവുകൊണ്ടുരുവിടണം. പിന്നെ നബി (സ.അ.)യുടെ തൽബിയത്തു് ചൊല്ലണം. അതായതു് لَبَّيْكَ اللّٰهُمَّ لَبَّيْكَ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ

(അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്കു് ഞാനുത്തരം നൽകിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്കു്, രാജാധികാരവും നിനക്കുതന്നെ തീർച്ച. നിനക്കു

പങ്കാളികളായി ആരുംതന്നെയില്ല.) കഅ്ബയിലെത്തു വോളം ഈ തൽബിയത്ത് ധാരാളമായി ചൊല്ലികൊണ്ടിരിക്കുകയും, കൂടുതലായി അല്ലാഹുവെ സ്മരിച്ചുകൊണ്ടിരിക്കുകയും വേണം. [പുരുഷന്മാർ ഉച്ചത്തിലും സ്ത്രീകൾ പതുക്കെയുമാണ് തൽബിയത്ത് ചൊല്ലേണ്ടത്— പരിഭാഷകൻ]. അങ്ങനെ കഅ്ബ: യിലെത്തിക്കഴിഞ്ഞാൽ തൽബിയത്ത് നിർത്തി ഏഴ് തവണ കഅബ:യെ ത്വവാഫ് (പ്രദക്ഷിണം) ചെയ്യണം. പിന്നെ മഖാമിൻെറ പിന്നിൽവെച്ച് രണ്ട് ''റക്അത്ത്'' നമസ്കരിക്കണം. പിന്നീട് ''സ്വഫാ'' യുടെയും''മർവ:''യുടെയും ഇടയ്ക്ക് ഏഴ് തവണ ''സഉ്യ്'' നടത്തണം. പിന്നീട് തലമുടി കളയുകയോ വെട്ടുകയോ വേണം. ഇതോടുകൂടി ഉംറ: പൂർത്തിയാകുകയും ഇഹ്റാം കൊണ്ട ഹറാമായിരുന്നതെന്തെല്ലാമോ അതെല്ലാം ഇതോടുകൂടി ഹലാലാകുകയും ചെയ്യും.

രണ്ട്: ശവ്വാൽ, ദുൽഖഉ്ദ:, ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിവസം എന്നീ ഹജ്ജിൻെറ മാസങ്ങളിൽ മീഖാത്തിലെത്തുക. അത്തരക്കാർ താഴെ പറയുന്ന മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കേണ്ടതാണ്. ഒന്നുകിൽ ഹജ്ജ് മാത്രം, അല്ലെങ്കിൽ ഉംറ: മാത്രം. അതുമല്ലെങ്കിൽ ഹജ്ജും ഉംറ:യുംകൂടി. എന്തുകൊണ്ടെന്നാൽ നബി (സ. അ.) ഹജ്ജത്തുൽവദാഇന്നായി ദുൽഖഅ്ദ: യിൽ മീഖാത്തിലെത്തിയപ്പോൾ അവിടുത്തെ സഹാബത്തിന്ന് ഈ മൂന്നുവിധം കർമ്മരീതികളിലൊന്ന് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നല്കുകയുണ്ടായി. ഇത്തരക്കാരും ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്നിട്ടില്ലെങ്കിൽ ഉംറ:ക്ക് ഇഹ്റാം കെട്ടുക മാത്രമേ ചെയ്യാവൂ. ഹജ്ജിൻെറതല്ലാത്ത മാസങ്ങളിൽ മീഖാത്തിലെത്തിയവർ ചെയ്യുന്ന പോലെയെല്ലാം അവരും ചെയ്യണം. എന്തുകൊണ്ടെന്നാൽ നബി(സ.അ.)യുടെസ്വഹാബത്ത് മക്കയിലെത്താ

റായപ്പോൾ അവരോട് ഇഹ്റാം ഉംറ:യുടേതാക്കിമാററാനാണ് കല്പിച്ചത്. മക്കയിലെത്തിയപ്പോൾ നബി (സ) അവരെ അതിന്ന് നിർബ്ബന്ധിക്കുകയുണ്ടായി. അങ്ങനെ അവർ ത്വവാഫും സഅ്യും കഴിഞ്ഞശേഷം മുടിവെട്ടുകയും നബി(സ.അ.)യുടെ കല്പനപ്രകാരം ഹലാലാകുകയും ചെയ്തു. എന്നാൽ ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്നവരോട് يوم النحر ൽ (അറവുനാൾ) ഇഹ്റാമിൽനിന്ന് ഒഴിവാകുന്നത് വരെ ഇഹ്റാമിൽത്തന്നെ കഴിഞ്ഞുകൂടാനാണ് നബി(സ) കല്പിച്ചത്.

ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്നവർ ഹജ്ജിന്നും ഉംറ:ക്കും ഒന്നായി ഇഹ്റാം കെട്ടണമെന്നതാണ് സുന്നത്ത്. നബി(സ.അ.)അങ്ങനെയാണ് ചെയ്തത്.അദ്ദേഹം ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ബലിമൃഗത്തെ കൂടെ കൊണ്ടുവരികയും ഉംറഃക്ക മാത്രം ഇഹ്റാം കെട്ടുകയും ചെയ്തവരോട് ഉംറഃയോടൊപ്പം ഹജ്ജിന്നുംകൂടി ഇഹ്റാം കെട്ടുവാനും അറവുനാളിൽ രണ്ടിൽനിന്നുംകൂടി ഒഴിവാകുവാനുമാണ് നബി (സ.അ.) കല്പിച്ചത്. ബലിമൃഗത്തെ കൂടെ കൊണ്ടുവന്നവർ ഹജ്ജിന്ന് മാത്രമേ ഇഹ്റാംകെട്ടിയിരുന്നുള്ളുവെങ്കിൽ അറവുനാൾവരെ ഖാരിന (قارن) കളെപ്പോലെ ഇഹ്റാമിൽത്തന്നെ കഴിഞ്ഞുകൂടിയശേഷം ഇഹ്റാമിൽനിന്ന് ഒഴിവാകാനാണ് നബി (സ അ.) നിർദ്ദേശിച്ചത്. (ഹജ്ജിന്നും ഉംറഃക്കുംകൂടി ഒപ്പം ഇഹ്റാംകെട്ടിയ ആളാണ് ഖാരിൻ എന്ന് പറയുന്നത്.)

ഹജ്ജിന്ന് മാത്രമോ, ഹജ്ജിന്നും ഉംറഃക്കുംകൂടിയോ ഇഹ്റാം കെട്ടുകയും എന്നാൽ ബലിമൃഗത്തെ കൂടെകൊണ്ടു വരാതിരിക്കുകയും ചെയ്തവരെ സംബന്ധിച്ചേടത്തോളം അവർ ഇഹ്റാമിൽ തുടരുകയല്ല, മറിച്ച ഇഹ്റാം ഉംറയുടേതാക്കി മാററിയിട്ട് ത്വവാഫും സഅ്യും കഴിച്ച് മുടിമുറിച്ച് ഇഹ്റാമിൽനിന്ന് ഒഴിവാകുകയാണ് വേണ്ട

തെന്നും അതാണ് സുന്നത്തെന്നും മേൽ വിസ്തരിച്ചതിൽ നിന്ന് മനസ്സിലാക്കാം. ബലിമൃഗങ്ങളെ കൂടെ കൊണ്ടു വരാത്ത സഹാബികളോട് നബി (സ.അ.) കല്പിച്ചത് അങ്ങനെയായിരുന്നു. എന്നാൽ വൈകിയെത്തിയത് മൂലം ഹജ്ജ് കിട്ടാതെ പോകുമെന്നു ഭയപ്പെടുന്നവർക്ക് തങ്ങളുടെ ഇഹ്റാമിൽതന്നെ തുടരാം. الله أعلم

## ഇഹ്റാമിന്റെ നിബന്ധന

രോഗം, ശത്രുഭയംപോലെയുള്ള കാരണങ്ങളാൽ ഹജ്ജ് നിർവ്വഹിക്കാൻ സാധിക്കുകയില്ലെന്നു ഭയപ്പെടുന്നവർക്ക് ''എവിടെയെങ്കിലും വെച്ച് എനിക്കു വല്ല തടസ്സവും നേരിട്ടാൽ അവിടെവെച്ച ഞാൻ ഇഹ്റാമിൽനിന്ന് ഒഴിവാകും'' എന്ന് പറഞ്ഞുകൊണ്ട്തന്നെ ഇഹ്റാമിൽ പ്രവേശിക്കുന്നതാണ് നല്ലത്. ദുബാഅത്തു് ബിൻതു സുബൈർ (റ) നബി(സ.അ.)യോടിപ്രകാരം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, എനിക്കു ഹജ്ജിന്നുദ്ദേശമുണ്ട്, ഞാൻ രോഗിയുമാണ്. എന്തു ചെയ്യണം? നബി(സ.അ.) മറുപടി നൽകി: 'തടസ്സമുണ്ടാകുന്നേടത്ത്‌വെച്ച് ഞാൻ ഇഹ്റാമിൽനിന്ന് ഒഴിവാകുമെന്ന' നിബന്ധനയോടുകൂടി നീ ഹജ്ജിന്ന് ഇഹ്റാംകെട്ടുക (ബു.മു.) ഈ നിബന്ധനയോടെ ഹജ്ജിന്നായി ഇഹ്റാമിൽ പ്രവേശിച്ച ആൾക്ക് രോഗമോ, ശത്രുക്കളുടെ തടസ്സമോ കാരണം ഹജ്ജ് പൂർത്തിയാക്കാൻ സാധിക്കാതെവന്നാൽ അയാൾക്ക് അപ്പോൾ ഇഹ്റാമിൽനിന്ന് ഒഴിവാകാമെന്നും അയാൾ പ്രായശ്ചിത്തമായി ഒന്നും ചെയ്യേണ്ടതില്ലെന്നും ഈ ഹദീസ്‌കൊണ്ടു മനസ്സിലാക്കാം.

## കുട്ടികളുടെ ഹജ്ജ്

ബാലികാ ബാലന്മാരുടെ ഹജ്ജ് സ്വീകാര്യമാണെന്ന് താഴെ പറയുന്ന നബിവചനങ്ങൾകൊണ്ട് ഗ്രഹി

ക്കാം. ഇബ്നു അബ്ബാസ് (റ) പറയുകയാണ്: ഒരു സ്ത്രീ തന്റെ ചെറിയ കുട്ടിയെഎടുത്ത് പൊക്കിക്കാണിച്ചുകൊണ്ട് നബി (സ.അ.) യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഈ കുട്ടിക്ക് ഹജ്ജ് വേണ്ടതുണ്ടോ? നബി (സ.അ.)പറഞ്ഞു:''ഉണ്ട്. പ്രതിഫലം നിനക്കും''(മുസ്ലിം)

എനിക്ക് ഏഴുവയസ്സുള്ളപ്പോൾ എന്നെയും കൊണ്ടുപോയി നബി(സ.അ.)യുടെ കൂടെ ഹജ്ജ്ചെയ്തു. എന്ന് സായിബ്നുയസീദ് (റ) പറഞ്ഞതായി ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

പക്ഷെ ഇസ്ലാമിൽ നിർബ്ബന്ധമായിട്ടുള്ള ഹജ്ജ് ഇതുംകൊണ്ട് വീടുകയില്ല. ഇപ്രകാരം തന്നെ അടിമകളായ സ്ത്രീപുരുഷന്മാരുടെ ഹജ്ജ് ശരിയാകുമെങ്കിലും ഇസ്ലാമിലെ നിർബ്ബന്ധമായ ഹജ്ജ് അതുകൊണ്ട് വീടുകയില്ല. ഇബ്നു അബീശൈബഃ(റ)യും ബൈഹഖി(റ)യും ശരിയായ സനദിലൂടെ ഇബ്നുഅബ്ബാസിൽനിന്നു ഉദ്ധരിച്ച ഒരു ഹദീസ് ഇപ്പറഞ്ഞതിന്ന് തെളിവാണ്. നബി(സ.അ.) പറഞ്ഞു:പ്രായപൂർത്തിയാകുന്നതിനുമുമ്പ് ഹജ്ജ്ചെയ്ത കുട്ടികൾ പ്രായം തികഞ്ഞതിനുശേഷം വേറെ ഹജ്ജ്ചെയ്യേണ്ടതാണ്. ഹജ്ജ്ചെയ്തിട്ടുള്ളഅടിമ പിന്നീട് മോചിപ്പിക്കപ്പെട്ടാൽ അവനും മറെറാരു ഹജ്ജ് ചെയ്യേണ്ടതുണ്ട്.

أَيُّمَا صَبِيٍّ حَجَّ ثُمَّ بَلَغَ الْحِنْثَ فَعَلَيْهِ أَنْ يَحُجَّ حَجَّةً أُخْرَى وَأَيُّمَا عَبْدٍ حَجَّ ثُمَّ أُعْتِقَ فَعَلَيْهِ حَجَّةٌ أُخْرَى ، (أخرجه ابن ابى شيبة والبيهقى باسناد حسن)

വിവേചന ബുദ്ധിയില്ലാത്ത കുട്ടിക്ക്വേണ്ടി അവന്റെ രക്ഷിതാക്കളാണ് ഇഹ്റാം നിയ്യത്ത്ചെയ്യേണ്ടതു്. തുന്നാത്ത വസ്ത്രങ്ങൾ അവനെ അണിയിക്കുകയും വേണം. അവന്നു് വേണ്ടി തൽബിയത്തും ചൊല്ലണം.

അതോടുകൂടി അവൻ ഇഹ്റാമിൽ പ്രവേശിച്ചവനായി ത്തീരുന്നു. സാധാരണ മുഹ്രിമിന്നുള്ള വിലക്കുകളെല്ലാം അവന്നും ബാധകമായിരിക്കും. വിവേചനബുദ്ധിയില്ലാത്ത പെൺകുട്ടികളുടേയും സ്ഥിതി ഇതുതന്നെ. രക്ഷിതാവ് അവാംക്കുവേണ്ടി ഇഹ്റാം നിയ്യത്ത്ചെയ്യുകയും തൽബിയത്തുചൊല്ലുകയുംവഴി അവളും മുഹ്രിമത്താകുന്നു. മുതിന്ന മുഹ്രിമത്തുകാംക്കുള്ള വിലക്കുകാം അവാംക്കും ബാധകംതന്നെ. ത്വവാഫിന്റെ അവസരത്തിൽ അവരിരുവരുടെയും ശരീരവുംവസ്ത്രവും വൃത്തിയുള്ളവയായിരിക്കണം. കാരണം നമസ്കാരവും ത്വവാഫും ഒരുപോലെയാണ്. രണ്ടിന്നും ശുദ്ധി ശർത്ത്വാണ്. ബാലികാ ബാലന്മാർ വിവേചനബുദ്ധിയുള്ളവരാണെങ്കിൽ രക്ഷിതാക്കളുടെ സമ്മതപ്രകാരം അവർ ഇഹ്റാമിൽ പ്രവേശിക്കണം. കുളിക്കുക,സുഗന്ധം പൂശുകപോലെ വലിയവർ ചെയ്യുന്നതൊക്കെ ഇഹ്റാമിന്റെ അവസരത്തിൽ അവരും ചെയ്യണം. രക്ഷിതാക്കാം മാതാപിതാക്കളോ മററാരെങ്കിലുമോ ആകട്ടെ അവരാണു് കുട്ടികളുടെ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദികാം. അവരുടെ ആവശ്യങ്ങാം നിർവ്വഹിച്ചുകൊടുക്കേണ്ടവരും അവർതന്നെ. ജംറഃകളിലെ കല്ലേറ്പോലെ അവക്ക് കഴിയാതെ വരുന്നത് അവക്കുവേണ്ടി രക്ഷിതാക്കാംക്ക് ചെയ്യാം. അറഫായിലെ നിൽപ്പ്, മുസ്ദലിഫായിലെ രാപ്പാർപ്പ്. ത്വവാഫ്, സഅയ്പോലെയുള്ള മററു കാര്യങ്ങാം അവരെക്കൊണ്ട്തന്നെ ചെയ്യിക്കണം. ത്വവാഫിന്നും സഅ്യിന്നും അവക്ക് കഴിയാതെവന്നാൽ അവരെ എടുത്ത് ത്വവാഫും സഅ്യും ചെയ്യിക്കണം. അവരെ എടുത്ത് ത്വവാഫ് ചെയ്യുന്നവൻ ആ ത്വവാഫും സഅ്യും തന്റേതുകൂടി ആക്കാതിരിക്കുകയാണ് ഏററവും നല്ലതു്. ആ ത്വവാഫും സഅ്യും അവക്കുവേണ്ടി ചെയ്യാൻ നിയ്യത്താക്കുകയും തനിക്കുവേണ്ടി വേറെ ത്വവാഫും സഅ്യും ചെയ്യുകയുമാണ് വേണ്ടതു്. ഇബാദത്തുകളിൽ പാലിക്കപ്പെടേ

ണ്ട സൂക്ഷ്മതയാണതെല്ലാം. دَعْ مَا يُرِيبُكَ إِلَى مَالَا يُرِيبُكَ ''സംശയകരമായ കാര്യങ്ങൾ വിട്ട് സംശയകരമല്ലാത്തതു് സ്വീകരിക്കുക'' എന്ന നബിവചനത്തിന്റെ പ്രായോഗിക രൂപവും അതുതന്നെയാണ്. എന്നാൽ ആ ചുമക്കുന്നയാൾ തനിക്കും താൻകൂടി നിയ്യത്താക്കിക്കൊണ്ട് ത്വവാഫും സഉ്‌യും ചെയ്യുകയാണെങ്കിൽ അതു് മതിയാകുമെന്നാണ് ഏററവും പ്രബലമായ അഭിപ്രായം. എന്തു്കൊണ്ടെന്നാൽ ''ഈ കുട്ടിക്ക് ഹജ്ജ് വേണ്ടതുണ്ടോ'' എന്നു ചോദിച്ച സ്ത്രീയോട് അവന്നു് മാത്രമായി വേറെ ത്വവാഫ് ചെയ്യണമെന്നു് നബി (സ.അ ) കല്പിച്ചിട്ടില്ല. അതു് നിർബ്ബന്ധമാണെങ്കിൽ നബി (സ.അ.) അത് വ്യക്തമാക്കുകതന്നെ ചെയ്യുമല്ലോ. والله الموفق

വിവേചനബുദ്ധിയുള്ള ബാലികാ ബാലന്മാരോട് ത്വവാഫ് തുടങ്ങുന്നതിന്നുമുമ്പായിത്തന്നെ മുതിർന്നവരെപ്പോലെ അശുദ്ധികളിൽനിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധിനേടാൻ കല്പിക്കണം. ചെറു ബാലികാ ബാലന്മാർക്കുവേണ്ടി അവരുടെ രക്ഷിതാക്കൾ ഇഹ്‌റാംകെട്ടണമെന്നതു് നിർബ്ബന്ധമൊന്നുമല്ല. വെറും സുന്നത്തു് മാത്രമാണ്. അങ്ങനെചെയ്താൽ അവക്ക് കൂലിയുണ്ട്. ഇല്ലെങ്കിൽ യാതൊരു കുററവുമില്ല. والله أعلم

## ഇഹ്‌റാമിന്നു ശേഷം

സ്ത്രീയാകട്ടെ പുരുഷനാകട്ടെ ഇഹ്‌റാമിന്നു് നിയ്യത്ത് ചെയ്തു കഴിഞ്ഞാൽ പിന്നെ മുടിയോ നഖമോ അല്പംപോലും എടുക്കുവാനോ സുഗന്ധം പൂശുവാനോ പാടില്ല.

കുപ്പായംപോലെ ശരീരം പൂർണ്ണമായും മറയ്ക്കുന്നതോ, ബനിയൻ, കാലുറ, ഷൂസ്, സോക്സ് തുടങ്ങി ഭാഗികമായി മറയ്ക്കുന്നതോ ആയ തുന്നിയ യാതൊരു വസ്ത്രവും പുരു

ഷന്മാക്കു് ധരിക്കാൻ പാടുള്ളതല്ല. എന്നാൽ തുണികിട്ടാത്തവക്കു് കാലുറയും ചെരിപ്പ്കിട്ടാത്തവർക്ക് ബൂട്ട്സും കീറാതെതന്നെ ധരിക്കാവുന്നതാണു്. ഇബ്നുഅബ്ബാസ് (റ) വിൽനിന്നും ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസിൽനിന്ന് ഇതു സ്ഥിരപ്പെട്ടിട്ടുണ്ടു്. നബി (സ. അ.) പറയുകയുണ്ടായി.

مَنْ لَمْ يَجِدْ نَعْلَيْنِ فَلْيَلْبَسِ الْخُفَّيْنِ وَمَنْ لَمْ يَجِدْ إِزَارًا فَلْيَلْبَسِ السَّرَاوِيلَ . (متفق عليه)

''ആക്കെങ്കിലും ചെരിപ്പു് കിട്ടിയില്ലെങ്കിൽ അയാറംക്ക് ബൂട്ട്സ് ധരിക്കാം, ആക്കെങ്കിലും തുണി കിട്ടിയില്ലെങ്കിൽ അയാറം കാലുറഅണിയട്ടെ''. ചെരിപ്പില്ലാത്തവർ ബൂട്ട്സ് ധരിക്കുന്നപക്ഷം അതു് കീറിയതിന്നു് ശേഷമേ ആകാവൂ എന്ന ഇബ്നുഉമർ(റ)ൽനിന്നുദ്ധരിക്കപ്പെട്ട ഹദീസ് ദുർബ്ബലമാക്കപ്പെട്ടതാണു്. എന്തുകൊണ്ടെന്നാൽ, ഒരു മുഹ്രിം ഏതൊക്കെ വസ്ത്രമണിയാം എന്ന ചോദ്യത്തിനുത്തരമായി നബി (സ.അ.) മദീനഃയിൽ വെച്ചു് ചെയ്ത പ്രസ്താവനയായിരുന്നു അതു്. എന്നാൽ അറഫാത്തിൽ വെച്ചു് നബി (സ അ.) ചെയ്ത പ്രസംഗത്തിൽ ചെരിപ്പില്ലാത്തവക്കു് ബൂട്ട്സ് ധരിക്കാൻ പൊതു അനുവാദം നല്കുകയുണ്ടായി. ബൂട്ട്സ് കീറുന്നകാര്യം അപ്പോറം പറഞ്ഞിരുന്നില്ല. മദീനഃയിലെ പ്രസ്താവന കേറംക്കാത്ത ധാരാളം പേർ ആ സദസ്സിലുണ്ടായിരുന്നു. വിശദീകരണം ആവശ്യമായ കാര്യങ്ങറം വിവരിക്കുന്നതു സന്ദർഭംവിട്ടു താമസിപ്പിച്ചുകൂടാത്തതാണെന്നാണു് പ്രമാണം. അതുകൊണ്ടു് ബൂട്ട്സ് കീറി ധരിക്കണമെന്ന നിയമം ദുർബ്ബലമാക്കപ്പെട്ടതുതന്നെ എന്നു വ്യക്തമായി. ഇനി അതു് നിർബ്ബന്ധമായിരുന്നെങ്കിൽ നബി (സ.അ.) അതു വിശദീകരിക്കുമായിരുന്നു. والله أعلم

നെരിയാണികൾ മൂടിപ്പോകും വിധത്തിലുള്ളതല്ലാത്ത ബൂട്ടുകൾ മുഹ്‌രിമിന്നു ധരിക്കാവുന്നതാണ്. അത് ചെരിപ്പിൻെറ ഇനത്തിൽപെട്ടതുതന്നെ. തുണി അരയിൽ കെട്ടിയുടുക്കുന്നതും ചരടുകൊണ്ടോ മററോ ബന്ധിച്ചിടുന്നതുമാവാം. അതു് തടയത്തക്ക തെളിവുകളൊന്നുമില്ല. അപ്രകാരംതന്നെ മുഹ്‌രിമിന്നു കുളിക്കുകയും തല കഴുകുകയും ചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ വളരെ സാവധാനത്തിൽ തല ഉരക്കുകയും ആവാം. അക്കാരണംകൊണ്ട് തലയിൽനിന്നെന്തെങ്കിലും അടന്നു വീണാലും വിരോധമില്ല.

മുഹ്‌രിമത്തുകളായ സ്ത്രീകൾക്കു മുഖംമൂടി, ബുർഖഃ തുടങ്ങി തുന്നിയ വസ്ത്രങ്ങൾകൊണ്ട് മുഖം മറക്കാനോ കയ്യുറ ധരിക്കാനോ പാടില്ല.

لا تَنْتَقِبُ المَرْأةُ وَلا تَلْبَسُ القُفَّازَيْنِ (بخارى)

''സ്ത്രീ മുഖംമൂടി ധരിക്കുകയോ കയ്യുറ ധരിക്കുകയോ പാടില്ല'' എന്നു് നബി (സ.അ.) പറഞ്ഞതായി ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്,

രോമംകൊണ്ടോ, പരുത്തികൊണ്ടോ കയ്പടത്തിന്നു് മാത്രമായി തുന്നിയോ, നെയ്തോ ഉണ്ടാക്കുന്ന കയ്യുറക്കാണ് قفاز എന്നു് പറയുന്നത്.

കുപ്പായം, കാലുറ. ബൂട്ട്സ്, സോക്സ്പോലെ മററു തുന്നിയ വസ്ത്രങ്ങളെല്ലാം അവക്ക് അണിയാവുന്നതാണ്. ആവശ്യമുണ്ടാകുമ്പോൾ തട്ടം മുഖത്തേക്ക് താഴ്ത്തിയിടുന്നതിന്നും വിരോധമില്ല. എന്നാൽ പിടിച്ചുകെട്ടാൻ പാടില്ല. തട്ടം മുഖത്ത് തട്ടുന്നതുകൊണ്ട് വിരോധമില്ല. ആയിശഃ (റ) യുടെ ഹദീസിൽനിന്നു് മനസ്സിലാക്കാവുന്നതു് ഇതാണ്. അവർ പറയുന്നത് നോക്കുക:— ഞങ്ങൾ നബി (സ.അ.) യുടെകൂടെ യാത്രയിലായിരിക്കെ യാത്രക്കാർ ഞങ്ങളുടെ അരികിലൂടെ നടന്നുപോകുമായിരുന്നു. അവർ

ഞങ്ങളുടെ നേരെ എത്തിയാൽ ഞങ്ങളുടെ മൂടുപുടവ തല യിൽനിന്നു് മുഖത്തേക്ക താഴ്ത്തിയിടും. അവർ കടന്നു പോയാൽ ഞങ്ങൾ മുഖം തുറന്നിടും (അബൂദാവൂദ്, ഇബ്നുമാജഃ) ഉമ്മുസലമഃ (റ) യിൽനിന്നു് ഇതു്പോലുള്ള ഒരു ഹദീസ് ദാറഖുത്ത്നിയും ഉദ്ധരിച്ചിട്ടുണ്ടു്. അപ്രകാരം തന്നെ ഉടുത്ത വസ്ത്രംകൊണ്ടു് കൈമൂടുന്നതും വിരോധമില്ല. അന്യപുരുഷന്മാരുടെ സാന്നിധ്യത്തിൽ മുഖവും മുൻകയ്യും സ്ത്രീ മറക്കകതന്നെവേണം. കാരണം അവ ഔറത്ത്തന്നെയാകുന്നു.

അല്ലാഹു പറയുന്നതു കാണുക:

وَلا يُبْدِينَ زِينَتَهُنَّ الاَّ لِبُعُولَتِهِنَّ - الآية (النور)

തങ്ങളുടെ ഭർത്താക്കന്മാർക്കും....അല്ലാതെ അവർ തങ്ങളുടെ അലങ്കാരം പ്രദർശിപ്പിക്കരുതു്. മുഖവും മുൻകയ്യും വളരെ പ്രധാനമായ അലങ്കാരങ്ങളാണെന്നതിൽ സംശയമില്ല. മുഖം അക്കൂട്ടത്തിൽ ഏററവും കൂടുതൽ പ്രാധാന്യമർഹിക്കുന്നു. അല്ലാഹു പറയുന്നു:

وَإِذَا سَأَلْتُمُوهُنَّ مَتَاعاً فَاسْأَلُوهُنَّ مِنْ وَرَاءِ حِجَابٍ ذَلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

(الأحزاب ٥٣)

''നിങ്ങൾ അവരോടു് വല്ലസാധനവും ചോദിച്ചാൽമറക്കു് പിന്നിൽനിന്നു് ചോദിക്കുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും പരിശുദ്ധമായിട്ടുള്ളതു്.''

മക്കനെ മുഖത്തു്നിന്നു് പൊന്തിനില്ക്കുന്നതിനുവേണ്ടി താഴെ തലപ്പാവ് കെട്ടുക എന്ന അധികസ്ത്രീകളും പതിവാക്കിക്കാണുന്ന സമ്പ്രദായത്തിന്നു് നമ്മുടെ അറിവിൽ യാതൊരടിസ്ഥാനവും ശറഇലില്ല. അങ്ങനെ ശറഇൽ വല്ല നിയമവുമുണ്ടെങ്കിൽ അല്ലാഹുവിൻെററസൂൽ(സ.അ.)

തന്റെ ഉമ്മത്തിന്നു് അതു് വ്യക്തമാക്കിത്തരാതിരിക്കുമായിരുന്നില്ല. അത്തരം കാര്യങ്ങളിൽ നിശ്ശബ്ദനായിരിക്കാൻ അദ്ദേഹത്തിന്നു് പാടില്ലല്ലോ.

ഇഹ്റാമിന്റെ വസ്ത്രങ്ങൾ മുഷിഞ്ഞാൽ അവ കഴുകുന്നതിന്നു് ആണാകട്ടെ പെണ്ണാകട്ടെ ഒരു മുഹ്റിമിന്നും വിരോധമില്ല. വസ്ത്രം മാററിയണിയുന്നതും അനുവദനീയമാണു്.

എന്നാൽ കുങ്കുമം, മഞ്ഞൾ (ورس) എന്നീ നിറങ്ങൾ പിടിപ്പിച്ച വസ്ത്രം അണിഞ്ഞുകൂടാത്തതാണു്. എന്തുകൊണ്ടെന്നാൽ നബി(സ.അ.)അതു് വിരോധിച്ചതായി ഇബ്നു ഉമർ (റ) ഉദ്ധരിച്ചിട്ടുള്ള ഹദീസിലുണ്ടു്.

ശൃംഗാരം, അസഭ്യവാക്കു്, തർക്കം എന്നിവ ഉപേക്ഷിക്കേണ്ടതു് മുഹ്രിമിന്നു് നിർബ്ബന്ധമാണു്.

അല്ലാഹു പറയുന്നതു് നോക്കൂ:—

اَلْحَجُّ أَشْهُرٌ مَعْلُومَاتٌ فَمَنْ فَرَضَ فِيهِنَّ الْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي الْحَجِّ
(البقرة : ١٩٧)

''ഹജ്ജു് (കാലം) അറിയപ്പെട്ട ചില മാസങ്ങളാകുന്നു. എന്നാൽ അവയിൽ ആരെങ്കിലും ഹജ്ജിൽ പ്രവേശിച്ചാൽ സ്ത്രീസല്ലാപമാകട്ടെ, അസഭ്യ സംസാരമാകട്ടെ, തർക്കിക്കലാകട്ടെ ഹജ്ജിൽ പാടില്ല.''

നബി (സ.അ.)പറഞ്ഞതായി സഹീഹായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു.

مَنْ حَجَّ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَيَوْمَ وَلَدَتْهُ أُمُّهُ

ഒരാറം സ്ത്രീസല്ലാപത്തിലേർപ്പെടുകയോ, തോന്നിവാസം കാണിക്കുകയോചെയ്യാതെ ഹജ്ജ്ചെയ്താൽ തൻെറ മാതാവ് തന്നെ പ്രസവിച്ച ദിവസത്തെപ്പോലെ (പരിശുദ്ധിയോടെ) ആയിരിക്കും അവൻ മടങ്ങുന്നത്. رفث എന്നാൽ സംയോഗം, ചീത്തവാക്കുകറം എന്നിവയ്ക്കെല്ലാം പറയാം. فسوق എന്നാൽ അനുസരണക്കേടിന്നും അച്ചടക്കരാഹിത്യത്തിന്നും പറയും جدال കൊണ്ട് ബാലിശവും അത്ഥശൂന്യവുമായ കാര്യങ്ങളിൽ തക്കിക്കലൊണുദ്ദേശിക്കപ്പെടുന്നത്.

എന്നാൽ സത്യം പുറത്തുകൊണ്ടുവരുന്നതിന്നും, സത്യവിരുദ്ധമായ കാര്യങ്ങളെ എതൃക്കുന്നതിന്നും വേണ്ടിയുള്ള നല്ല രീതിയിലുള്ള തക്കം നിഷിദ്ധമല്ലെന്നു മാത്രമല്ല അനുപേക്ഷണീയംകൂടിയാണ്. അല്ലാഹു പറയുന്നു:

أدع إلى سبيل ربك بالحكمة والموعظة الحسنة وجادلهم بالتى هى أحسن (النحل : ١٣٥)

''യുക്തികൊണ്ടും സദുപദേശംകൊണ്ടും നിൻെറ റബ്ബിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏററവും നല്ല രീതിയിൽ അവരോട് നീ തക്കിക്കുക''

തലയിലൊട്ടിക്കിടക്കുന്ന തൊപ്പി, തലപ്പാവ്, തട്ടം മുതലായവകൊണ്ട്തലമറക്കുന്നതുംമുഹ്രിമായ പുരുഷനു് പാടില്ലാത്തതാകുന്നു. എന്നാൽ വാഹനങ്ങളുടെ മേൽത്തട്ട്, കുട, തമ്പ്, വൃക്ഷം പോലെയുള്ളവകൊണ്ട് തണൽ കൊള്ളുന്നതിനു് വിരോധമില്ല. എന്തുകൊണ്ടെന്നാൽ നബി (സ.അ.) ജംറത്തുൽ അഖബഃയിൽ എറിഞ്ഞുകൊണ്ടിരിക്കുമ്പോറം ഒരു വസ്ത്രംകൊണ്ട് അദ്ദേഹത്തിനു് തണലിട്ടുകൊടുത്തിരുന്നതായി സഹീഹായി തെളിഞ്ഞിട്ടുണ്ട്. അപ്രകാരംതന്നെ 'നമിറഃയിൽ നബി (സ.അ.) ക്കു് തമ്പു

ണ്ടാക്കിയിരുന്നുവെന്നും അറഫാ ദിവസം ഉച്ചതിരിയുന്നതു്വരെ അദ്ദേഹം അതിനുള്ളിൽ വിശ്രമിച്ചിരുന്നുവെന്നും സഹീഹായി സ്ഥിരപ്പെട്ടിട്ടുണ്ടു്.

കരയിലെ വേട്ടജന്തുക്കളെ കൊല്ലുക, അതിന്നായി സഹായിക്കുക, സങ്കേതങ്ങളിൽനിന്നു അവയെ ആട്ടിയോടിക്കുക എന്നിവയെല്ലാം ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീപുരുഷന്മാർക്ക് ഹറാമാണു്. അപ്രകാരംതന്നെ വിവാഹം, സംയോഗം, വിവാഹാന്വേഷണം, സ്ത്രീകളുമായി രതിലീലകൾ എന്നിവയും ഹറാംതന്നെ.

ഉസ്മാൻ (റ) നബി (സ.അ.) യിൽനിന്നുദ്ധരിക്കുന്നതിപ്രകാരമാണു്:

لا يَنكح المحرم ولا يُنكح ولا يخطبُ (مسلم)

''മുഹ്രിമിന്നു് വിവാഹം കഴിക്കാനോ, കഴിച്ചുകൊടുപ്പാനോ, വിവാഹാന്വേഷണംനടത്താനോ പാടില്ല.''(മുസ്ലിം)

അറിവില്ലാതെയോ, മറന്നു്കൊണ്ടോ ഒരു മുഹ്രിം, തുന്നിയ വസ്ത്രം ധരിക്കുകയോ, സുഗന്ധം പൂശുകയോ ചെയ്തുപോയാൽ അതിന്നു് പ്രതിവിധിയായി ഒന്നും ചെയ്യേണ്ടതില്ല. അറിവ്കിട്ടുമ്പോൾ, അല്ലെങ്കിൽ ഓർമ്മയാകുമ്പോൾ അതൊഴിവാക്കിയാൽ മതി. അപ്രകാരംതന്നെ മുടികളയുകയോ വെട്ടുകയോ. നഖം മുറിക്കുകയോ ചെയ്തു് മറന്നോ വിവരമില്ലാതെയോ ആയാൽ പ്രായശ്ചിത്തമായി ഒന്നുംചെയ്യേണ്ടതില്ലെന്നാണു് പ്രബലമായ വിധി.

ഹറമിന്നുള്ളിലെ വേട്ടജന്തുക്കളെ കൊല്ലുകയോ, ആയുധമോ ആംഗ്യമോ മറ്റോകൊണ്ടു് കൊല്ലാൻ സഹായിക്കുകയോ,അവയുടെ സങ്കേതങ്ങളിൽനിന്നു അവയെ ആട്ടിഓടിക്കുകയോ ചെയ്യുന്നതും ഹറമിന്നുള്ളിലെ വൃക്ഷങ്ങളോ പച്ചച്ചെടികളോ മുറിച്ചു കളയുന്നതും എല്ലാം മുഹ്രിമും, അല്ലാത്തതുമായ എല്ലാ മുസ്ലിമിന്നും ഹറാമാണു്. ഉടമസ്ഥ

നെ അന്വേഷിച്ച് സാധനം കൊടുക്കുന്നതിനുവേണ്ടിയല്ലാതെ അവിടെനിന്ന് കണ്ട്കിട്ടുന്നസാധനങ്ങൾ എടുക്കാനും പാടില്ല. നബി [സ.അ.] പറയുന്നു:

إنَّ هٰذا البَلَدَ - يَعْنِي مَكَّةَ حَرَامٌ بِحُرْمَةِ اللهِ إلى يَوْمِ القِيامَةِ لا يُخْضَدُ شَجَرُها ولا يُنَفَّرُ صَيْدُها وَلا يُخْتَلَى خَلاها وَلا تَحِلُّ ساقِطَتُها إلا لِمُنْشِدٍ (متفق عليه)

''ഈ നാട് അഥവാ മക്ക അന്ത്യദിനംവരെ അല്ലാഹു ആദരണീയമാക്കിയതിനാൽ ആദരണീയമാണ്. ആയതുകൊണ്ട് അവിടത്തെ വൃക്ഷങ്ങൾ മുറിച്ചു കളയാനോ, അവിടെയുള്ള വേട്ടജന്തുക്കളെ ആട്ടിയോടിക്കാനോ പച്ചപുല്ല് പറിച്ചുകളയാനോ പാടില്ല. കൈമോശംവന്ന വസ്തുക്കൾ ഉടമസ്ഥനെ കണ്ടുപിടിച്ച് സാധനം കൊടുക്കാൻ വേണ്ടിയല്ലാതെ എടുക്കാവുന്നതുമല്ല.'' മിനായും മുസ്ദലിഫഃയും ഹറമിൽപെട്ട സ്ഥലങ്ങളാണ്. അറഫാത്ത് ഹറമിന്ന് പുറത്താണ്:

## മക്കയിലെത്തുമ്പോൾ

മുഹ്രിം മക്കയിലെത്തുമ്പോൾ മക്കയിൽ പ്രവേശിക്കുന്നതിന്നുമുമ്പ് കുളിക്കുന്നത് സുന്നത്താണ്. നബി (സ.അ.) അപ്രകാരം ചെയ്തിട്ടുണ്ട്. മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്നത് സുന്നത്താണ്.

بِسْمِ اللهِ والصَّلاةُ والسَّلامُ عَلى رسُولِ اللهِ أعُوذُ بِاللهِ العَظِيمِ وَبِوَجْهِهِ الكَرِيمِ وَسُلْطانِهِ القَدِيمِ مِنَ الشَّيْطانِ الرَّجِيمِ ، اَللّهُمَّ افْتَحْ لِى أبْوابَ رَحْمَتِكَ

''അല്ലാഹുവിൻെറ പേരിൽ. അല്ലാഹുവിൻെറ തിരു ദൂതരിൽ അവൻെറ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ, ശപിക്കപ്പെട്ട പിശാചിൽനിന്നും മഹാനായ അല്ലാഹു വെ, അവൻെറ ബഹുമാന്യമായ മുഖത്തെ, അവൻെറ അനാദിയായ അധികാര പ്രഭാവത്തെ ഞാൻ അഭയം പ്രാപിക്കുന്നു. അല്ലാഹുവേ, നിൻെറ കൃപാകവാടങ്ങൾ എനിക്ക്‌വേണ്ടി നീ തുറക്കേണമേ''

മററു ഏത്‌പള്ളിയിൽ പ്രവേശിക്കുമ്പോഴും ചൊല്ലേണ്ട പ്രാത്ഥനയാണിതു്. മസ്ജിദുൽഹറാമിൽ പ്രവേശിക്കു മ്പോൾ മാത്രം ചൊല്ലേണ്ട ഒരു പ്രത്യേക പ്രാത്ഥനയും നബി (സ.അ.) യിൽനിന്ന് സ്ഥിരപ്പെട്ടതായി നമുക്കറിവില്ല. മുഹ്‌രിം മുതമത്തിഓ (متمتع) മുഉ്തമിറോ(معتمر) ആണെങ്കിൽ കഅ്ബഃയുടെ സമീപമെത്തിയാൽ ത്വവാഫിന്ന്മുമ്പായിത്തന്നെ തൽബിയത്ത് നിറുത്തേണ്ടതാണ്. പിന്നീട് ഹജറുൽഅസ്‌വദിൻെറ സമീപമെത്തി സാധിക്കുമെങ്കിൽ അതിനെ ചുംബിക്കണം. ചുംബിക്കാനായി ആളുകളെ തിക്കിത്തിരക്കി ബുദ്ധിമുട്ടിക്കാൻ പാടില്ല. ഹജറുൽഅസ്‌വദിനെ തൊട്ട്മുത്തുമ്പോൾ بسم الله والله اكبر (അല്ലാഹുവിൻെറ പേരിൽ, അല്ലാഹുവാണേററവും മഹാൻ) എന്നു പറയണം. ചുംബിക്കാൻ പ്രയാസമായിരുന്നാൽ കൈകൊണ്ടോ വടികൊണ്ടോ തൊട്ടു അത് ചുംബിക്കണം. അതും പ്രയാസമായാൽ ഹജറുൽ അസ്‌വദിന്ന്നേരെ ആംഗ്യം കാണിച്ചുകൊണ്ട് الله اكبر എന്ന് പറയണം. ആംഗ്യം കാണിച്ചതു് എന്തുകൊണ്ടായാലും അതു് ചുംബിക്കാവതല്ല. ത്വവാഫ് ചെയ്യുമ്പോൾ കഅ്ബഃയെ ഇടതു് വശത്താക്കിയിരിക്കണം.

اَللّٰهُمَّ إِيمَانًا بِكَ وَتَصْدِيقًا بِكِتَابِكَ وَوَفَاءً

بِعَهْدِكَ وَاتِّبَاعًا لِسُنَّةِ نَبِيِّكَ مُحَمَّدٍ صَلَّى اللهُ عليه وسلم

''അല്ലാഹുവേ, നിന്നിൽ വിശ്വസിച്ചുകൊണ്ട്, നിന്റെഗ്രന്ഥത്തെ സത്യമാക്കികൊണ്ട്,നീയുമായുള്ള കരാർ പാലിച്ചുകൊണ്ട്,നിന്റെ പ്രവാചകൻ മുഹമ്മദ്[സ.അ.] അവർകളെ പിന്തുടർന്നുകൊണ്ട്'' എന്ന് ത്വവാഫിന്റെ ആരംഭത്തിൽ ചൊല്ലുന്നതായാൽ അത് നല്ലതാണ്. നബി [സ.അ.] അ ങ്ങി നെ ചൊല്ലിയതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ത്വവാഫ് ഏഴ്വട്ടമാണ് ചെയ്യേണ്ടത്. ആദ്യത്തെ മൂന്ന്വട്ടം ചുവട്വെച്ച് വേഗം നടക്കണം. ഇതിന്റെ പേർ ''റമൽ'' എന്നാണ്. മക്കയിലെത്തിയാൽ ആദ്യം ചെയ്യേണ്ട ത്വവാഫാണിത്. ഉംറഃമാത്രം കരുതിയവനോ (معتمر) ആദ്യം ഉംറഃയും പിന്നെ ഇഹ്റാമിൽ നിന്ന് ഒഴിവായതിന്ന് ശേഷം ഹജ്ജും കരുതിയവനോ (متمتع) ഹജ്ജ് മാത്രം കരുതിയവനോ (مفرد) ഹജ്ജും ഉംറഃയും ഒന്നായികരുതിയവനോ (قارن) ആരായിരുന്നാലും ഈ ത്വവാഫിൽ 'റമൽ' നടത്തം നടക്കണം. പിന്നീട് ബാക്കിയുള്ള നാലു തവണകളിൽ സാധാരണപോലെ നടക്കണം. ഓരോവട്ടവും ഹജറുൽ അസ്വദ്മുതൽ ത്വവാഫ് ആരംഭിക്കുകയും അവിടെചെന്നുകൊണ്ടുതന്നെ അവസാനിപ്പിക്കുകയും ചെയ്യണം. ഈ ഏഴ് ത്വവാഫിലും മേൽമുണ്ടിന്റെ മദ്ധ്യം വലതുകക്ഷത്തിലും രണ്ടററങ്ങളും ഇടത്തെചുമലിലുംആയി അണിയുന്നതാണ് സുന്നത്ത്. ഈ വിധത്തിൽ മേൽമുണ്ടണിയുന്നതിന്നാണ് إضطباع എന്ന് പറയുന്നത്. ത്വവാഫിന്റെ വട്ടങ്ങളെക്കുറിച്ച് സംശയമുണ്ടായാൽ ഏററവും ഉറപ്പുള്ളത്അഥവാ ഏററവും കുറഞ്ഞ

തിൻെറ അടിസ്ഥാനത്തിൽ പൂർത്തിയാക്കണം. അതായതു് മൂന്നോനാലോ എന്നാണ് സംശയമെങ്കിൽ മൂന്നിൽ ഉറപ്പിക്കണം. ഇപ്രകാരമാണ് സഉ്യിലും ചെയ്യേണ്ടതു്.

ഈ ത്വവാഫിൽനിന്നു് വിരമിച്ചാൽ മേൽമുണ്ട്കൊണ്ട് പുതക്കണം. അതായത് മുണ്ടിൻെറ രണ്ടററങ്ങളം നെഞ്ചിൽ വരുംവിധം രണ്ടു ചുമലിലുംകൂടി ഇട്ടേക്കണം. ത്വവാഫിൻെറ രണ്ട് റക്അത്തു് നമസ്കരിക്കുന്നതിന്നു് മുമ്പ് തന്നെ ഇങ്ങനെ ചെയ്യേണ്ടതാണ്. സ്ത്രീകളെ സംബന്ധിച്ചേടത്തോളം ആക്ഷേപകരവും അവരെ താക്കീതു് ചെയ്യേണ്ടതുമായ ചില കാര്യങ്ങളുണ്ട്. അലങ്കാരങ്ങളം പ്രകടിപ്പിച്ചും സുഗന്ധങ്ങളം പൂശിയും മറയില്ലാതെയും ത്വവാഫ്ചെയ്യാൻ അവക്കൊട്ടും പാടില്ലാത്തതാണ്. അവർ 'ഔറത്താണ്'. പർദഃ അണിഞ്ഞിരിക്കൽ അവർക്ക് നിർബ്ബന്ധമാണ്. ത്വവാഫ് ചെയ്യുമ്പോഴും അല്ലാത്തപ്പോഴും അന്യപുരുഷന്മാരുമായി ഇടകലരേണ്ടിവരുമ്പോഠം തങ്ങളുടെ അലങ്കാരം പ്രകടിപ്പിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അവർ 'ഔറത്തും' കുഴപ്പഹേതുകവുമാണ്. മുഖമാണവരുടെ ഏററവും പ്രകടമായ അലങ്കാരം, 'മഹ്റമ്'കളുടെ മുമ്പാകെയല്ലാതെ അതു് വെളിവാക്കാൻ അവർക്ക് പാടില്ല. അല്ലാഹു പറയുന്നു:

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ الآية

''തങ്ങളുടെ ഭർത്താക്കന്മാക്കം..........അല്ലാതെ അവരുടെ അലങ്കാരം അവർ പ്രകടിപ്പിച്ചുകൂടാത്തതാണ്.''

അതിനാൽ ഹജറുൽഅസ്വദ് ചുംബിക്കുമ്പോഠം അന്യ പുരുഷന്മാർ കാണുന്ന അവസ്ഥയാണെങ്കിൽ മുഖം തുറന്നിടാൻ അവർക്ക് പാടില്ലാത്തതാകുന്നു. ഹജറുൽ അസ്വദ് തൊട്ട്മുത്താനോ ചുംബിക്കാനോ അവർക്ക്

സൗകര്യംകിട്ടുന്നില്ലെങ്കിൽ അതിന്നായി പുരുഷന്മാരെ തിക്കിത്തിരക്കാനും അവർക്ക് പാടില്ല. പുരുഷന്മാരുടെ പിറകിലായി ത്വവാഫ് ചെയ്യുന്നതാണ് പുരുഷന്മാരെ തിക്കിത്തിരക്കി കഅ്ബഃയുടെ അരികിലൂടെ ത്വവാഫ് ചെയ്യുന്നതിനേക്കാൾ അവർക്കുത്തമവും ഏറ്റവും മഹത്താ യ പ്രതിഫലത്തിന്നവരെ അർഹരാക്കിത്തീർക്കുന്നതും.

റമലും, ഇള്ത്തിബാഉം (الرمل والاضطباع) ഈ ആദ്യ ത്തെ ത്വവാഫിലല്ലാതെ മററു ത്വവാഫുകളിലോ സഉ് യിലോ, സ്ത്രീകൾക്കോ വേണ്ടതില്ല. നബി(സ.അ.)മക്ക യിലെത്തിയപ്പോൾ ചെയ്ത ആദ്യത്തെ ത്വവാഫിൽ മാത്ര മേ رمل ഉം اضطباع ഉം ചെയ്തിട്ടുള്ളു.

ത്വവാഫിൻെറ അവസരത്തിൽ എല്ലാ അശുദ്ധിക ളിൽനിന്നും മാലിന്യങ്ങളിൽനിന്നും സംശുദ്ധമായിരിക്കേ ണ്ടതാണ്. തൻെറ റബ്ബിനോട് അങ്ങേയററത്തെ കീഴ്വ ണക്കവും വിനയവും കാണിക്കുകയും വേണം. ത്വവാഫി ന്നിടയിൽ ധാരാളമായി അല്ലാഹുവെ സ്മരിക്കുകയും അവനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും വേണം. അൽപം ഖുർആൻ ഓതിയാൽ അത് നല്ലതാണ്. ഈ ത്വവാഫി ലോ മററ് ത്വവാഫുകളിലോ, സഉ്യിലോ പ്രത്യേക മായ ദിക്റുകളോ ദുആകളോ നിർബ്ബന്ധമില്ല. ത്വവാഫി ലും സഉ്യിലും ഓരോ വട്ടങ്ങൾക്കും പ്രത്യേകം പ്രത്യേക മായി ജനങ്ങൾ പടച്ചുണ്ടാക്കിയിട്ടുള്ള ദിക്റുകൾക്കോ ദുആകൾക്കോ യാതൊരടിസ്ഥാനവുമില്ല.

ഓരോരുത്തനും അറിയാവുന്ന ഏതു ദിക്റും ദുആഉം ചൊല്ലിയാൽത്തന്നെ മതിയാകും.

റുക്നൽയമാനിക്ക്നേരെ എത്തുമ്പോൾ വലംകൈകൊ ണ്ട് അത്തൊട്ട് മുത്തുകയും بسم الله والله اكبر എന്നുപറയ

കയും വേണം. അതു് ചുംബിക്കുകയോ കണക്കിലധികം തന്റെ കൈ നീട്ടുകയോ വേണ്ടതില്ല. തൊട്ടുമുത്താൻ വിഷമമാണെങ്കിൽ അതിനു ശ്രമിക്കാതെ തന്റെതവാഫിൽ നീങ്ങിക്കൊള്ളണം. അതിന്നു് നേരെ എത്തുമ്പോാം ആംഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുകയോവേണ്ടതുമില്ല. എന്തുകൊണ്ടെന്നാൽ നാം അറിഞ്ഞേടത്തോളം നബി(സ.അ.)യിൽനിന്നു് അതൊന്നും സ്ഥിരപ്പെട്ടിട്ടില്ല.

റുക്നുൽയമാനിക്കും, ഹജറുൽ അസ്‌വദിന്നുമിടക്ക് വെച്ചു് رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

''ഞങ്ങളുടെ റബ്ബേ,ഇഹലോകത്തു് നീ ഞങ്ങാംക്കു് നന്മ നൽകേണമേ. പരലോകത്തും ഞങ്ങാംക്കു് നല്ലതു് തരേണമേ. നരകശിക്ഷയിൽനിന്നു് നീ ഞങ്ങളെ രക്ഷിക്കുകയും ചെയ്യണേ''. എന്നു് പ്രാത്ഥിക്കുന്നതു് സുന്നത്താണു്. ഹജറുൽ അസ്‌വദിന്നു്നേരെ വരുമ്പോഴൊക്കെ അതിനെ തൊട്ടുമുത്തി ചുംബിച്ചു് بسم الله والله اكبر എന്നുപറഞ്ഞുകൊണ്ടിരിക്കണം. തൊട്ടുമുത്താനും ചുംബിക്കാനും തരപ്പെട്ടില്ലെങ്കിൽ അതിനുനേരെ എത്തുമ്പോഴേക്കു് ആംഗ്യം കാട്ടി തക്ബീർചൊല്ലണം. സംസമിന്റെയും മഖാമു ഇബ്രാഹീമിന്റെയും പിന്നിൽക്കൂടി തവാഫു് ചെയ്യുന്നതു്കൊണ്ടു് വിരോധമില്ല. വിശേഷിച്ചും തിരക്കുള്ളപ്പോാം. മസ്ജിദുൽഹറാം മുഴുവനും തവാഫിന്നു് പററിയ സ്ഥലം തന്നെയാണു്. പള്ളികളിലെ വരാന്തകളിലൂടെ തവാഫു് ചെയ്താലും മതിയാകും. സൗകര്യമുണ്ടെങ്കിൽ കഅ്ബഃയുടെ സമീപത്തു് തവാഫു് ചെയ്യുന്നതു തന്നെയാണു് ഏററവും ശ്രേഷ്ഠമായിട്ടുള്ളതു്. തവാഫിൽനിന്നു് വിരമിച്ചാൽ രണ്ടു് റക്അത്തു് മഖാമു ഇബ്രാഹീമിന്നു്

പിന്നിൽവെച്ച നമസ്കരിക്കണം. തിക്കം തിരക്കംകൊണ്ട് അസൌകര്യമുണ്ടെങ്കിൽ പള്ളിയുടെ ഏത്ര വശത്ത്വെച്ച നമസ്കരിച്ചാലും മതി.

ഈ രണ്ട് റകഅത്തുകളിൽ സൂറഃഫാത്തിഹക്ക് ശേഷം قل يا أيها الكافرون ، قل هو الله أحد എന്നീ സൂറഃകൾ ഓത്തുന്നത് സുന്നത്താണ്. പിന്നീട് ഹജറുൽഅസ്‌വദിന്നടുത്ത് പോയി സൗകര്യംകിട്ടിയാൽ നബി (സ.അ.) യുടെ മാതൃകയനുസരിച്ച് അതിനെ തന്റെ വലതുകൈകൊണ്ട് തൊട്ടുമുത്തണം. പിന്നീട് സ്വഫാമലയിലേക്ക് അതിന്റെ കവാടത്തിലൂടെ പുറപ്പെട്ട് അതിൽ കയറുകയോ, അതിന്നടുത്ത് നില്ക്കുകയോ വേണം. സ്വഫായുടെ മുകളിൽ കയറാൻ കഴിഞ്ഞാൽ അതാണുത്തമം. അവിടെ ഖിബ്‌ലഃയുടെനേരെ തിരിഞ്ഞുനിന്ന് അല്ലാഹുവെ സ്തുതിച്ച ശേഷം ഇപ്രകാരം പറയുന്നത് സുന്നത്താണ്.

لَآإِلٰهَ إِلاَّ اللّٰهُ وَاللّٰهُ اَكْبَرُ ، لَآإِلٰهَ إِلاَّ اللّٰهُ وَحْدَهُ لَا شَرِيكَ لَهُ . لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَآإِلٰهَ إِلاَّ اللّٰهُ وَحْدَهُ ، أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ

''അല്ലാഹുവല്ലാതെ മറെറാരാരാധ്യനമില്ല. അല്ലാഹു ഏററവും മഹാനാണ്. അല്ലാഹുവല്ലാതെ മറെറാരാരാധ്യനമില്ല. അവൻ ഏകൻ, അവന്ന് ഒരു പങ്കകാരനമില്ല. രാജാധിപത്യം അവന്നുള്ളതാണ്. സ്തുതിയും അവന്നുള്ളതുതന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാ

തെ മററൊരാരാധ്യനമില്ല. അവൻ ഏകൻ മാത്രം. തൻെറ വാഗ്ദത്തം അവൻ നിറവേററി, തൻെറ അടിയനെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒററയ്ക്ക് പരാജയപ്പെടുത്തി.''

പിന്നീട് രണ്ട്കയ്യും ഉയർത്തി തനിക്ക് ആവശ്യമുള്ളതിന്ന്‌വേണ്ടിയെല്ലാം പ്രാർത്ഥിക്കുക. ഈ ദിക്റും ദുആയും മൂന്നുതവണ ആവർത്തിക്കണം. പിന്നെ താഴെ ഇറങ്ങി മർവായിലേക്ക് നടക്കണം. ഒന്നാമത്തെ അടയാളംവരെ എത്തിയാൽ അവിടെനിന്ന് രണ്ടാമത്തെ അടയാളം വരെ പുരുഷന്മാർ ഓടണം. രണ്ടടയാളങ്ങൾക്കിടയിൽ ധൃതി പിടിച്ചുനടക്കേണ്ട ആവശ്യം ശറഇൽ സ്ത്രീകൾക്കില്ല. അവർക്ക് സഅ്‌യിൽ മുഴുവനും സാധാരണപോലെ നടന്നാൽ മാത്രംമതി. പിന്നെനടന്ന മർവാമല കയറണം. അല്ലെങ്കിൽ മർവഃയ്ക്കടുത്ത് നില്ക്കണം. സാദ്ധ്യമായാൽ മർവായ്ക്ക് മുകളിൽകയറുന്നത്‌തന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളത്. സ്വഫായിൽവെച്ചു പ്രാർത്ഥിച്ചതുപോലെ തന്നെ മർവഃയിൽവെച്ചും പ്രാർത്ഥിക്കണം. പിന്നെ അവിടെനിന്നിറങ്ങി നടക്കേണ്ടിടത്ത് നടന്ന് ഓടേണ്ടിടത്ത് ഓടി സ്വഫായിലെത്തണം. ഇപ്രകാരം ഏഴുതവണ ചെയ്യണം. പോക്ക് ഒരു തവണയായും മടക്കം ഒരുതവണയായും പരിഗണിക്കണം. ഇപ്രകാരമാണ് നബി(സ.അ.)ചെയ്തത്. അവിടുന്ന് പറഞ്ഞു: خُذُوا عَنِّي مَنَاسِكَكُمْ ''നിങ്ങളുടെ ഹജ്ജിൻെറ കർമ്മങ്ങൾ എന്നോട് പഠിക്കുക'' സഅ്‌യിൻെറ അവസരത്തിൽ കഴിയുന്നത്ര ദിക്റും ദുആയും ധാരാളം ചെയ്തുകൊണ്ടിരിക്കണം. എല്ലാ അശുദ്ധികളിൽനിന്നും മാലിന്യങ്ങളിൽനിന്നും സംശുദ്ധമായിരിക്കുകയുംവേണം. എന്നാൽ وضوء ഇല്ലാതെ ഒരാൾ സഅ്‌യ് ചെയ്താൽ അതയാൾക്ക്മതി. അതുപോലെത്തന്നെ ത്വവാഫിന്ന്‌ശേഷം

ഒരു സ്ത്രീക്ക് ആർത്തവമോ, പ്രസവരക്തമോ ഉണ്ടായാൽ അവർക്ക് സഉ്യ് ചെയ്യാവുന്നതാണ്. അതവർക്ക് മതിയാകുന്നതുമാണ്. എന്തുകൊണ്ടെന്നാൽ ശുദ്ധി സഉ്യിന്ന് ശർത്വല്ല. അത് വെറും സുന്നത്ത് മാത്രമാണ്.

സഉ്യ് പൂർത്തിയായിക്കഴിഞ്ഞാൽ മുടികളയുകയോ, വെട്ടുകയോ ചെയ്യണം. പുരുഷൻ മുടി കളയുന്നതാണ് ഏററവും ശ്രേഷ്ഠമായിട്ടുള്ളത്. ഉംറയുടെ അവസാനത്തിൽ മുടിവെട്ടിക്കുകയും, മുണ്ഡനം ഹജ്ജിന്ന്‌വേണ്ടി നീട്ടിവെയ്ക്കുകയും ചെയ്യുന്നത് നല്ലതുതന്നെ.

ഹജ്ജിനോടടുത്ത ദിവസങ്ങളിലാണ് മക്കത്തെത്തിയതെങ്കിൽ അവനെ സംബന്ധിച്ചേടത്തോളം മുടിവെട്ടുന്നതാണ് ഏററവും നല്ലത്. ബാക്കി മുടിമുഴവനും ഹജ്ജിന്നുവേണ്ടി കളഞ്ഞാൽ മതിയല്ലോ. നബി [സ.അ.] യും സഹാബത്തും മക്കത്ത് വന്നത് ദുൽഹിജ്ജഃ നാലിന്നായിരുന്നു. ബലിമൃഗങ്ങൾ കൂടെകൊണ്ടുവരാത്തവരോട് ഉംറഃ കഴിഞ്ഞു മുടിവെട്ടി ഇഹ്റാമിൽനിന്ന് ഒഴിവാകാനാണ് നബി[സ.അ.] കല്പിച്ചത്. അവരോട് മുടി മുഴവൻ കളയാൻ നബി [സ.അ.] കല്പിച്ചിട്ടില്ല.

മുടി വെട്ടുന്നത് അല്പം മാത്രം പോരാ, മുഴവനും വെട്ടുക തന്നെ വേണം. അപ്രകാരംതന്നെ അല്പം മാത്രം കളഞ്ഞാലും പററില്ല. സ്ത്രീക്ക് മുടിവെട്ടിയാൽ മാത്രം മതി. മിടഞ്ഞിട്ട മുടിയുടെ അററത്ത്നിന്ന് ഒരു വിരൽക്കൊടിയോളമോ അതിൽ കുറവോ എടുത്താൽ മതി. അതിലധികം ഒട്ടും എടുക്കേണ്ടതില്ല.

ഇപ്പറഞ്ഞതത്രയും ചെയ്തുകഴിഞ്ഞാൽ ഉംറഃ അവസാനിച്ചു. അതുവരെ ഇഹ്റാംകൊണ്ട് ഹറാമായിരുന്നതെല്ലാം ഹലാലാകുകയും ചെയ്തു. എന്നാൽ ഹറമിന്നപുറത്തുനിന്നു ബലിമൃഗം കൂടെ കൊണ്ടുവന്നിട്ടുള്ളവർ ഹജ്ജ് കഴിയുന്നത്

വരെ തങ്ങളുടെ ഇഹ്റാമിൽത്തന്നെ തുടരണം. ഹജ്ജിൽ നിന്നും ഉംറഃയിൽനിന്നും ഒപ്പം ഒഴിവാകുവാനേ അവക്ക നിർവ്വാഹമുള്ള.

ഹജ്ജിന്നു് മാത്രമോ, ഹജ്ജിന്നും ഉംറഃക്കുംകൂടിയോ ഇഹ്റാം കെട്ടിയവക്ക്, തങ്ങാം ബലിമൃഗം കൂടെ കൊണ്ടുവന്നിട്ടില്ലെങ്കിൽ തങ്ങളുടെ ഇഹ്റാം ഉംറഃക്ക് മാത്രമാക്കി മാററി മുത്തമത്തിഉ് ചെയ്യുംപോലെ ചെയ്യുന്നതാണ് സുന്നത്തു്. നബി [സ.അ.] സഹാബിമാരോട്ട് കല്പിച്ചത ങ്ങനെ ചെയ്യാനായിരുന്നു. തുടർന്നുകൊണ്ട് അവിടുന്നു പറഞ്ഞു:

«لَوْلَا أَنِّي سُقْتُ الْهَدْيَ لَأَحْلَلْتُ مَعَكُمْ»

ഞാൻ ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്നിട്ടില്ലായിരുന്നെങ്കിൽ നിങ്ങളുടെ കൂടെത്തന്നെ ഇഹ്റാമിൽനിന്ന് ഒഴിവാകുമായിരുന്നു.''

ഉംറഃക്ക്‌വേണ്ടി ഇഹ്റാം കെട്ടിയശേഷം സ്ത്രീക്ക് ആർത്തവമോ, പ്രസവമോ സംഭവിച്ചാൽ ശുദ്ധിയാകുവോളം അവരം കഅ്ബഃയെ ത്വവാഫ് ചെയ്യാനോ, സ്വഫായും മർവഃയുമിടയിൽ സഉ്യ് ചെയ്യാനോ പാടില്ല. ശുദ്ധിയായിക്കഴിഞ്ഞാൽ ത്വവാഫും സഉ്യും കഴിഞ്ഞു് മുടിമുറിച്ച് ഉംറഃ പൂർത്തിയാക്കാം. തർവിയത്ത് നാളിന്നു മുമ്പായി ശുദ്ധിയായില്ലെങ്കിൽ താമസസ്ഥലത്തു്നിന്നു് തന്നെ ഹജ്ജിന്നുള്ള ഇഹ്റാമിൽ പ്രവേശിക്കുകയും മററുള്ളവരോടൊപ്പം മിനായിലേക്ക് പുറപ്പെടുകയും ചെയ്യണം. അപ്പോരം ഹജ്ജും ഉംറഃയും ഒന്നിപ്പിച്ച് ഇഹ്റാം കെട്ടിയവളായിത്തീരും. മററു ഹാജിമാർ ചെയ്യുന്നപോലെ അറഫായിലും മശ്അറുൽഹറാമിലും നില്ക്കുക, ജംറഃകളിൽ എറിയുക, മുസ്ദലിഫായിലും മിനായിലും രാപ്പാർക്കുക, ബലിയറുക്കുക, മുടി മുറിക്കുക മുതലായതെല്ലാം അവളും

ചെയ്യണം. പിന്നീട് ശുദ്ധിയായായാൽ കഅ്ബഃയെ ത്വവാഫ് ചെയ്യുകയും, സഫാ മർവാക്കുമിടയിൽ സഉ്യ് ചെയ്യുകയും വേണം. ഹജ്ജിന്നും ഉംറഃക്കും കൂടി ഇതു ഓരോന്നുവീതം മതിയാകുന്നതാണ്.

ആയിശഃ (റ) ഉംറക്കുവേണ്ടി ഇഹ്റാം കെട്ടിയശേഷം അവർക്ക് ആർത്തവമുണ്ടായി. അപ്പോൾ നബി [സ.അ.] അവരോടിപ്രകാരം പറഞ്ഞു.

إفْعَلِي ما يَفْعَلُ الحاجُّ غَيرَ أنْ لا تَطُوفِي بِالْبَيْتِ حَتَّى تَطْهُرِى (متفق عليه)

''ഹാജിമാർ ചെയ്യുന്നതെല്ലാം നീയും ചെയ്യണം. എന്നാൽ ശുദ്ധിയാകുന്നതുവരെ കഅ്ബ:യെ ത്വവാഫ് ചെയ്യരുതെന്നുമാത്രം. ആർത്തവകാരികളും പ്രസവിച്ചവരും നഹ്റിന്റെ ദിവസം (ദുൽഹജ്ജ് 10) ജംറത്തുൽ അഖബായിലെ കല്ലേറും കഴിഞ്ഞു' മുടിമുറിച്ചാൽ ഇഹ്റാംകൊണ്ടു് ഹറാമായിരുന്ന സുഗന്ധംപോലെയുള്ള കാര്യങ്ങളെല്ലാം അവർക്ക ഹലാലായി. എന്നാൽ ഹജ്ജ് പൂർത്തിയായ ശേഷം മാത്രമേ, ശുദ്ധിയുള്ള മററുസ്ത്രീകളെപ്പോലെത്തന്നെ അവർക്കും ഭർത്താക്കന്മാരെ സമീപിക്കാൻ പാടുള്ളൂ. ശുദ്ധിക്കുശേഷം ത്വവാഫും സഉ്യും കഴിഞ്ഞാൽപിന്നെ ഭർത്താവുമായുള്ള ബന്ധം അവർക്ക് ഹലാലാകുന്നതാണ്.

## يوم التروية

തർവിയത്തിന്റെ നാൾ അതായത് ദുൽഹിജ്ജഃ 8—ാംനു- ഉംറഃകഴിഞ്ഞു തഹല്ലുലായി മക്കയിൽ താമസിക്കുന്നവരും, മക്കാനിവാസികളിൽനിന്നു ഹജ്ജിനുദ്ദേശിക്കുന്നവരും അവരവരുടെ വാസസ്ഥലങ്ങളിൽനിന്നു് തന്നെ ഹജ്ജിനു് ഇഹ്റാംകെട്ടണം. നബി[സ.അ.]യുടെ

സഹാബത്ത് ''അബ്ത്വഹി''ലാണ് താമസിച്ചിരുന്ന ത്. നബി (സ.അ.) യുടെ കല്പനപ്രകാരം അവരെല്ലാം അവിടെവെച്ചുതന്നെയാണ് തർവിയത്ത് നാളിൽ ഹജ്ജിന്നുവേണ്ടി ഇഹ്റാംകെട്ടിയത്. കഅ്ബഃയിൽപോയി അവിടെവെച്ച് അല്ലെങ്കിൽ 'മീസാബി'നടുത്തു വെച്ച് ഇഹ്റാംകെട്ടാൻ അദ്ദേഹം അവരോട് കൽപിച്ചിട്ടില്ല. അപ്രകാരംതന്നെ മിനായിലേക്കു പുറപ്പെടുമ്പോൾ വിദാഇന്റെ ത്വവാഫ് നടത്താനും അവിടുന്ന് കല്പിച്ചിട്ടില്ല.അതായിരുന്നു ശറഇൽ വേണ്ടതെങ്കിൽ നബി [സ.അ.] അവരെ അങ്ങനെതന്നെ പഠിപ്പിക്കുമായിരുന്നു. നബിയെയും, അവിടുത്തെ സഹാബത്തിനെയും പിന്തുടരുന്നതിൽ മാത്രമെ പുണ്യമുള്ളു.

ഹജ്ജിന്ന് ഇഹ്റാംകെട്ടുമ്പോൾ കുളിച്ച് ശുദ്ധിയായി സുഗന്ധം പൂശുന്നത് മീഖാത്തിൽവെച്ച് ചെയ്തപോലെ ത്തന്നെ സുന്നത്താണ്. ഹജ്ജിന്ന് ഇഹ്റാം കെട്ടിക്കഴി ഞ്ഞാൽ ഉച്ചയ്ക്ക്മുമ്പോ, പിമ്പോ ആയി തർവിയത്ത് നാ ളിൽത്തന്നെ മിനായിലേക്കുപുറപ്പെടുന്നത് സുന്നത്താണ്. അപ്പോൾ മുതൽ ജംറത്തുൽ അഖബഃയിൽ കല്ലേറ് നടത്തു ന്നത്‌വരെ ധാരാളമായി തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കണം. അന്നത്തെ ദുഹ്ർ, അസ്റ്, മഗ്‌രിബ്, ഇശാ, തുടർന്നുള്ള സുബ്ഹ് എന്നീ നമസ്കാരങ്ങൾ മിനായിൽവെച്ച് നിർവ്വഹിക്കണം. ഓരോന്നും ജംഇല്ലാതെ ഖസ്റായിട്ട അതാതിന്റെ നേരങ്ങളിൽ നമസ്കരിക്കുന്നതാണ് സുന്നത്ത്. മഗ്‌രിബും, സുബ്ഹും ഖസ്റാക്കാൻ പാറില്ല. ഇക്കാര്യത്തിൽ മക്കക്കാർക്കും അല്ലാത്തവർക്കുമിടയിൽ ഒരു വ്യത്യാസവുമില്ല. എന്തുകൊണ്ടെന്നാൽ നബി (സ.അ.)മക്കക്കാരും അല്ലാത്തവരുമായ അവിടുത്തെ എല്ലാ സഹാബിമാരേയും കൊണ്ട് മിനായിലും അറഫഃയിലും മുസ്ദലിഫഃയിലുമെല്ലാം ഖസ്റായിട്ട തന്നെയാണ്

നമസ്കരിച്ചത്. മക്കക്കാരോട് പൂർത്തിയാക്കാൻ അവിടുന്ന് കല്പിച്ചിട്ടില്ല. അത് നിർബ്ബന്ധമാണെങ്കിൽ അവിടുന്ന് അവർക്കത് വ്യക്തമാക്കികൊടുക്കുകതന്നെ ചെയ്യുമായിരുന്നു.

## يوم عرفة

പിന്നെ അറഫാദിനം(ദുൽഹജ്ജ് 9-ാം നു-)സൂര്യോദയത്തിനുശേഷം മിനായിൽനിന്ന് അറഫായിലേക്ക യാത്ര തിരിക്കണം, കഴിയുമെങ്കിൽ ഉച്ച തിരിയുംവരെ നമിറഃയിൽ തങ്ങുന്നതാണ് സുന്നത്ത്. നബി (സ.അ.) അങ്ങനെയാണ് ചെയ്തത്. ഉച്ച തിരിഞ്ഞാൽ ഇമാമോ, അദ്ദേഹത്തിൻെറ പ്രതിനിധിയോ ജനങ്ങൾക്കായി സന്ദർഭോചിതമായ ഒരു പ്രസംഗം നടത്തണം. അന്നും അതിനുശേഷവും ഹാജിമാർ ചെയ്യേണ്ട കാര്യങ്ങൾ അവക്ക വിവരിച്ചുകൊടുക്കണം. അല്ലാഹുവെ ഭയപ്പെട്ടുകൊണ്ട് അവൻെറ തൗഹീദിൽ അടിയുറച്ച ജീവിക്കാനും, എല്ലാ കർമ്മങ്ങളും അല്ലാഹുവിൻെറ പ്രതിഫലം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് ചെയ്യാനും അവരോടു കല്പിക്കണം. അല്ലാഹു ഹറാമാക്കിയ കാര്യങ്ങൾ വെടിഞ്ഞുനില്ക്കാൻ അവരെ താക്കീതു് ചെയ്യണം. അല്ലാഹുവിൻെറ കിതാബും അവൻെറ നബിയുടെ സുന്നത്തും മുറുകെ പിടിച്ചു ജീവിക്കാൻ അവരെ ഉപദേശിക്കണം. അവയനുസരിച്ചു മാത്രം തീരുമാനങ്ങൾ കൈക്കൊള്ളുവാനും എല്ലാ കാര്യങ്ങളിലും അവ രണ്ടിൽനിന്നും വിധി തേടുവാനും അവരെ പ്രേരിപ്പിക്കണം. ഇതൊക്കെയായിരുന്നു നബി(സ.അ.) യുടെ മാതൃക.

അതിനുശേഷം ദുഹ്റും, അസ്റും ജംഉം ഖസ്റുമായിട്ട്, ദുഹ്റിൻെറ സമയത്ത്തന്നെ ഒരു ബാങ്കും രണ്ട് ഇഖാമത്തും വിളിച്ചുകൊണ്ട് നമസ്കരിക്കണം. നബി(സ.അ.) ഇപ്രകാരം ചെയ്തതായിട്ടാണ് ജാബിർ (റ) പറഞ്ഞതായി ഇമാം മുസ്ലിം(റ) രേഖപ്പെടുത്തിയിട്ടുള്ളത്.

## وقوف عرفة

പിന്നെ ഹാജിമാർ അറഫായിൽനില്ക്കണം. بطن عرنة (ബത്ത്നഉർനഃ)ഒഴിച്ചു ബാക്കി മൈതാനം മുഴവൻ നില്ക്കുന്ന സ്ഥലമാണ്. ഖിബ്ലഃക്കും ജബലുറഹ്മത്തിന്നും അഭിമുഖമായി നില്ക്കാൻ കഴിഞ്ഞാൽ അതു സുന്നത്താണ്. രണ്ടിന്നും അഭിമുഖമായി നില്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ഖിബ്ലഃയെ മാത്രം അഭിമുഖീകരിക്കണം. ജബലുറഹ്മത്തിന്നഭിമുഖമായില്ലെങ്കിലും വിരോധമില്ല.

ഈ നില്പിൽ നിന്നുകൊണ്ട് അല്ലാഹുവിനെ ദിക്ർ ചെയ്തും അവനോട് പ്രാർത്ഥിച്ചും താണുകേണപേക്ഷിച്ചു കൊണ്ടും കഴിച്ചുകൂട്ടുന്നതാണ് സുന്നത്ത്. പ്രാർത്ഥിക്കുമ്പോൾ രണ്ടു കയ്യും മേല്പോട്ടുയർത്തണം. തൽബിയത്ത് ചൊല്ലുന്നതും ഖുർആൻ പാരായണം ചെയ്യുന്നതും നല്ലതാണ്.

لاإلهَ إلاَّ اللهُ وَحْدَهُ لا شَرِيكَ لَهُ . لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْئٍ قَدِيرٌ

എന്ന വാക്യം ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കുന്നതും സുന്നത്താണ്. നബി(സ.അ.) പറഞ്ഞു:

"അറഫായിലെ പ്രാർത്ഥനയാണ് പ്രാർത്ഥനകളിൽ ഉത്തമമായത്. ഞാനും എനിക്കുമുമ്പുള്ള പ്രവാചകന്മാരും പറഞ്ഞിട്ടുള്ള വാക്യങ്ങളിൽ ഏററവും ഉത്തമമായിട്ടുള്ളത്

لاإله إلاَّ الله وحده لا شريك له . له الملك وله الحمد وهو على كلّ شيئ قدير

"അല്ലാഹുവല്ലാതെ മററാരാരാധ്യനുമില്ല. അവൻ ഏകൻ മാത്രം. അവന്ന് ഒരു പങ്കുകാരനുമില്ല. അവന്നാണ്

രാജാധിപത്യം, സ്തുതിയും അവന്നുതന്നെ. അവൻ സർവ്വ ശക്തനുമത്രെ, എന്ന വാക്യമാണ്''.

നബി(സ.അ.)യിൽനിന്നു് സഹീഹായി ഇപ്രകാരം രിവായത്ത് ചെയ്യപ്പെട്ടിട്ടുണ്ട്.

: أحب الكلام إلى الله اربع الحديث ''അല്ലാഹുവിന്നു് ഏററവും ഇഷ്ടപ്പെട്ട നാലു് വാക്യങ്ങളുണ്ട്.

سبحان الله والحمد لله ولا إله إلا الله والله اكبر

''അല്ലാഹു സർവ്വത്ര പരിശുദ്ധൻ, സർവ്വ സ്തുതിയും അല്ലാഹുവിന്നു്, അവനല്ലാതെ ആരാധ്യനില്ല, അല്ലാഹു ഏററവും മഹാൻ, ഇവയത്രെ ആ വാക്യങ്ങൾ.

അതിനാൽ ഈ ദിക്റുകൾ വളരെയേറെ വിനയാന്വിതനായും,ഹൃദയസാന്നിദ്ധ്യത്തോടുകൂടിയും ആവർത്തിച്ചു കൊണ്ടിരിക്കേണ്ടതാണ്. കൂടാതെ ശാഇൽ അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും ചൊല്ലാവുന്ന മററു ദിക്റുകളും ദുആകളും വിശിഷ്യാ ഈ മഹത്തായ ദിവസത്തിൽ ഈ സ്ഥലത്ത് വെച്ചു് ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കണം. താഴെ പറയുന്നപോലെയുള്ള സാരസംപൂർണ്ണമായ ദിക്റുകളും ദുആകളും തിരഞ്ഞെടുക്കുന്നതാണുത്തമം.

## തിരഞ്ഞെടുത്ത പ്രാർത്ഥനകൾ

« سُبحان الله وبحمده سُبْحانَ الله العظيم »

''അല്ലാഹുവെ സ്തുതിക്കുന്നതോടുകൂടി ഞാനവന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നു. മഹാനായ അല്ലാഹു സർവ്വത്ര പരിശുദ്ധൻ''.

« لا إلهَ إلاّ أنتَ سُبْحانَكَ إنّي كُنْتُ مِنَ الظّالمينَ »

''നീയല്ലാതെ മറെറാരാരാധ്യനുമില്ല. നീ സർവ്വത്ര

പരിശുദ്ധനത്രെ. തീർച്ചയായും ഞാൻ അക്രമകാരികളുടെ കൂട്ടത്തിൽ പെട്ടുപോയിരുന്നു.''

« لاإلهَ إلاَّ اللهُ ولا نَعْبُدُ إلاَّ إيّاهُ لهُ النِّعْمَةُ وَلهُ الْفَضْلُ وَلهُ الثَّنَاءُ الْحَسَنُ . لاإلهَ إلاَّ اللهُ مُخْلِصِينَ لهُ الدِّينَ وَلوْ كَرِهَ الْكافِرُونَ »

''അല്ലാഹുവല്ലാതെ മററൊരാരാധ്യനുമില്ല. അവനെ മാത്രമല്ലാതെ നാം ആരാധിക്കുന്നില്ല. അവൻെറതാണ് അനുഗ്രഹം. ഔദാര്യവും അവൻെറത് തന്നെ. സൽപ്രശംസകരം അവനുള്ളത്. അല്ലാഹുവല്ലാതെ മററൊരാരാധ്യനുമില്ല; അവനു്മാത്രം നിഷ്കളങ്കമായ വിധേയത്വം അർപ്പിച്ചുകൊണ്ടു്. അവിശ്വാസികരം ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി.

« لاَ حَوْلَ وَلا قُوَّةَ إلاَّ بِاللهِ »

''ബലവും ശക്തിയും അല്ലാഹുവിനെക്കൊണ്ടു് മാത്രം.''

« رَبَّنَا آتِنا فِى الدُّنْيَا حَسَنَةً وَفِى الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ »

''ഞങ്ങളുടെ റബ്ബേ, ഇഹലോകത്ത് നീ ഞങ്ങരംക്ക നന്മ തരേണമെ. പരലോകത്തു നന്മതന്നെ നല്കേണമേ. നരകശിക്ഷയിൽനിന്നു് ഞങ്ങളെ നീ കാത്തു്രക്ഷിക്കണേ''.

« اَللّهُمَّ أصْلِحْ لِى دِينِى الَّذِى هُوَ عِصْمَةُ أمْرِى وَأصْلِحْ لِى دُنْيَاىَ الَّتِى فِيهَا مَعَاشِى وَأصْلِحْ لِى آخِرَتِى الَّتِى فِيهَا مَعَادِى ، وَاجْعَلِ الْحَيَاةَ زِيَادَةً لِى فِى كُلِّ خَيْرٍ وَالْمَوْتَ رَاحَةً لِى مِنْ كُلِّ شَرٍّ »

''അല്ലാഹുവേ, എൻെറ രക്ഷാകവചമായ എൻെറ

ദീനിനെ നീ നന്നാക്കിത്തരണേ. എന്റെ ഉപജീവനം നിലകൊള്ളുന്ന എന്റെ ദുൻയാവും നീ എനിക്ക നന്നാക്കിത്തരണേ, എന്റെ ലക്ഷ്യസ്ഥാനം നിലകൊള്ളുന്ന എന്റെ ആഖിറത്തും നീ എനിക്ക നന്നാക്കിത്തരണേ. ജീവിതത്തെ ഗുണസമ്പൂർണ്ണമാക്കിത്തരണേ; മരണത്തെ എല്ലാ തിന്മയിൽ നിന്നുമുള്ള മുക്തിയും ആക്കിത്തീർക്കണേ.''

أَعُوذُ بِاللهِ مِنْ جُهْدِ الْبَلَاءِ وَدَرْكِ الشَّقَاءِ وَسُوءِ الْقَضَاءِ وَشَمَاتَةِ الاعْدَاءِ

''കഠിനമായ പരീക്ഷണങ്ങളിൽനിന്നും, ദൌർഭാഗ്യബാധയിൽനിന്നും, ദുര്യോഗത്തിൽനിന്നും, ശത്രുക്കൾ എന്റെ ദുരിതംമൂലം സന്തുഷ്ടരാകുന്നതിൽനിന്നും അല്ലാഹുവെ ഞാൻ അഭയം പ്രാപിക്കുന്നു.''

اللَّهُمَّ إِنِّى أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ وَمِنَ الْعَجْزِ وَالْكَسَلِ وَمِنَ الْجُبْنِ وَالْبُخْلِ وَمِنَ الْمَأْثَمِ وَالْمَغْرَمِ وَمِنْ غَلَبَةِ الدَّيْنِ وَقَهْرِ الرِّجَالِ .

''മനസ്താപം, ദുഃഖം, കഴിവുകേട്, അലസത, ഭീരുത്വം, പിശുക്ക്, പാപം, കടബാദ്ധ്യത, കടവർദ്ധന, ജനമർദ്ദനം എന്നിവയിൽ നിന്നെല്ലാം അല്ലാഹുവേ, നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു.''

أَعُوذُ بِكَ اللَّهُمَّ مِنَ الْبَرَصِ وَالْجُنُونِ وَالْجُذَامِ وَمِنْ سَيِّءِ الأَسْقَامِ

''വെള്ളപ്പാണ്ട്, ഭ്രാന്ത്, കുഷ്ഠം, മററ് ചീത്തരോഗങ്ങൾ എന്നിവയിൽനിന്നും അല്ലാഹുവേ, നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.''

اللّـهُمَّ إنّى أسألك العَفْو والعافِيَةَ فى الدُّنيا والآخرة

''അല്ലാഹുവേ, നിൻെറ മാപ്പും, ഇഹപരജീവിതങ്ങളിലെ സൗഖ്യവും ഞാൻ നിന്നോടിരക്കുന്നു.''

اَللّـهُمَّ إنّى أسْألُكَ العَفْوَ وَالْعافِـيَةَ فى دِيْنى وَدُنْيايَ وَأهْلى وَمالِى •

''അല്ലാഹുവേ, നിൻെറ മാപ്പും, ധാർമ്മികവും, ഭൗതികവും, കുടുംബപരവും, സാമ്പത്തികവുമായ സൗഖ്യവും നിന്നോടു് ഞാൻ യാചിക്കുന്നു.''

اَللّـهُمَّ اسْتُرْ عَوْرَاتِى وَآمِنْ رَوْعاتِى واحْفَظْنِى مِنْ بَيْنِ يَدَىَّ وَمِنْ خَلْفِى وَعَنْ يَمِينِى وَعَنْ شِمالِى وَمِنْ فَوْقِى وَأعُوذُ بِعَظَمَتِكَ أنْ أُغْتالَ مِنْ تَحْتِى

''അല്ലാഹുവേ, എൻെറ ഗോപ്യങ്ങളും നീ മറച്ചുവെയ്ക്കേണമേ, എൻെറ ഭയപ്പാടുകളിൽനിന്നും എനിക്കു് നീ അഭയം നൽകേണമേ, മുന്നിൽനിന്നും പിന്നിൽനിന്നും, ഇടത്തു്നിന്നും വലത്തു്നിന്നും, മുകളിൽനിന്നും എന്നെ കാത്തുരക്ഷിക്കേണമേ, ഞാൻ വെട്ടിൽ വീഴ്ത്തപ്പെടുന്നതിൽ നിന്നും നിൻെറമഹത്വത്തെ ഞാൻ ശരണംപ്രാപിക്കുന്നു.''

اَللّـهُمَّ اغْفِرْلى خَطِيئَتى وَجَهْلى وَإسْرافى فى أمْرى وَما أنْتَ أعْلَمُ بِهِ مِنّى

''അല്ലാഹുവേ, എൻെറ കുററങ്ങളും, അവിവേകങ്ങളും, സ്വന്തം കാര്യത്തിലുള്ള അതിരുകവിച്ചിലും, എന്നേക്കാറം കൂടുതൽ നിനക്കറിയാവുന്ന കുററങ്ങളും നീ എനിക്കു് പൊറുത്തു് തരേണമേ''

اَللّـٰهُمَّ اغْفِرْلِى جِـدِّى وَهَزْلِى وَخَـطَـئِى وَعَمْدِى
وَ كُلُّ ذَالِكَ عِنْدِى

''അല്ലാഹുവേ, കളിയായും കാര്യമായും കരുതിക്കൂട്ടിയും എന്റെ പക്കൽനിന്നു് വന്ന എല്ലാ തെററുകളും എനിക്കു് നീ പൊറുത്തുതരേണമെ. അതെല്ലാം എന്റെ പക്കൽ ഉണ്ടു്.''

اَللّـٰهُمَّ اغْفِـرْلِى مَا قَدَّمْتُ وَمَا أَخَّرْتُ وَمَا أَسْرَرْتُ
وَمَا أَعْلَنْتُ وَمَا أَنْتَ أَعْلَمُ بِهِ مِنِّى أَنْتَ الْمُقَدِّمُ
وَأَنْتَ الْمُؤَخِّرُ وَأَنْتَ عَلَى كُلِّ شَيْئٍ قَدِيرٌ

''അല്ലാഹുവേ, ചെയ്തുകൂടാത്തതു് ചെയ്തതും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നതും ഒളിച്ചും തെളിച്ചും ചെയ്ത തെററുകളും, എന്നേക്കാൾ കൂടുതലായി നീ അറിയുന്ന തെററുകളും നീ എനിക്കു് പൊറുത്തുതരേണമേ. നീയാണു് മുന്തിക്കുന്നവൻ. നീതന്നെയാണു് പിന്തിക്കുന്നവനും. നീ സർവ്വതിനും കഴിവുള്ളവനുമത്രെ.

اَللّـٰهُمَّ إِنِّى أَسْأَلُكَ الثَّـبَاتَ فِى الْأَمْرِ وَالْعَزِيمَةَ
عَلَى الرُّشْدِ وَأَسْأَلُكَ شُكْرَ نِعْمَتِكَ وَحُسْنَ
عِبَادَتِكَ وَأَسْأَلُكَ قَلْبًا سَلِيـمًا وَلِسَانًا صَادِقًا
وَأَسْأَلُكَ مِنْ خَيْرِ مَا تَعْلَمُ وَأَعُوذُبِكَ مِنْ شَرِّ مَا تَعْلَمُ
وَأَسْتَغْفِرُكَ لِمَا تَعْلَمُ إِنَّكَ عَلَّامُ الْغُيُوبِ .

''അല്ലാഹുവേ, എല്ലാ കാര്യങ്ങളിലും സ്ഥിരതയും നേർമാർഗ്ഗത്തിൽ ദൃഢതയും ഞാൻ നിന്നോടിരക്കുന്നു. നിന്റെ അനുഗ്രഹങ്ങൾക്കു് നന്ദി ചെയ്യാനും നല്ല നിലയിൽ

നിന്നെ ആരാധിക്കാനുമുള്ള കഴിവ് നീ എനിക്ക് നല്കേണമേ, കറകളഞ്ഞ മനസ്സും, സത്യം പറയുന്ന നാവും, നീ എനിക്ക് പ്രദാനം ചെയ്യണേ. നിനക്കറിയാവുന്നതിൽ ഉത്തമമായിട്ടുള്ളത് ഞാൻ നിന്നോടഭ്യർത്ഥിക്കുന്നു. നിനക്കറിയാവുന്നതിൽ ദോഷകരമായിട്ടുള്ളവയിൽനിന്നു് ഞാൻ നിന്നോട് അഭയം തേടുന്നു. ഞാൻ ചെയ്തതായി നീ അറിയുന്ന തെററുകളിൽനിന്നു് ഞാൻ നിന്നോട് മാപ്പപേക്ഷിക്കുന്നു. തീർച്ചയായും നീ അദൃശ്യങ്ങൾ അറിയുന്നവൻതന്നെ''

اَللّٰهُمَّ رَبَّ النَّبِيِّ مُحَمَّدٍ عَلَيْهِ الصَّلَاةُ وَالسَّلَامُ اِغْفِرْ لِي ذَنْبِي وَأَذْهِبْ غَيْظَ قَلْبِي وَأَعِذْنِي مِنْ مُضِلَّاتِ الْفِتَنِ مَا أَبْقَيْتَنِي

മുഹമ്മദ് നബി (സ.അ)യുടെ റബ്ബായ അല്ലാഹുവേ, എന്റെ പാപം പൊറുക്കണമേ, എന്റെ ഹൃദയത്തിൽനിന്നു് കോപം ദൂരീകരിക്കേണമേ, എനിക്കു് നീ ആയുസ്സ് നീട്ടിത്തരുന്നേടത്തോളം വഴി പിഴപ്പിക്കുന്ന പരീക്ഷണങ്ങളിൽനിന്നു് എനിക്കു് നീ രക്ഷ നൽകേണമേ.

اَللّٰهُمَّ رَبَّ السَّمٰوَاتِ وَرَبَّ الْأَرْضِ وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ فَالِقَ الْحَبِّ وَالنَّوَى مُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْقُرْآنِ، أَعُوذُ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، إِقْضِ عَنِّي الدَّيْنَ وَأَغْنِنِي مِنَ الْفَقْرِ

''ആകാശങ്ങളുടെ നാഥാ, ഭൂമിയുടെ നാഥാ, മഹത്തായ സിംഹാസനത്തിന്റെ നാഥാ, ഞങ്ങളുടെ നാഥാ, എല്ലാ വസ്തുക്കളുടെയും നാഥാ,വിത്തും ബീജകോശവും പിളർക്കുന്നവനേ, തൌറാത്തും ഇഞ്ചീലും, ഖുർആനും അവതരിപ്പിച്ചവനേ, അല്ലാഹുവേ, നിന്റെ നിയന്ത്രണത്തിലുള്ള എല്ലാ വസ്തുക്കളുടെയും തിന്മയിൽനിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു. നീ ആദിയാണ്,നിനക്ക് മുമ്പ് ഒന്നുമില്ല. നീ അന്ത്യമാണ്, നിനക്ക് ശേഷം ഒന്നുമില്ല. നീ പ്രത്യക്ഷസത്യമാകുന്നു. നിന്നെഅതിജയിക്കുന്നതായി യാതൊന്നുമില്ല. നീ നിഗൂഢനാകുന്നു. നിനക്ക് അതീതമായി യാതൊന്നുമില്ല. എന്റെ കടങ്ങൾ നീ വീട്ടിത്തരേണമേ, ദാരിദ്ര്യത്തിൽനിന്ന് നീ എന്നെ മോചിപ്പിക്കേണമേ.

اَللّٰهُمَّ اَعْطِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلَاهَا

''അല്ലാഹുവേ, എന്റെ മനസ്സിന്ന് ഭയഭക്തി പ്രദാനം ചെയ്യേണമേ, അതിനെ സംസ്കരിക്കേണമേ,അതിനെ സംസ്കരിക്കുന്നവരിൽ ഉത്തമനത്രെ നീ. അതിന്റെ രക്ഷാധികാരിയും യജമാനനും നീ തന്നെ.''

اَللّٰهُمَّ اِنِّي أَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ وَأَعُوذُ بِكَ مِنَ الْجُبْنِ وَالْهَرَمِ وَالْبُخْلِ وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ

''അല്ലാഹുവേ, പരാജയത്തിൽനിന്നും അലസതയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. ഭീരുത്വത്തിൽനിന്നും, അവശ വാർദ്ധക്യത്തിൽനിന്നും പിശുക്കിൽനിന്നും ഞാനഭയം പ്രാപിക്കുന്നു. ഖബ്റിലെ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.''

اَللّٰهُمَّ لَكَ أَسْلَمْتُ وَبِكَ آمَنْتُ وَعَلَيْكَ تَوَكَّلْتُ وَإِلَيْكَ أَنَبْتُ وَبِكَ خَاصَمْتُ، أَعُوذُ بِعِزَّتِكَ أَنْ تُضِلَّنِي لَاإِلٰهَ إِلَّا أَنْتَ، أَنْتَ الْحَيُّ الَّذِي لَا يَمُوتُ وَالْجِنُّ وَالْإِنْسُ يَمُوتُونَ

''അല്ലാഹുവേ, എന്റെ സർവ്വസ്വവും നിന്നിലർപ്പിച്ചു. നിന്നിൽ വിശ്വസിച്ചു. നിന്നിൽ ഭരമേല്പിച്ചു. നിങ്കലേക്ക് ഞാൻ താണുകേണു മടങ്ങി. നിന്റെ സഹായം കൊണ്ടാണ് ഞാൻ പൊരുതിയത്. നീ എന്നെ വഴിതെററിക്കുന്നതിൽനിന്നു നിന്റെ പ്രതാപത്തെ ഞാൻ അഭയം പ്രാപിക്കുന്നു. നീയല്ലാതെ മറെറാരാരാധ്യനുമില്ല. മരിച്ചു പോകാതെ ജീവിച്ചിരിക്കുന്നവനാണ് നീ. ജിന്നും മനുഷ്യരും മരിച്ചുപോകുന്നു.''

اَللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ وَمِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا.

അല്ലാഹുവേ, ഫലശൂന്യമായ അറിവിൽനിന്നും, വിനയം കാണിക്കാത്ത ഹൃദയത്തിൽനിന്നും, സംതൃപ്തി വരാത്ത മനസ്സിൽനിന്നും, ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽനിന്നും നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു.'',

اَللّٰهُمَّ جَنِّبْنِي مُنْكَرَاتِ الْأَخْلَاقِ وَالْأَعْمَالِ وَالْأَهْوَاءِ وَالْأَدْوَاءِ

അല്ലാഹുവേ, ദുഷിച്ച സ്വഭാവങ്ങളിൽനിന്നും പ്രവൃത്തികളിൽനിന്നും, ആഗ്രഹങ്ങളിൽനിന്നും രോഗങ്ങളിൽ നിന്നും എന്നെ നീ അകററേണമേ.''

اَللّٰهُمَّ اَلْهِمْنِي رُشْدِي وَاَعِذْنِي مِنْ شَرِّ نَفْسِي.

"അല്ലാഹുവേ, എനിക്കു നീ നല്ല ബുദ്ധി തോന്നിക്കേണമെ, എന്റെതന്നെ തിന്മയിൽനിന്നു എനിക്ക് നീ രക്ഷ നൽകണേ."

اَللّٰهُمَّ اكْفِنِي بِحَلَالِكَ عَنْ حَرَامِكَ وَاَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ.

"അല്ലാഹുവേ, ഹറാമിന്ന് പകരം ഹലാൽകൊണ്ട് എനിക്കു മതിവരുത്തേണമേ, നീയൊഴികെയുള്ളവരിൽ നിന്ന് നിന്റെ ഔദാര്യംകൊണ്ട് എന്നെ നീ നിരാശ്രയനാക്കണേ.

اَللّٰهُمَّ اِنِّي اَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى

"അല്ലാഹുവേ, സന്മാർഗ്ഗവും, ഭയഭക്തിയും, സദാചാരനിഷ്ഠയും, ഐശ്വര്യവും നിന്നോട് ഞാൻ ഇരക്കുന്നു."

اَللّٰهُمَّ اِنِّي اَسْأَلُكَ الْهُدَى وَالسَّدَادَ.

"അല്ലാഹുവേ, സന്മാർഗ്ഗവും, ആർജ്ജവവും നിന്നോട് ഞാൻ തേടുന്നു."

اَللّٰهُمَّ اِنِّي اَسْأَلُكَ مِنَ الْخَيْرِ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ وَمَالَمْ اَعْلَمْ. وَاَعُوذُ بِكَ مِنَ الشَّرِّ كُلِّهِ عَاجِلِهِ وَآجِلِهِ مَاعَلِمْتُ مِنْهُ وَمَالَمْ اَعْلَمْ وَاَسْأَلُكَ مِنْ خَيْرِ مَاسَأَلَكَ مِنْهُ عَبْدُكَ وَنَبِيُّكَ مُحَمَّدٌ صلى اللهُ عليه وسلم وَاَعُوذُ بِكَ مِنْ شَرِّ مَااسْتَعَاذَ مِنْهُ عَبْدُكَ وَنَبِيُّكَ مُحَمَّدٌ صلى اللهُ عليه وسلم.

അല്ലാഹുവേ, ക്ഷണത്തിൽ കിട്ടുന്നതും താമസിച്ചു കിട്ടുന്നതും, എനിക്കറിയാവുന്നതും അറിയാത്തതുമായ എല്ലാ നന്മയും നിന്നോട് ഞാൻ ഇരക്കുന്നു. ക്ഷണത്തിൽ നേരിടുന്നതും, താമസിച്ചു നേരിടുന്നതും എൻെറ അറിവിൽപെട്ടതും അല്ലാത്തതുമായ എല്ലാ ദോഷബാധയിൽനിന്നും നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

നിൻെറ അടിയനും പ്രവാചകനുമായ മുഹമ്മദ്(സ.അ) ഉത്തമമായ എന്തിനെല്ലാം നിന്നോടപേക്ഷിച്ചുവോ അതിനെല്ലാം ഞാനും നിന്നോടപേക്ഷിക്കുന്നു. നിൻെറ അടിയനും പ്രവാചകനുമായ മുഹമ്മദ് (സ. അ) എന്തിൻെറയെല്ലാം തിന്മയിൽനിന്ന് നിന്നെ ശരണം പ്രാപിച്ചുവോ അതിൽനിന്നെല്ലാം ഞാനും നിന്നെ ശരണം പ്രാപിക്കുന്നു.''

اَللّٰهُمَّ اِنِّى اَسْاَلُكَ الجَنَّةَ وَمَا قَرَّبَ اِلَيْهَا مِنْ قَوْلٍ اَوْ عَمَلٍ وَاَعُوذُ بِكَ مِنَ النَّارِ وما قَرَّبَ اِلَيها مِنْ قَوْلٍ اَوْ عَمَلٍ وَاَسْاَلُكَ اَنْ تَجْعَل كُلَّ قَضَاءٍ قَضَيْتَهُ لِى خَيْراً.

''അല്ലാഹുവേ, സ്വർഗ്ഗവും അതോടടുപ്പിക്കുന്ന വാക്കും പ്രവൃത്തിയും ഞാൻ നിന്നോട് ചോദിക്കുന്നു. നരകത്തിൽ നിന്നും അതോടടുപ്പിക്കുന്ന വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു. എനിക്കു നീ വിധിക്കുന്ന എല്ലാ വിധിയും ഏററവും നല്ല വിധിയാക്കണേ എന്നും ഞാൻ നിന്നോടപേക്ഷിക്കുന്നു.''

لاالٰهَ الاَّ اللهُ وحدهُ لاشَرِيكَ لَهُ لَهُ المُلْكُ ولَهُ الحمْدُ يُحْيِى ويُمِيتُ بِيَدِهِ الخَيْرُ وهُوَ عَلَى كُلِّ شَيْئٍ قدير

''അല്ലാഹുവല്ലാതെ മറെറാരാരാധ്യനില്ല. അവൻ ഏകൻമാത്രം. അവന്ന് ഒരു പങ്കുകാരനുമില്ല. അവന്നു

ള്ളതാണ് രാജാധിപത്യം. അവന്നുതന്നെ സർവ്വസ്തുതിയും അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു നന്മ കളം അവന്റെ കയ്യിലാണുള്ളത്. അവൻ സർവ്വശക്തനത്രെ.

سُبْحَانَ اللهِ وَالْحَمْدُ للهِ وَلاَإِلٰهَ إِلاَّ اللهُ وَاللهُ أَكْبَرُ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ الْعَلِيِّ الْعَظِيمِ .

''അല്ലാഹു സർവ്വത്ര പരിശുദ്ധൻ. സർവ്വസ്തുതിയും അല്ലാഹുവിന്ന്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനില്ല. അല്ലാഹു ഏററവും മഹാൻ. ഉന്നതനും മഹാനുമായ അല്ലാഹുവിനെക്കൊണ്ടല്ലാതെ ബലവും ശക്തിയുമില്ല.''

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ .

''അല്ലാഹുവേ, മുഹമ്മദ് നബി (സ.അ.)ക്കും അവിടുത്തെ കുടുംബങ്ങൾക്കും, നീ കാരുണ്യം ചൊരിഞ്ഞുകൊടുക്കേണമെ, ഇബ്രാഹീം നബിക്കും അവിടുത്തെ കുടുംബത്തിന്നും നീ കാരുണ്യം ചൊരിഞ്ഞുകൊടുത്തപോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹാനുമത്രെ. മുഹമ്മദ് നബി (സ.അ.)ക്കും അവിടുത്തെ കുടുംബത്തിന്നും അനുഗ്രഹം വർഷിക്കേണമേ, ഇബ്രാഹീം നബി (സ.അ.) ക്കും കുടുംബത്തിന്നും നീ അനുഗ്രഹം വർഷിച്ചപോലെ. നീ തീർച്ചയായും സ്തുത്യർഹനും മഹാനുംതന്നെ.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ .

''ഞങ്ങളുടെ റബ്ബേ; ഇഹലോകത്ത് നീ ഞങ്ങൾക്ക് നല്ലത് തരേണമേ, നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തു രക്ഷിക്കേണമേ.''

ഈ മഹത്തായ സ്ഥലത്തുനിന്നുകൊണ്ട് മേൽപറഞ്ഞ ദിക്റുകളും ദുആകളും ആ അർത്ഥത്തിലുള്ള മററു ദിക്റുകളും ദുആകളും നബി (സ.അ.)യുടെമേൽ സ ്വ ല ാ ത്തു ം ഹാജി ആവർത്തിച്ചുരുവിട്ടുകൊണ്ടേയിരിക്കണം. ഐഹികവും പാരത്രികവുമായ നന്മക്ക്വേണ്ടി തന്റെ റബ്ബിനോട് അത്യാർത്തിയോടെ കേണപേക്ഷിക്കുകയും വേണം. നബി (സ.അ.) സാധാരണ ഒരു ദുആ മൂന്നുതവണ ആവർത്തിക്കാറുണ്ടായിരുന്നു. ഇക്കാര്യത്തിൽ അവിടുത്തെ മാതൃകതന്നെ ഓരോ ഹാജിയും പിൻപററണം.

ഈ സ്ഥലത്തുവെച്ച് മുസ്ലിം തന്റെ റബ്ബിന്റെ മുമ്പിൽ അങ്ങേഅററം താഴ്മയും വിനയവും കാണിച്ചുകൊണ്ട് അവന്റെ സന്നിധിയിൽ താണുകേണു വണങ്ങികൊണ്ട് അവന്റെ കാരുണ്യവും മാപ്പും ആഗ്രഹിച്ചുകൊണ്ട് അവന്റെ ശിക്ഷയും കോപവും ഭയപ്പെട്ടുകൊണ്ട് സ്വയം വിചാരണനടത്തുകയും കളങ്കരഹിതമായി തൌബഃ പുതുക്കി ഖേദിച്ചു മ ട ങ്ങു ക യു ം വേണം. എന്ത്കൊണ്ടെന്നാൽ ഇതൊരു മഹത്തായ ദിവസവും വമ്പിച്ച സദസ്സുമാണ്. തന്റെ ദാസന്മാരോട് അല്ലാഹു ഏററവും ഔദാര്യം കാണിക്കുകയും അവരെപററി തന്റെ മലക്കുകളുടെ മുമ്പിൽ അഭിമാനം പ്രകടിപ്പിക്കുകയും, നരകത്തിൽനിന്ന് ധാരാളംപേരെ മോചിപ്പിക്കുകയും ചെയ്യുന്ന ഒരു ദിവസമത്രെ അതു്. ബദർദിനമൊഴിച്ചാൽ പിശാച് ഇത്രയും അഭിശപ്തനും നിന്ദ്യനും നീചനുമായി കാണപ്പെട്ട മറെറാരു ദിവസം അറഫാ ദിനത്തെപ്പോലെ ഇല്ല. അല്ലാഹു തന്റെ ദാസന്മാരോട് കാണിക്കുന്ന

ഔദാര്യവും, ഉപകാരവും അവർക്ക് മാപ്പ് നൽകി നരകത്തിൽനിന്ന് ധാരാളമായി മോചിപ്പിക്കുന്നതും പിശാച് കാണുന്നതുകൊണ്ടത്രെ അത്,

عن عائشة (ض) أن النبى ﷺ قال ما من يوم أكثر من أن يعتق فيه عبدا من النار من يوم عرفة وإنه ليدنو ثم يباهى بهم الملئكة فيقول: ما أراد هؤلاء؟ (رواه مسلم)

''അറഫാ ദിവസത്തേക്കാൾ അല്ലാഹു തന്റെ ദാസന്മാരെ നരകത്തിൽനിന്ന് മോചിപ്പിക്കുന്ന മറ്റൊരു ദിവസമില്ല. അന്ന് അവൻ അടുത്തുവന്ന്, ഇവരെന്താണാഗ്രഹിക്കുന്നത് എന്ന് അഭിമാനപൂർവ്വം മലക്കുകളോട് പറയും'' (മുസ്‌ലിം)

ആയതുകൊണ്ട്, അന്ന് മുസ്‌ലിംകൾ തങ്ങളുടെ നന്മകൾ അല്ലാഹുവെ കാണിക്കുകയും ധാരാളമായി ദിക്റും ദുആയും നടത്തി എല്ലാ തെററ്കുററങ്ങളിൽനിന്നും ഖേദിച്ചുമടങ്ങി മാപ്പിരന്ന് തങ്ങളുടെ ശത്രുവായ പിശാചിനെ അപമാനിക്കുകയും വേദനിപ്പിക്കുകയും വേണം. അങ്ങനെ സൂര്യൻ അസ്തമിക്കുന്നതുവരെ, അല്ലാഹുവെ സ്മരിച്ച്കൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും താണുകേണു വണങ്ങിക്കൊണ്ടും ഈ സ്ഥലത്ത് കഴിച്ചുകൂട്ടണം.

സൂര്യനസ്തമിച്ചുകഴിഞ്ഞാൽ നബി (സ.അ.) യുടെ മാതൃകയനുസരിച്ചു വളരെ അടക്കത്തോടും ഗൌരവത്തോടുംകൂടി മുസ്ദലിഫഃയിലേക്കു നീങ്ങണം. അപ്പോൾ ധാരാളമായി തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കയും വിസ്താരമുള്ള വഴിയിലെത്തുമ്പോൾ ധൃതിയിൽനടക്കുകയും ചെയ്യണം. സൂര്യനസ്തമിക്കുന്നതിന്ന് മുമ്പ് യാതൊരു കാരണവശാലും അറഫഃയിൽനിന്നു തിരിക്കാൻ പാടില്ല. എന്ത്കൊണ്ടെന്നാൽ നബി (സ.അ.) സൂര്യനസ്തമിക്കുന്ന

ത്വരെ അറഫഃയിൽനിന്നിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: ''നിങ്ങളുടെ ഹജ്ജ് കർമ്മങ്ങൾ എന്നിൽനിന്ന് നിങ്ങൾ പഠിക്കണം.''

## മുസ്ദലിഫഃയിൽ

മുസ്ദലിഫയിൽ എത്തിയാൽ മഗ്രിബ് മൂന്നു റക്അത്തും ഇശാ രണ്ട് റക്അത്തും ജംആയി ഒരു ബാങ്കും രണ്ട് ഇഖാമത്തുംനടത്തി നമസ്കരിക്കണം. നബി(സ.അ.)യുടെ മാതൃകയനുസരിച്ച അവിടെ എത്തിയഉടനെത്തന്നെ നമസ്കരിക്കണം. മഗ്രിബിൻെറസമയത്ത്തന്നെ എത്തിയാലും ശരി ഇശായുടെ സമയമായതിന്നുശേഷം എത്തിയാലും ശരി. മുസ്ദലിഫഃയിലെത്തിയ ഉടനെത്തന്നെ നമസ്കരിക്കുന്നതിന്നുമുമ്പായി ജംറഃകളിൽ എറിയാനുള്ള കല്ലുകൾ പെറുക്കിക്കൂട്ടുകയാണ് ശറഇൽ വേണ്ടതെന്ന വിശ്വാസത്തോടെ ചില സാധാരണക്കാർ അങ്ങനെ ചെയ്യുന്നത് തെററും അടിസ്ഥാനരഹിതവുമാണ്. മശ്അറുൽ ഹറാമിൽനിന്ന് മിനായിലേക്കു തിരിച്ചതിനു ശേഷമേ കല്ലുകൾപെറുക്കിക്കൂട്ടാൻ നബി(സ.അ.)കല്പിച്ചിട്ടുള്ളു.കല്ലുകൾ എവിടെനിന്നു പെറുക്കിയാലും മതി. മുസ്ദലിഫായിൽനിന്നുതന്നെ പെറുക്കിക്കൂട്ടണമെന്നില്ല. മിനായിൽ നിന്ന് പെറുക്കിയാലും മതി. ജംറത്തുൽ അഖബഃയിൽ എറിയുന്നതിന്നായി ഏഴു കല്ലുമാത്രം അന്നു പെറുക്കിയെടുക്കുക. ബാക്കിയുള്ള മൂന്നു ദിവസങ്ങളിൽ ഇരുപത്തിഒന്ന് കല്ല്വീതം മൂന്ന് ജംറഃകളിലും എറിയുന്നതിന്നായി മിനായിൽനിന്ന്തന്നെ ഓരോ ദിവസവും പെറുക്കിയെടുക്കുക എന്നതാണു സുന്നത്ത്. അതുതന്നെയാണ് നബി (സ.അ.)യുടെ മാതൃക.

കല്ലു കഴുകേണ്ടതില്ല. കഴുകാത്ത കല്ലുകൊണ്ട്തന്നെ എറിയണം. നബി(സ.അ.)യും സഹാബത്തും അപ്രകാ

രം ചെയ്യതായി മാത്രമേ ഉദ്ധരിക്കപ്പെട്ടിട്ടുള്ളു. ഒരിക്കൽ എറിഞ്ഞ കല്ലുകൊണ്ടു് വീണ്ടും എറിയാൻ പാടില്ല.

ഈ രാത്രി ഹാജിമാർ മുസ്ദലിഫഃയിൽത്തന്നെ കഴിക്കണം. ബലഹീനരായ സ്ത്രീകൾക്കും കുട്ടികൾക്കും മററും രാത്രിയുടെ അന്ത്യയാമങ്ങളിൽ മിനായിലേക്കു് പുറപ്പെടുന്നതിന്നു് വിരോധമില്ല. ആയിശഃ(റ)യിൽനിന്നും ഉമ്മുസലമഃ (റ) യിൽനിന്നും ഉദ്ധരിക്കപ്പെട്ട ഹദീസുകൾ അതിന്നു് തെളിവാണു്. മററുള്ള ഹാജിമാർ സുബ്ഹ് നമസ്കാരം കഴിയുന്നതുവരെ അവിടെത്തന്നെ കഴിച്ചു കൂട്ടുകയും പിന്നീടു നേരം വെളിച്ചമാകുന്നതു് വരെ മശ്അറുൽ ഹറാമിൽനിന്നു് ധാരാളമായി ദിക്റും തക്ബീറും ദുആഉം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യണം. ഇവിടെ വെച്ചുള്ള പ്രാർത്ഥനയിൽ ഇരുകരങ്ങളും ഉയർത്തുന്നതു സുന്നത്താണു്. മുസ്ദലിഫഃയിൽ എവിടെ നിന്നാലും മതി. മശ്അറുൽഹറാമിൻെറ അടുത്ത്തന്നെ നിൽക്കണമെന്നോ, അതിൽ കയറിനില്ക്കണമെന്നോ ഒന്നുമില്ല. നബി(സ.അ.) പറഞ്ഞിട്ടുള്ളതിപ്രകാരമാണു്.

وَقَفْتُ هٰهُنَا وَجَمْعٌ كُلُّهَا مَوْقِفٌ (رواه مسلم)

ഞാനിവിടെ (മശ്അറുൽ ഹറാമിൽ) യാണു് നിന്നതു്. എന്നാൽ ജംഉ് (മുസ്ദലിഫഃ) മുഴവൻ നില്ക്കാവുന്ന സ്ഥലമാണു്. (മുസ്ലിം)

## മിനായിലേക്കുള്ള നീക്കം

നേരം നല്ലപോലെ വെളുത്താൽ സൂര്യൻ ഉദിക്കുന്നതിന്നു മുമ്പായി മിനായിലേക്കു തിരിക്കണം. നടക്കുമ്പോൾ ധാരാളമായി തൽബിയത്തു് ചൊല്ലിക്കൊണ്ടിരിക്കണം. മുഹസ്സിർ താഴ്വരയിലെത്തുമ്പോൾ അല്പം ധൃതികൂട്ടി നടക്കണം. മിനായിലെത്തിയാൽ ജംറത്തുൽ അഖബായുടെ അടുത്തു്വെച്ചു് തൽബിയത്തു് നിർത്ത

ണം. ഉടനെത്തന്നെ ഏഴ് ക കാംകൊണ്ട് തുടച്ച്യായി അഖബായെ എറിയണം. എറിയുമ്പോാം കൈ ഉയർത്തു കയും തക്ബീർചൊല്ലുകയും വേണം. ബത്വ്നൽ വാദിയിൽ നിന്ന്കൊണ്ട് കഅ:ബയെ ഇടത്തും മിനായെ വലത്തും ആക്കിയാണ് എറിയേണ്ടത്. അങ്ങനെയാണ് നബി (സ.അ.) ചെയ്തത്.

മററു വശങ്ങളിൽനിന്നെറിയുന്നതുകൊണ്ട് വിരോധമില്ല. കല്ലുകാം ലക്ഷ്യത്തിൽ പതിക്കണമെന്ന മാത്രം. കല്ലുകാം ലക്ഷ്യത്തിൽ (ജം.റഃയുടെ തടത്തിൽ) തന്നെ അവശേഷിക്കണമെന്ന് നിബന്ധനയൊന്നുമില്ല. ലക്ഷ്യത്തിൽത്തന്നെ കല്ല്വീഴണമെന്നേ നിബന്ധനയുള്ളു. അതിന്ന് ശേഷം കല്ല് പുറത്ത്പോയാൽ അതു്കൊണ്ട് വിരോധമില്ല. ഇമാം നവവി (റ) ശറഹുൽ മുഹദ്ദബിൽ വ്യക്തമാക്കിയപോലെ പണ്ഡിതന്മാരുടെ വ്യക്തമായ അഭിപ്രായം ഇതാണ്. കടലമണികളെക്കാളും അല്പം വലുപ്പമുള്ള ചെറുതരം ചരൽക്കല്ലുകളാണ് എറിയാൻ ഉപയോഗിക്കേണ്ടതു്.

കല്ലേറു കഴിഞ്ഞതിന് ശേഷം ബലിമൃഗങ്ങളെ അറുക്കണം.

بِسْمِ اللهِ وَاللهُ اَكْبَرُ، اَللّٰهُمَّ هٰذَا مِنْكَ وَلَكَ

എന്നു പറഞ്ഞുകൊണ്ട് ഖിബ്ലാക്ക് നേരെ തിരിച്ചു കിടത്തിവേണം അറുക്കാൻ. ഒട്ടകത്തെ ഇടത്കൈപിടിച്ചു കെട്ടിനിറുത്തിയും, ആട്, പശു മുതലായവയെ ഇടതുവശം ചെരിച്ചുകിടത്തിയും അറുക്കുന്നതാണ് സുന്നത്ത്. ഖിബ്ലക്കുനേരെ തിരിച്ചുകിടത്താതെ അറുത്താൽ സുന്നത്ത് ഉപേക്ഷിച്ചുവെന്നല്ലാതെ അറവ് നിഷ്ഫലമാവുകയൊന്നുമില്ല. ഖിബ്ലാക്ക് തിരിക്കൽ സുന്നത്ത് മാത്രമാണ്, വാജിബൊന്നുമല്ല.

താൻ ബലിയറുത്ത മൃഗത്തിൻെറ മാംസം താൻ ഭക്ഷിക്കുകയും, സമ്മാനിക്കുകയും ധമ്മംചെയ്യുകയുംവേണം. അല്ലാഹു പറയുന്നു:

فَكُلُوا مِنْهَا وَأَطْعِمُوا الْبَائِسَ الْفَقِيرَ

"അതിൽനിന്നു് സ്വയം ഭക്ഷിക്കുകയും കഷ്ടപ്പെടുന്നവരെയും ദരിദ്രരെയും ഭക്ഷിപ്പിക്കുകയും ചെയ്ക." പണ്ഡിതന്മാരുടെ ഏററവും ശരിയായ അഭിപ്രായമനുസരിച്ച് തശ്‌രീഖ്ദിനങ്ങളിൽ മൂന്നാമത്തെ ദിവസം സൂര്യനസ്തമിക്കുന്നതുവരെ അറവിൻെറ സമയം നീണ്ടുനിൽക്കും. അപ്പോൾ يوم النحر (അറവുനാൾ) അടക്കം നാലു ദിവസം അറക്കാവുന്ന ദിവസങ്ങളാണ്. അറവു കഴിഞ്ഞതിന്നുശേഷം തല മുണ്ഡനം ചെയ്കയോ മുടിമുറിക്കുകയോ ചെയ്യണം. മുടി വടിച്ചുകളയുന്നതാണുത്തമം. മുടി കളയുന്നവക്കവേണ്ടി നബി (സ.അ.) മൂന്നു തവണ മഗ്ഫിറത്തിന്നും റഹ്മത്തിന്നുമായി പ്രാത്ഥിച്ചു. മുടി മുറിക്കുന്നവക്കവേണ്ടി ഒരു തവണ മാത്രമേ പ്രാത്ഥിച്ചുള്ളു. തലയിൽ അല്പഭാഗം മുറിച്ചുകളഞ്ഞാലും പോരാ. മുറിക്കുകയാണെങ്കിൽ മുഴവൻ മുറിക്കണം. അപ്രകാരംതന്നെയാണ് മുടികളയുന്നതും. സ്ത്രീകൾ ഓരോ മിടഞ്ഞിട്ട മുടിക്കെട്ടിൽനിന്നും വിരൽക്കോടിയോളം മുറിച്ചുകളയണം.

ജംറത്തുൽഅഖബായിൽ കല്ലെറിയുകയും. മുടികളയുകയോ, മുറിക്കുകയോ ചെയ്കയും കഴിഞ്ഞാൽ മുഹ്‌രിമിന്നു ഹറാമായിരുന്ന കാര്യങ്ങളിൽ സ്ത്രീയല്ലാത്ത മറെറല്ലാ കാര്യങ്ങളും ഹാജിക്ക് ഹലാലായിക്കഴിഞ്ഞു. ഇതിന്നാണ് ഒന്നാമത്തെ തഹല്ലുൽ എന്നു പറയുന്നത്. ഈ തഹല്ലുലിന്നുശേഷം സുഗന്ധം പൂശുന്നതും طواف الافاضة ന്നായി മക്കയിലേക്ക് പോകുന്നതും സുന്നത്താണ്. ആയി

ശ: (റ)യുടെ ഹദീസിൽ ഇതിന്നു തെളിവുണ്ട്. അവർ പറഞ്ഞു:

كُنتُ أُطيِّبُ رسول الله ﷺ لإحرامه قبلَ أن يُحرِمَ وَلِحِلِّه قبلَ أن يطوفَ بالبيتِ (متفق عليه)

ഇഹ്റാമിന്നുവേണ്ടി ഇഹ്റാമിന്നു മുമ്പും ഹലാലാവുന്നതിന്നുവേണ്ടി ത്വവാഫിന്നു മുമ്പും ഞാൻ നബി (സ.അ.) യെ സുഗന്ധം പൂശാറുണ്ടായിരുന്നു. (ബു.മു.)

ഈ ത്വവാഫിന്നു طواف الافاضة എന്നും طواف الزيارة എന്നും പറയുന്നു. ഇത് ഹജ്ജിന്റെ റുക്നുകളിൽ(فرض) ഒന്നാണ്. അതു കൂടാതെ ഹജ്ജ് പൂർത്തിയാകുന്നതല്ല. താഴെ പറയുന്ന ഖുർആൻവാക്യത്തിന്റെ താല്പര്യം അതാണ്.

ثم ليقضوا تفثهم وليوفوا نذورهم وليطوفوا بالبيت العتيق (الحج: ٢٩)

„പിന്നീടവർ അവരുടെ അഴുക്കുകൾ നീക്കംചെയ്യുകയും നേർച്ചകൾ വീട്ടുകയും പുണ്യഭവനം പ്രദക്ഷിണം (ത്വവാഫ്) ചെയ്യുകയും വേണം.'' (ഹജ്ജ്: 29)

ത്വവാഫും, മഖാമുഇബ്രാഹീമിന്റെ പിന്നിൽ നിന്നു രണ്ട് റക്അത്ത് നമസ്കാരവും കഴിഞ്ഞശേഷം ,മുതമത്തിആണെങ്കിൽ സ്വഫാക്കും മർവ:ക്കുമിടയിൽ ,സഉ്യ്'' നടത്തണം. ഇത് ഹജ്ജിന്റെ ‚സഉ്യാണ്''; ആദ്യം ചെയ്തത് ഉംറഃയുടെതും.

പണ്ഡിതന്മാരുടെ ഏററവും പ്രബലമായ അഭിപ്രായമനുസരിച്ച് ഒററ സഉ്യ് മതിയാകുകയില്ല. ആയിശ:(റ) യുടെ ഹദീസ് ഇതാണ് കുറിക്കുന്നത്. അവർ പറഞ്ഞു:

''ഞങ്ങൾ റസൂലുല്ലാഹി(സ.അ.)യുടെ കൂടെ ഹജ്ജിന്ന പുറപ്പെട്ടു. റസൂൽ (സ) കല്പിച്ചു: ബലിമൃഗം കൂടെ കൊണ്ടു വന്നവർ ഹജ്ജിന്നും ഉംറ:ക്കു കൂടി ഇഹ്റാം കെട്ടുകയും ഹജ്ജിൽനിന്നും ഉംറ:യിൽനിന്നും ഒപ്പം ഹലാലാകുകയും ചെയ്യണം.'' പിന്നീടവർ പറഞ്ഞു: ''ഉംറാക്കുവേണ്ടി ഇഹ്റാം കെട്ടിയവർ കഅ്ബയും സ്വഫാ മർവ:യും ത്വവാഫ്ചെയ്തു് ഇഹ്റാമിൽനിന്നു് ഒഴിവായി. പിന്നീടവർ മിനായിൽനിന്ന മടങ്ങിയശേഷം ഹജ്ജിന്നുവേണ്ടി വീണ്ടും ഒരു ത്വവാഫ്കൂടി ചെയ്തു.'' (ബുഖാരി, മുസ്ലിം)

മിനായിൽനിന്ന മടങ്ങിയശേഷം ഹജ്ജിന്നുവേണ്ടി വീണ്ടും ഒരു ത്വവാഫ്കൂടി ചെയ്തു എന്നു് ഉംറ:ക്കുവേണ്ടി ഇഹ്റാം കെട്ടിയവരെക്കുറിച്ചു് ആയിശ (റ) പ്രസ്താവിച്ചതിൽ ത്വവാഫ്കൊണ്ടുദ്ദേശിക്കുന്നതു് സ്വഫാക്കും മർവാക്കുമിടയിലെ ത്വവാഫ്* (സഉ്യ്) ആകുന്നു. ഈ ഹദീസിൻെറ വ്യാഖ്യാനങ്ങളിൽ ഏററവും പ്രബലമായ അഭിപ്രായമാണതു്. طواف الافاضة ആണ് അതുകൊണ്ടവർ ഉദ്ദേശിച്ചതെന്നുള്ള അഭിപ്രായം ശരിയല്ല. എന്തുകൊണ്ടെന്നാൽ طواف الافاضة എന്ന നിലക്കു് ഹജ്ജിൻെറ റുക്നു് എല്ലാവരും ചെയ്തിട്ടുണ്ടു്. ഇവിടെ' മുതമത്തിഇ'നെ മാത്രം ബാധിക്കുന്ന ത്വവാഫാണുദ്ദേശം. അതു് ഹജ്ജിൻെറ പൂർത്തീകരണത്തിന്നായി മിനായിൽനിന്നു് മടങ്ങിവന്ന ശേഷം സഫാ മർവക്കിടയിലുള്ള രണ്ടാമത്തെ ത്വവാഫ് (സഉ്യ്)തന്നെയാണു്. ഇതു് വളരെ വ്യക്തമാണു് الحمد لله

---

*ത്വവാഫ് എന്ന പദം സ്വഫാമർവാകൾക്കിടയിലെ സഉ്യിന്നു് ഹദീസുകളിൽ ധാരാളം പ്രയോഗിച്ചിട്ടുണ്ടു്.

— വിവ:

അധിക പണ്ഡിതന്മാരുടെ അഭിപ്രായവും ഇതാണ്. ഇമാം ബുഖാരി (റ) തന്റെ 'ജാമിഉസ്സ്വഹീഹി'ൽ അനുബന്ധമായി ചേർത്തിട്ടുള്ള ഇബ്നുഅബ്ബാസിന്റെ ഹദീസ് ഇതിനുപോൽബലകമാണ്.

ഹജ്ജിലെ തമത്തുഇനെക്കുറിച്ച് ചോദ്യമുണ്ടായപ്പോൾ ഇബ്നുഅബ്ബാസ് (റ) ഇപ്രകാരം മറുപടി പറഞ്ഞു: "ഹജ്ജത്തുൽവിദാഇ"ൽ മുഹാജിറുകളും അൻസാറുകളും നബി(സ അ.)യുടെ പത്നിമാരും ഞങ്ങളും ഇഹ്റാം കെട്ടി മക്കയിൽ വന്നപ്പോൾ റസൂലുല്ലാഹി(സ.അ.) ഇപ്രകാരം പറഞ്ഞു:

اِجْعَلُوا إِهْلَالَكُمْ بِالْحَجِّ عُمْرَةً إِلَّا مَنْ قَلَّدَ الْهَدْيَ

"ബലിമൃഗം കൂടെ കൊണ്ടുവന്നിട്ടില്ലാത്തവരെല്ലാം തങ്ങളുടെ ഹജ്ജിനുള്ള ഇഹ്റാം ഉംറ:ക്കുള്ളതാക്കി മാററിയേക്കണം." അങ്ങനെ ഞങ്ങൾ കഅ്ബയെയും സ്വഫായെയും മർവയെയും ത്വവാഫ് ചെയ്തു. തുടന്ന് സ്ത്രീകളെ സമീപിച്ചു വസ്ത്രങ്ങളണിഞ്ഞു. ബലിമൃഗങ്ങൾ കൂടെ കൊണ്ടുവന്നവർ അവ യഥാസ്ഥാനത്തെത്തുന്നതുവരെ ഹലാലായിക്കൂടെന്ന് നബി (സ.അ.) കല്പിച്ചു. പിന്നീട് തർവിയത്ത്നാളിൽ വൈകുന്നേരം ഞങ്ങളോട് ഹജ്ജിനു ഇഹ്റാംകെട്ടാൻ കൽപിച്ചു. ഹജ്ജ്കർമ്മങ്ങളിൽനിന്നു വിരമിച്ചപ്പോൾ ഞങ്ങൾവന്നു കഅ്ബയും സ്വഫായും മർവയും ത്വവാഫ്ചെയ്യണമെന്നും ഞങ്ങളോട് കല്പിച്ചു. തമത്തുഇൽ രണ്ട് തവണ സ്വഫാക്കും മർവ:ക്കുമിടയിലുള്ള സഅ്യുകൾ നടത്തണമെന്നതിന്ന് ഈ ഹദീസ് വളരെ വ്യക്തമായ തെളിവത്രെ. والله أعلم

എന്നാൽ നബി (സ.അ.)യും സ്വഹാബത്തും സ്വഫാക്കും മർവ:ക്കുമിടയിൽ ആദ്യത്തെ ഒരൊററ ത്വവാഫ്മാത്രമേ ചെയ്തിട്ടുള്ളുവെന്ന ജാബിർ (റ) വിൽനിന്നും ഇമാം

മുസ്ലിം രേഖപ്പെടുത്തിയിട്ടുള്ള ഹദീസിൽ പറഞ്ഞിട്ടുള്ളത് ബലിമൃഗങ്ങളെ കൂടെ കൊണ്ടുവന്ന സഹാബികൾക്ക് മാത്രം ബാധകമാണ്. അവർ നബി(സ.അ.)യുടെ കൂടെ ഇഹ്റാമിൽതന്നെ തുടരുകയും ഹജ്ജിൽനിന്നും ഉംറ:യിൽനിന്നും ഒപ്പം ഒഴിവാകുകയുമാണുണ്ടായത്. നബി(സ.അ.) ഹജ്ജിന്നും ഉംറ:ക്കും കൂടിയായിരുന്നു ഇഹ്റാം കെട്ടിയിരുന്നത്. ബലിമൃഗം കൂടെ കൊണ്ടുവന്ന സഹാബികളോട് ഹജ്ജിന്നും ഉംറ:ക്കും ഒന്നായി ഇഹ്റാം കെട്ടുവാനും രണ്ടിൽനിന്നും ഒന്നിച്ചുമാത്രം ഒഴിവാകുവാനുമാണ് കല്പിച്ചിരുന്നത്. ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാം കെട്ടിയ 'ഖാരിന്നു'' ഒരൊററ സഉ്യ് മാത്രമേ വേണ്ടതുള്ളുവെന്നു് ജാബിർ (റ) വിൻെറ പ്രസ്തുത ഹദീസിൽനിന്നും മററു സഹീഹായ ഹദീസുകളിൽനിന്നും വ്യക്തമാണ്.

ഇപ്രകാരം ഹജ്ജിന്നുമാത്രം ഇഹ്റാംകെട്ടിയ, ദുൽഹജ്ജ് 10 വരെ ഇഹ്റാമിൽ കഴിച്ചുകൂട്ടേണ്ട മുഫ്രിദിന്നും ഒരു സഉ്യ്മാത്രം ചെയ്താൽ മതി. ത്വവാഫുൽ ഖുദൂമിന്നുശേഷം സഉ്യ് നടത്തിയ മുഫ്രിദിന്നും ഖാരിന്നും ത്വവാഫുൽ ഇഫാദത്തിന്നുശേഷം സഉ്യ് ചെയ്യേണ്ടതില്ല. ഇപ്രകാരമാണ് ആയിശ (റ) യുടെയും ജാബിറി(റ)ൻെറയും ഇബ്നുഅബ്ബാസിൻെറയും ഹദീസുകൾ തമ്മിൽ യോജിപ്പിക്കേണ്ടത്. അങ്ങനെ ആശയക്കുഴപ്പം ഇല്ലാതാകുകയും എല്ലാ ഹദീസുകൾക്കും തുല്യപ്രാബല്യം ലഭിക്കുകയും ചെയ്യും.

ഈ സംയോജിപ്പിക്കലിന്നു് മറെറാരു കാര്യംകൂടി ഉപോൽബലകമായുണ്ട്. ആയിശ (റ)യുടെയും ഇബ്നു അബ്ബാസി (റ) ൻെറയും സഹീഹായ ഹദീസുകൾ മുതമത്തിഇന്നു രണ്ടാംസഉ്യിനെ സ്ഥിരപ്പെടുത്തുന്നു. ജാബിർ (റ)ൻെറ ഹദീസ് അത് ഇല്ലെന്നു കാണിക്കുന്നു. ഇത്തരം

സന്ദർഭങ്ങളിൽ സ്ഥിരപ്പെടുത്തുന്ന ഭാഗത്തിന്നാണ് മുൻഗണന നൽകേണ്ടതെന്ന കാര്യം സർവ്വസമ്മതമാണല്ലോ.

والله سبحانه وتعالى هو الموفق للصواب ولاحول ولاقوة الا بالله

മാസം പത്തിനുതന്നെ നാലു കാര്യങ്ങളും മുൻപറഞ്ഞ പോലെ വഴിക്കുവഴി ചെയ്യുന്നതാണ് ഹാജിക്ക് ഏററം നല്ലത്. അതായത്, ആദ്യം ജംറത്തുൽ അഖബഃയിൽ കല്ലെറിയുക, പിന്നെ അറവ് നടത്തുക, പിന്നെ മുടി കളയുകയോ മുറിക്കുകയോ ചെയ്യുക. പിന്നെ കഅ്ബഃയെ ത്വവാഫ്ചെയ്യുക. മുതമത്തിഉം, ത്വവാഫുൽഖുദൂമോടൊപ്പം സഅ്യ് നടത്താത്ത മുഫ്രിദും ഖാരിനും പിന്നീട് സഅ്യും നടത്തണം. ഈ ക്രമം തെററിക്കുന്നതിൽ വിരോധമൊന്നുമില്ല. അങ്ങനെ ചെയ്തുപോയവർക്കെല്ലാം നബി (സ.അ.) വിട്ടുവീഴ്ച അനുവദിച്ചതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

ഒരു ഹാജി പൂർണ്ണമായും തഹല്ലുലാകുന്നത് മൂന്ന് കാര്യങ്ങൾകൊണ്ടാണ്. ഒന്ന്: ജംറത്തുൽഅഖബഃയിലെ കല്ലേറ്. രണ്ട്: മുടികളയുകയോ മുറിക്കുകയോ ചെയ്ക. മൂന്ന്: طواف الافاضة യും മേൽപ്രസ്താവിച്ചവരാണെങ്കിൽ കൂടെ സഅ്യും നടത്തുക. ഈ മൂന്നു കാര്യങ്ങളുംചെയ്താൽ ഇഹ്റാംകൊണ്ട് ഹറാമായിരുന്ന സ്ത്രീ, സുഗന്ധം പോലെയുള്ള എല്ലാ കാര്യവും ഹാജിക്ക് ഹലാലായിത്തീന്നു. ഇവയിൽ രണ്ടു കാര്യം ഒരാൾ ചെയ്താൽ സ്ത്രീയൊഴികെ ബാക്കി ഇഹ്റാംകൊണ്ട് ഹറാമായ കാര്യങ്ങൾ ഹലാലായി, ഇതിനാണ് ഒന്നാംതഹല്ലുൽ എന്നുപറയുന്നത്.

വയർ നിറയെ സംസംവെള്ളം കുടിക്കുന്നതും, ആവശ്യമായ പ്രാത്ഥനകൾ നടത്തുന്നതും ഹാജിക്കു സുന്നത്താണ്. ''എന്തിന്നുവേണ്ടി കുടിച്ചുവോ അതിന്നു് സംസം

വെള്ളം പ്രയോജനപ്പെടുന്നു'' എന്നു് നബി (സ:അ.) പറഞ്ഞതായി രേഖപ്പെട്ടിട്ടുണ്ടു്.

അബൂദർറ് (റ)വിൽനിന്നു് ഇമാം മുസ്ലിം ഇങ്ങനെ രേഖപ്പെടുത്തീട്ടുണ്ടു്. നബി (സ.അ.) സംസംവെള്ളത്തെപ്പററി ഇപ്രകാരം പറഞ്ഞു;

اِنَّهُ طَعَامُ طُعْمٍ زاد ابوداود وَشِفَاءُ سَقَمٍ

''അതു് വിശപ്പിനു് ഭക്ഷണവും രോഗത്തിനു് ഔഷധവുമത്രെ.''

طواف الافاضة കഴിഞ്ഞു ആവശ്യമുള്ളവർ സഉ്യും നടത്തിയാൽ ഹാജിമാർ മിനായിലേക്കുതന്നെ മടങ്ങണം. അവിടെ തുടന്നുകൊണ്ടുള്ള മൂന്നു രാവും പകലും കഴിച്ചുകൂട്ടണം. മൂന്നു ദിവസങ്ങളിലും മൂന്നു ജം:റ:കളിലും കല്ലേറു നടത്തിക്കൊണ്ടിരിക്കണം. ഉച്ചതിരിഞ്ഞ ശേഷമാണു് കല്ലേറു നടത്തേണ്ടതു്. ക്രമപ്രകാരം ജംറത്തുൽഊലായിൽ, അഥവാ മസ്ജിദുൽഖൈഫിനോടു് ഏററവും അടുത്ത ജംറയിൽനിന്നാണു് കല്ലേറു് തുടങ്ങേണ്ടതു്. തുടർച്ചായി ഏഴു് കല്ലുകളാ ഓരോന്നും കൈ ഉയർത്തി എറിയണം. പിന്നെ അൽപം പിന്നോട്ടു്നിന്നു ജം:റ:യെ ഇടതുവശത്താക്കി ഖിബു്ലക്കു മുന്നിട്ടുനിന്നു ഇരുകൈകളുമുയർത്തി ധാരാളമായി പ്രാർത്ഥിക്കുകയും കേണപേക്ഷിക്കുകയും വേണം.

പിന്നെ രണ്ടാമത്തെ ജ റ:യിലും ഒന്നാമത്തേതിലെപ്പോലെ എറിയുക. അല്പം മുന്നോട്ടുനിന്നു ജം:റ:യെ വലതുവശത്താക്കി ഖിബു്ലക്കു മുന്നിട്ടുകൊണ്ടു് ഇരുകരങ്ങളുമുയർത്തി വളരെയേറെ പ്രാർത്ഥിക്കുന്നതാണു് സുന്നത്തു്.

പിന്നെ മൂന്നാമത്തെ ജം:റ:യിൽ കല്ലെറിയണം. അവിടെ നില്ക്കേണ്ടതില്ല. 'അയ്യാമുത്തശു്രീഖി'ലെ രണ്ടാം

ദിവസവും ജംറ:കളിൽ മൂന്നിലും ഉച്ചക്കശേഷം ഒന്നാം ദിവസത്തെ ക്രമപ്രകാരവും മുറപ്രകാരവുംതന്നെ കല്ലെറിയുകയും പ്രാത്ഥിക്കുകയും ചെയ്യണം. അതാണ് നബി (സ.അ.)യുടെ മാതൃക. മാസം 11, 12 എന്നീ ദിവസങ്ങളിലെ കല്ലേറ് ഹജ്ജിൻെറ വാജിബുകളിൽപ്പെട്ട ഒരു വാജിബാണ്. അപ്രകാരംതന്നെ ഒന്നും രണ്ടും രാവുകളിൽ മിനായിൽ രാത്രി കഴിച്ചുകൂട്ടുന്നതും വാജിബാണ്. എന്നാൽ വെള്ളം (زمزم) വിതരണക്കാക്കും ഇടയക്കും അവരെപ്പോലെയുള്ളവക്കും അത് വാജിബല്ല.

പ്രസ്തുത രണ്ടു ദിവസത്തെ കല്ലേറിനുശേഷം ധൃതിയിൽ മിനാ വിടണമെന്നാഗ്രഹിക്കുന്നവക്ക് അങ്ങിനെയാവാം. സൂര്യൻ അസ്തമിക്കുംമുമ്പുതന്നെ അവർ സ്ഥലംവിടണം. എന്നാൽ മൂന്നാമത്തെ രാത്രിയും അവിടെ കഴിച്ചുകൂട്ടി മൂന്നാംദിവസത്തെ ജംറഃകളിലും കല്ലേറ്കഴിക്കാൻ കാത്തിരിക്കുന്നതാണ് ഏററവും ശ്രേഷ്ഠമായിട്ടുള്ളതും ഏററവും മഹത്തായ പ്രതിഫലത്തിന്നർഹമായിട്ടുള്ളതും. അല്ലാഹു പറയുന്നതിപ്രകാരമാണ്:

وَاذْكُرُوا اللهَ فِي أَيَّامٍ مَعْدُودَاتٍ فَمَنْ تَعَجَّلَ
فِي يَوْمَيْنِ فَلَا إِثْمَ عَلَيْهِ وَمَنْ تَأَخَّرَ فَلَا إِثْمَ
عَلَيْهِ لِمَنِ اتَّقَى (البقرة - ٢٠٣)

''ഏതാനും ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുവീൻ. ആരെങ്കിലും ധൃതി കാണിച്ചു രണ്ട് ദിവസംകൊണ്ട് (മിനായിലെ താമസം മതിയാക്കി) മടങ്ങിയാൽ അവന്ന് കുററമില്ല. (മൂന്നു ദിവസംവരെ) താമസിച്ചാലും അവനും കുററമില്ല; തഖ്‌വയുള്ളവക്ക്.''

രണ്ടു ദിവസംകൊണ്ട് മതിയാക്കാൻ നബി(സ.അ.) അനുവാദംകൊടുത്തു. അവിടുന്ന് മാസം പതിമൂന്നിന്ന്

ഉച്ചതിരിഞ്ഞു ജം:കളിൽ കല്ലേറു കഴിക്കുന്നതുവരെ മിനാ യിൽത്തന്നെ താമസിക്കുകയാണ് ചെയ്തത്. പിന്നെ ظهر നമസ്കരിക്കുന്നതിന്നു മുമ്പായി അവിടെനിന്ന് യാത്രതിരിച്ചു. സ്വന്തം നിലക്ക് ജം:കളിൽ കല്ലേറ് നടത്താൻ കഴിയാത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് തങ്ങളുടെ കല്ലേറ് കഴിഞ്ഞാൽ ജം:ത്തുൽഅഖബയിലും മറ്റു ജം: കളിലും അവർക്കുവേണ്ടിയും കല്ലേറു നടത്താവുന്നതാണ്. ജാബിർ (റ)വിന്റെ ഹദീസിൽനിന്ന് ഇത് മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ റസൂലുല്ലാഹി(സ.അ) യുടെകൂടെ ഹജ്ജ്ചെയ്തു. ഞങ്ങളുടെകൂടെ സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു, കുട്ടികൾക്കുവേണ്ടി ഞങ്ങൾ തൽബിയത്ത്ചൊല്ലുകയും കല്ലേറു നടത്തുകയും ചെയ്തു.

(ഇബ്നുമാജഃ)

രോഗംകൊണ്ടോ, വാർദ്ധക്യംകൊണ്ടോ, ഗർഭംകൊണ്ടോ കല്ലേറ്നടത്താൻ കഴിവില്ലാത്തവർക്ക് മറ്റുള്ളവരെ തങ്ങൾക്കുവേണ്ടി കല്ലേറ്നടത്താൻ ഭരമേല്പിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

فَاتَّقُوا اللّٰهَ مَا اسْتَطَعْتُمْ

''നിങ്ങളുടെ കഴിവനുസരിച്ച് നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക ''

മേല്പറഞ്ഞവർക്ക് ജം:കളുടെ അടുത്ത് ആളുകളെ തിക്കിത്തിരക്കാൻ കഴിയുകയില്ല, കല്ലേറിന്റെ സമയമാണെങ്കിൽ നഷ്ടപ്പെട്ടുപോകും. സമയം കഴിഞ്ഞുപോയാൽ വീട്ടാൻ ശറഇൽ വിധിയില്ല. അതിനാൽ അവർക്ക് മറ്റുള്ളവരെ ഭരമേല്പിക്കാം. മററ് ഹജ്ജ്കർമ്മങ്ങൾക്ക് ഇത് ബാധകമല്ല. മുഹ്രിം തനിക്കു പകരം മറെറാരാളെ കർമ്മനിർവ്വഹണത്തിന്ന് ഭരമേൽപിക്കാൻ പാടില്ല. സുന്നത്തായ ഹജ്ജായിരുന്നാലും ശരി, എന്തുകൊണ്ടെ

ന്നാൽ ഹജ്ജിന്നും ഉംറ:ക്കും ഒരാൾ ഇഹ്റാം കെട്ടിക്കഴി ഞ്ഞാൽ അവ സുന്നത്തായിരുന്നാലും കർമ്മങ്ങൾ പൂർത്തി യാക്കാൻ അവൻ ബാദ്ധ്യസ്ഥനായി. അല്ലാഹു പറയുന്നു:

وَأَتِمُّوا الحَجَّ وَالعُمْرَةَ لِلَّهِ

''ഹജ്ജും ഉംറയും അല്ലാഹുവിനുവേണ്ടി നിങ്ങൾ പൂർത്തി യാക്കുക.''

കല്ലേറിന്റെ സമയം നഷ്ടപ്പെടുന്നതുപോലെ ത്വവാ ഫിന്റെയും സഅ്യിന്റെയും സമയം നഷ്ടപ്പെട്ടുപോകുക യുമില്ല. അറഫായിലെ നിറുത്തവും, മുസ്ദലിഫയി ലെ രാപ്പാർപ്പും, മിനായിലെ താമസവുമെല്ലാം സമയം നഷ്ടപ്പെട്ടുപോകുന്ന കർമ്മങ്ങളാണെങ്കിലും അശക്തർക്ക് വിഷമിച്ചെങ്കിലും അവിടങ്ങളിൽ ഹാജരാകുവാൻ സാ ധിക്കും. എന്നാൽ സ്വന്തംനിലക്ക് കല്ലേറു നടത്തുക പ്ര യാസംതന്നെയാണ്. എന്നുതന്നെയല്ല സലഫുസ്സാലി ഹുകൾ കഴിവില്ലാത്തവർക്കു പകരം കല്ലെറിയാൻ മററുള്ള വരെ ഏല്പിച്ചതായി മാതൃകയുമുണ്ട്. മററു കർമ്മങ്ങളിൽ അ പ്രകാരം മാതൃകയില്ല. ആരാധനാകർമ്മങ്ങൾ ഖണ്ഡിതമാ യി അനുശാസിക്കപ്പെട്ടവയാണ്. ന്യായമായ തെളിവു കളില്ലാതെ ആർക്കും സ്വന്തംനിലക്ക് അതിൽ യാതൊരു ഭേദഗതിയും നിർദ്ദേശിക്കാൻ അർഹതയില്ല.

പ്രതിനിധി മൂന്നു ജംറകളിൽ ഓരോന്നിലും ആദ്യമാ യി തനിക്കുവേണ്ടി കല്ലേറു നടത്തുകയും പിന്നീട് തന്നെ ഭരമേല്പിച്ചവന്നുവേണ്ടി അവിടെ നിന്നുകൊണ്ടുതന്നെ ക ല്ലേറ് നടത്തുകയുമാണ് വേണ്ടത്. മൂന്നു ജംറകളിലും തനിക്കുവേണ്ടി കല്ലേറ് നടത്തിക്കഴിഞ്ഞ ശേഷമേ തന്നെ ഭരമേല്പിച്ചവന്നുവേണ്ടി കല്ലേറ് നടത്താവൂ എന്നില്ല. കാരണം ആ വിഷയത്തിൽ ഖണ്ഡിതമായ തെളിവില്ല. പണ്ഡിതന്മാരുടെ രണ്ടഭിപ്രായങ്ങളിൽ ഏററം ശരിയായ

അഭിപ്രായം അതാണ്. എന്നുതന്നെയല്ല അത് വളരെ വിഷമമുണ്ടാക്കുന്നതും പ്രയാസകരവുമാണ്. അല്ലാഹു പറയുന്നത് നോക്കു:

وما جعل الله عليكم في الدين من حرج

''അല്ലാഹു നിങ്ങൾക്ക് യാതൊരു വിഷമവും ദീനിൽ ഉണ്ടാക്കിവെച്ചിട്ടുമില്ല.''
നബി (സ.അ.) പറഞ്ഞു:

يسروا ولا تعسروا

''നിങ്ങൾ എളുപ്പമാക്കുക, വിഷമിപ്പിക്കാതിരിക്കുക'' എന്നുതന്നെയല്ല, റസൂലുല്ലാഹി (സ.അ.) ന്റെ സഹാബത്ത് കുട്ടികൾക്കും ദുർബ്ബലക്കുംവേണ്ടി കല്ലേറ്നടത്തിയപ്പോൾ അങ്ങനെ ചെയ്തതായി റിപ്പോർട്ടില്ല. തങ്ങളുടേത് മൂന്നും കഴിഞ്ഞശേഷമേ ഭരമേല്പിച്ചവക്കവേണ്ടി അവർ കല്ലേറ് നടത്തിയിരുന്നുള്ളുവെങ്കിൽ തീർച്ചയായും അത് കൃത്യമായും വ്യക്തമായും റിപ്പോർട്ട് ചെയ്യപ്പെടുമായിരുന്നു. കാരണം അത്തരം കാര്യങ്ങൾ റിപ്പോർട്ട്ചെയ്യുന്നതിൽ അവർ അത്യന്തം തല്പരരായിരുന്നു. والله اعلم

### മൃഗബലി

മസ്ജിദുൽഹറമിന്റെ പരിസരത്ത് സ്ഥിരതാമസക്കാരല്ലാത്ത 'മുതമത്തിഉ'ന്നും 'ഖാരിനും' മൃഗബലി നിർബ്ബന്ധമാണ്. ഒരു ആടോ ഒട്ടകത്തിന്റെയോ പശുവിന്റെയോ ഏഴിലൊരോഹരിയോ ആണ് ബലികഴിക്കേണ്ടത്. തന്റെ നല്ല സമ്പാദ്യത്തിൽനിന്നും ഹലാലായ ധനത്തിൽനിന്നുമായിരിക്കണം ആ ബലിക്ക് വകയിരുത്തേണ്ടത്. എന്തുകൊണ്ടെന്നാൽ അല്ലാഹു നല്ലവനാണ്. നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല. ബലിമൃഗമോ, മറെറന്തെങ്കിലുമോ യാചിച്ചുവാങ്ങുന്നത് രാജാവിനോടോ

മററാരോടെങ്കിലുമോ ആകട്ടെ മുസ്ലിമിൻെറ മാന്യതക്ക് യോജിച്ചതല്ല. തൻെറ ബലികർമ്മത്തിന്ന മതിയായതും ഇതരന്മാരുടെ കൈകളിലുള്ളതിൽനിന്ന തനിക്ക് നിരാശ്രയത്വം നൽകുന്നതുമായ ധാരാളം സമ്പത്ത് അല്ലാഹുവിങ്കൽനിന്ന തനിക്ക് ലഭിച്ചിരിക്കെ അങ്ങിനെ ചെയ്യാതിരിക്കുകയാണ് മാന്യത. നബി (സ.അ.) യിൽനിന്ന യാചനയെ ദൂഷിച്ചുകൊണ്ടും കുററപ്പെടുത്തിക്കൊണ്ടും, അതുപേക്ഷിക്കുന്നവരെ പ്രശംസിച്ചുകൊണ്ടും ധാരാളം ഹദീസുകൾ രേഖപ്പെട്ടുകിടക്കുന്നുണ്ട്.

'മുതമത്തിഇ'ന്നും, 'ഖാരിന്നും' ബലിയറുക്കാൻ സാധ്യമാകാതെ വന്നാൽ അവർ ഹജ്ജിൻെറ ദിവസങ്ങളിൽ തന്നെ മൂന്ന നോമ്പും, വീട്ടിൽ മടങ്ങിയെത്തിയശേഷം ഏഴ നോമ്പും (ആകെ പത്ത്) നോല്ക്കേണ്ടത് നിർബ്ബന്ധമാണ്. ഹജ്ജിൻെറ ദിവസങ്ങളിലെ മൂന്ന നോമ്പ്, 'യൗമുന്നഹ്റി'ൻെറ മുമ്പോ, അയ്യാമുത്തശ്‌രീഖിൻെറ മൂന്ന ദിവസങ്ങളിലോ നോല്ക്കാൻ അവന്ന സ്വാതന്ത്ര്യമുണ്ട്. അല്ലാഹു പറയുന്നു:

فَمَنْ تَمَتَّعَ بِالْعُمْرَةِ إِلَى الْحَجِّ فَمَا اسْتَيْسَرَ مِنَ الْهَدْيِ فَمَنْ لَمْ يَجِدْ فَصِيَامُ ثَلَاثَةِ أَيَّامٍ فِي الْحَجِّ وَسَبْعَةٍ إِذَا رَجَعْتُمْ تِلْكَ عَشَرَةٌ كَامِلَةٌ ذَلِكَ لِمَنْ لَمْ يَكُنْ أَهْلُهُ حَاضِرِي الْمَسْجِدِ الْحَرَامِ
الآية (البقرة ١٩٦)

''എന്നിട്ട് ആരെങ്കിലും ഉംറഃ (നിർവ്വഹിച്ച്)കൊണ്ട് ഹജ്ജ്‌വരെ സുഖമെടുക്കുന്ന പക്ഷം, അവന്ന സൗകര്യപ്പെട്ട ബലി അപ്പോൾ അവനറുക്കണം. ഇനി ആക്കെങ്കിലും (ബലിമൃഗം) കിട്ടിയില്ലെങ്കിൽ ഹജ്ജി(ൻെറ ദിവസങ്ങ

ളിൽ മൂന്ന ദിവസം നോമ്പുനോല്ക്കണം. നിങ്ങാം മടങ്ങി പ്പോയാൽ വേറെ ഒരേഴം (നോമ്പു നോല്ക്കണം.) (അങ്ങ നെ) അതൊരു പൂർത്തിയായ പത്തു് (നോമ്പ്). സ്വന്തം കു ടുംബക്കാർ മസ്ജിദുൽഹറമിനടുത്ത് താമസമില്ലാത്തവ ക്കാണത് (ആ വിധി),''

അയ്യാമുത്തശ്‌രീഖിൻെറ ദിവസങ്ങളിൽ ബലിമൃ ഗം കിട്ടാത്തവർക്കല്ലാതെ നോമ്പ്നോല്ക്കാൻ അനുവദിക്ക പ്പെട്ടിരുന്നില്ലെന്നു് ആയിശ(റ)യും, ഇബ്നുഉമർ (റ) വും പറഞ്ഞതായി ഇമാംബുഖാരി രേഖപ്പെടുത്തീട്ടുണ്ട്. നബി (സ.അ.)യുടെ നിർദ്ദേശമായിത്തന്നെ ഈ ഹദീസ് പരി ഗണിക്കപ്പെടാവുന്നതാണ്. അറഫാദിനത്തിൻെറ മുമ്പാ യിത്തന്നെ ആ മൂന്നു നോമ്പും നോല്ക്കുന്നതാണുത്തമം. അ റഫാദിനത്തിൽ നോമ്പുകാരനല്ലാതിരിക്കുകയാണ് വേ ണ്ടത്. എന്തുകൊണ്ടെന്നാൽ അറഫാദിനത്തിൽ നബി (സ.അ.) നോമ്പുകാരനായിട്ടല്ല നിന്നത്. അറഫാദിന ത്തിൽ അറഫായിൽവെച്ച് നോമ്പ്നോല്ക്കുന്നത് നബി (സ.അ.) വിരോധിക്കുകയും ചെയ്തിരിക്കുന്നു. എന്നുത ന്നെയല്ല അന്നു് ദിക്ർറുകളും ദുആകളും നടത്താൻ കൂടുതൽ ഉന്മേഷവാനായിരിക്കുന്നതിന്നു് നോമ്പ് നോൽക്കാതി രിക്കുകയാണ് നല്ലത്. മേൽപറഞ്ഞ മൂന്നു നോമ്പും തുടർച്ചയായും ഇടവിട്ടും നോല്ക്കാവുന്നതാണ്. അതുപോ ലെത്തന്നെ ബാക്കിയുള്ള ഏഴു നോമ്പും തുടച്ച്യായിത്ത ന്നെ നോല്ക്കണമെന്നു് നിർബ്ബന്ധമില്ല. തൻെറ സൗകര്യം പോലെ തുടർച്ചയായും ഇടവിട്ടും നോല്ക്കാം. അല്ലാഹു വോ, അവൻെറ റസൂലോ അവ തുടർച്ചയായി നോല്ക്കണ മെന്ന നിബന്ധന ചുമത്തീട്ടില്ല. ആ ഏഴു നോമ്പും വീ ട്ടിൽ മടങ്ങിയെത്തിയശേഷം നോൽക്കുന്നതാണുത്തമം. وَسَبْعَةٍ إِذَا رَجَعْتُمْ എന്നാണല്ലോ അല്ലാഹു പറ

ഞ്ഞത്". അതായത് ''നിങ്ങൾ മടങ്ങിയെത്തിയാൽ ഏഴെണ്ണവും'' എന്ന സാരം,

ബലിമൃഗത്തിനുകഴിവില്ലാത്തവൻ രാജാക്കന്മാരോടോ മറ്റോ തനിക്കുവേണ്ടി ബലിയറുക്കാൻ ബലിമൃഗം യാചിച്ചുണ്ടാക്കുന്നതിനേക്കാൾ നല്ലത് നോമ്പ് നോല്ക്കുക തന്നെയാണ്. യാചിക്കാതെയോ, മോഹിക്കാതെയോ ആരെങ്കിലും ഒരു ബലിമൃഗമോ മറ്റോ നൽകിയാൽ അതുപയോഗിക്കുന്നതിന്ന വിരോധമില്ല. മറ്റൊരാൾക്ക് പകരം ഹജ്ജ് ചെയ്യുകയാണെങ്കിലും അയാളുടെ ബന്ധുക്കൾ തനിക്ക് നൽകിയിട്ടുള്ള പണത്തിൽനിന്ന ബലിമൃഗംകൂടി വാങ്ങണമെന്ന നിബന്ധന ചുമത്തിയിട്ടില്ലെങ്കിൽ അത്തരത്തിലുള്ള ദാനം അയാൾക്ക് സ്വീകരിക്കാം. ഇക്കാലത്ത് ചില ആളുകൾ ചില പ്രത്യേക വ്യക്തികളുടെ പേരിൽ കളവുപറഞ്ഞു് രാജാക്കന്മാരോടും മററും ബലിമൃഗങ്ങൾ ചോദിച്ചു വാങ്ങാറുണ്ട്. അത് ഹറാമാണെന്ന കാര്യത്തിൽ സംശയമേ വേണ്ട. കളവുപറഞ്ഞു ഉപജീവനം കഴിക്കുന്നതിന്ന തുല്യമാണതെന്ന് പറയേണ്ടതില്ല. ഇത്തരം ഏർപ്പാടുകളിൽനിന്ന നമ്മെയും എല്ലാ മുസ്ലിംകളെയും അല്ലാഹു കാക്കട്ടെ. آمين

## പ്രത്യേകം ശ്രദ്ധിക്കേണ്ടത്

ഹാജിമാരും അല്ലാത്തവരും നിർബ്ബന്ധപൂർവ്വം ചെയ്യേണ്ട ഏററവും പ്രധാനമായ ഒരു കർത്തവ്യമത്രെ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നത്. അതുപോലെതന്നെ അഞ്ചുനേരത്തെ നമസ്കാരം ജമാഅത്തോടുകൂടി കൃത്യമായി അനുഷ്ഠിക്കുക എന്നതും. അല്ലാഹു അവൻെറ കിത്താബിലൂടെയും അവൻെറ റസൂലിൻെറ നാവിലൂടെയും കല്പിച്ചിട്ടുള്ള കാര്യങ്ങളാണവ.

മക്കയിലും മററും താമസക്കാരായ നിരവധി ആളുകൾ പള്ളികളിൽ പോകാതെ തങ്ങളുടെ വീടുകളിൽവെച്ച് നമസ്കരിക്കുന്നത് ശരീഅത്തിന്നു വിരുദ്ധവും കുററകരവും തന്നെയാണ്. അതിൽനിന്നവരെ നിർബ്ബന്ധമായും തടയേണ്ടതാണ്. പള്ളികളിൽവെച്ചുതന്നെ കൃത്യനിഷ്ഠയോടെ നമസ്കരിക്കാൻ നിർദ്ദേശിക്കുന്ന നബിവചനങ്ങൾ വളരെയുണ്ട്.

അന്ധനായതിനാലും വീട് അകലെയായതിനാലും വീട്ടിൽവെച്ച് നമസ്കരിക്കാൻ നബി (സ.അ)യോട് അനുവാദം ചോദിച്ച ഇബ്നു ഉമ്മിമക്തൂമി (റ) നോട് നബി (സ.) ചോദിച്ചു: "നമസ്കാരത്തിന്നു ബാങ്ക്‌വിളിക്കുന്നത് നീ കേൾക്കാറുണ്ടോ?" "അതെ" എന്നായിരുന്നു മറുപടി. "എന്നാൽ ആ വിളിക്കുത്തരം ചെയ്യുകതന്നെ വേണ"മെന്നാണ് നബി (സ.അ) കല്പിച്ചത്. മറെറാരു രിവായത്തിൽ "നിനക്ക് ഒരു ഇളവും ഞാൻ കാണുന്നില്ല." എന്നാണുള്ളത്.

മറെറാരിക്കൽ നബി(സ.അ) പറഞ്ഞതിപ്രകാരമാണ്:-
"നമസ്കാരത്തിന്ന് ഇഖാമത്ത് കൊടുക്കാനും മറെറാരാളോട് ജനങ്ങൾക്ക് നമസ്കാരത്തിന്ന് നേതൃത്വം നൽകാനും നിർദ്ദേശം നൽകിയശേഷം, നമസ്കാരത്തിന്ന് പങ്കെടുക്കാത്തവരുടെ വീടുകളിൽപോയി അവരെ അതിലിട്ട് ചുട്ടുകരിക്കാനും ഞാനുദ്ദേശിച്ചിട്ടുണ്ട്."

ഇബ്നുഅബ്ബാസി(റ)ൽനിന്നും ഇമാം ഇബ്നുമാജഃ അദ്ദേഹത്തിൻെറ സുനനിൽ ഹസനായ സനദോടെ രിവായത്ത് ചെയ്തിട്ടുള്ള ഒരു ഹദീസ് ഇപ്രകാരമാണ്.
"ബാങ്ക്കേട്ടിട്ടും യാതൊരു കാരണവുംകൂടാതെ നമസ്കാരത്തിന്ന് പള്ളിയിൽ വരാത്തവന്ന് നമസ്കാരംതന്നെയില്ല."

ഇബ്നുമസ്ഊദ്(റ) പറയുകയുണ്ടായി: നാളെ മുസ്ലി മായിക്കൊണ്ട് തൻെറ റബ്ബിനെ കണ്ടുമുട്ടണമെന്നു ആരെ ങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ ഈ നമസ്കാരങ്ങൾ അവയ്ക്കു വേണ്ടി വിളിക്കപ്പെടുന്നേടത്തുവെച്ചുതന്നെ കൃത്യമായി അനുഷ്ഠിക്കട്ടെ. എന്തുകൊണ്ടെന്നാൽ അല്ലാഹു നിങ്ങളുടെ പ്രവാചകനു്(സ.അ.) സന്മാർഗ്ഗചര്യകൾ നിർണ്ണയിച്ചുകൊ ടുത്തിട്ടുണ്ട്. ആ സന്മാർഗ്ഗചര്യകളിൽ പെട്ടതാണ് നമ സ്കാരങ്ങൾ. ഈ ജമാഅത്തിൽ പങ്കെടുക്കാത്തവൻ തൻെറ വീട്ടിൽവെച്ച് നമസ്കരിക്കുന്നപോലെ നിങ്ങ ളും നിങ്ങളുടെ വീടുകളിൽവെച്ചു നമസ്കരിക്കുകയാണെ ങ്കിൽ നിങ്ങളുടെ നബി (സ.അ.) യുടെ ചര്യ നിങ്ങൾ കൈവെടിഞ്ഞതുതന്നെ. നിങ്ങളുടെ നബി(സ.അ)യുടെ ചര്യ നിങ്ങൾ കൈവെടിഞ്ഞാൽ നിശ്ചയമായും നിങ്ങൾ വഴിപിഴച്ചുപോയി. വളരെ നന്നായി ശ്രദ്ധിവരുത്തി ഏതെങ്കിലും ഒരു പള്ളിയിൽ ഒരാൾ നമസ്കരിക്കാൻ പോയാൽ അയാളുടെ ഓരോ കാൽവെപ്പും ഓരോ പുണ്യ മായി അല്ലാഹു രേഖപ്പെടുത്തുന്നു. ഒരു പടികൂടി അല്ലാഹു അവനെ ഉയർത്തുന്നു. ഒരു പാപം അല്ലാഹു അവനു് പൊ റുത്തുകൊടുക്കുന്നു. അറിയപ്പെട്ട മുനാഫിഖുകള (കപട ന്മാര)ല്ലാതെ നമസ്കരിക്കാൻവരാതെ പിന്മാറി നില്ക്കു ന്ന ആരെയും ഞാൻ കണ്ടിട്ടില്ല. ചിലരെ രണ്ട്പേർ താങ്ങിപ്പിടിച്ചുകൊണ്ടുവന്നു് സഫ്ഫിന്നിടയിൽ നിറു ത്തുകപോലും പതിവായിരുന്നു. (മുസ്ലിം)

ഹാജിമാരും അല്ലാത്തവരും അല്ലാഹു വിരോധിച്ച കാര്യങ്ങളിൽനിന്നു പാടെ അകന്നുനിൽക്കുകതന്നെ വേണം. വ്യഭിചാരം, സ്വവർഗ്ഗസംഭോഗം, മോഷണം, പ ലിശ, യതീമിൻെറ മുതൽതിന്നൽ, എടപാടുകളിൽ വഞ്ച നചെയ്യുക, അമാനത്തുകളിൽ ചതിചെയ്യുക, ലഹരിപദാ ർത്ഥങ്ങൾ ഉപയോഗിക്കുക, പുകവലിക്കുക, വസ്ത്രം നില

ത്തിട്ടിഴക്കുക, അഹങ്കാരം, അസൂയ, കള്ളനാട്യം, പരദൂഷണം, ഏഷണി, മുസ്ലിംകളെ പരിഹസിക്കൽ, വാദ്യോപകരണങ്ങളുടെ പ്രയോഗം, അഥവാ ഗ്രാമഫോൺ റെക്കാർഡുകൾ, വീണ, തമ്പുരു, പുല്ലാങ്കുഴൽ മുതലായവ വായിക്കൽ, റേഡിയോകളിൽനിന്നും മററും ഗാനാലാപങ്ങളും, സംഗീതവാദ്യങ്ങളും ശ്രവിക്കൽ, പകിടകളി, ചതുരംഗം, ചൂതാട്ടം, ഭാഗ്യക്കുറി, മനുഷ്യരും അല്ലാത്തതുമായ സജീവവസ്തുക്കളുടെ ഛായാഗ്രഹണം, അതിന്നു് സമ്മതം മൂളൽ മുതലായി എവിടെയും എക്കാലത്തും അല്ലാഹു തന്റെ ദാസന്മാരോട് വിരോധിച്ചിട്ടുള്ള നിഷിദ്ധ കൃത്യങ്ങളിൽ ഏർപ്പെട്ടുപോകുന്നത് വളരെ കരുതിയിരിക്കണം. അത്തരം കാര്യങ്ങളിൽനിന്നു ജനങ്ങളെ ഭയപ്പെടുത്താൻ മസ്ജിദുൽഹറമിലെ താമസക്കാർക്കും ഹാജിമാർക്കും ഇതരന്മാരേക്കാൾ പ്രത്യേകം ബാദ്ധ്യതയുണ്ട്. എന്തുകൊണ്ടെന്നാൽ ഈ അഭയകേന്ദ്രമായ പുണ്യനാട്ടിൽവെച്ച് കുററകൃത്യങ്ങൾ ചെയ്യുന്നത് കടുത്ത പാപവും അതിന്നുള്ള ശിക്ഷ വളരെ വമ്പിച്ചതുമത്രെ. അല്ലാഹു പറയുന്നു;

وَمَن يُرِدْ فِيهِ بِإِلْحَادٍ بِظُلْمٍ نُذِقْهُ مِنْ عَذَابٍ أَلِيمٍ

"ഈ പുണ്യഭൂമിയിൽവെച്ച് ധിക്കാരപൂർവ്വം ആരെങ്കിലും അക്രമം പ്രവർത്തിക്കാൻ നിനച്ചാൽ അവനെ നാം വേദനാജനകമായ ശിക്ഷ ആസ്വദിപ്പിക്കുകതന്നെ ചെയ്യും."

ഹറമിൽവെച്ച് ധിക്കാരപൂർവ്വം അക്രമം പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നവർക്കുതന്നെ അല്ലാഹു നൽകുന്ന താക്കീത് ഇത്ര വമ്പിച്ചതാണെങ്കിൽ അതു പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷയുടെ ഗൗരവമെന്തായിരിക്കും? തീർച്ചയായും അത് വളരെ ഭയാനകവും കഠിനകഠോരവുമായിരിക്കും. ഒട്ടും സംശയമില്ല. അതുകൊണ്ട് അതിനെപ്പററിയും അതുപോലുള്ള മററു കുററകൃത്യങ്ങളെപ്പററിയും ഭയപ്പെടുകതന്നെ വേണം.

ഇത്തരം കററകൃത്യങ്ങളിൽനിന്നും അതുപോലെ അല്ലാഹു വിരോധിച്ച മററു കാര്യങ്ങളിൽനിന്നും ഭയന്നകന്നനിന്നെങ്കിൽ മാത്രമേ ഹജ്ജ്കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള പുണ്യവും, പാപമോചനവും ഹാജിമാക്ക് ലഭിക്കുകയുള്ള. അതാണ് നബി(സ.അ.) പറഞ്ഞത്: "സ്ത്രീ സല്ലാപമോ, തോന്നിയവാസമോചെയ്യാതെ ഒരാരം ഹജ്ജ് കർമ്മം നിർവ്വഹിച്ചാൽ തന്റെ മാതാവ് തന്നെ പ്രസവിച്ച ദിവസത്തേതുപോലെ (പരിശുദ്ധിയോടെ)യാണ് അവൻ മടങ്ങുന്നത്."

ഇപ്പറഞ്ഞ ദുഷ്കൃത്യങ്ങളെക്കാളെല്ലാം ഭയങ്കരമായിട്ടുള്ള പാപമാണ്, മരണമടഞ്ഞവരോട് പ്രാർത്ഥിക്കുന്നതും, സഹായമഭ്യർത്ഥിക്കുന്നതും, അവരുടെ പേരിൽ നേർച്ചനേരുന്നതും, ബലിയറുക്കുന്നതുമെല്ലാം.

തങ്ങളോട് പ്രാർത്ഥിക്കുന്നവക്കവേണ്ടി അവർ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നോ, രോഗിയെ സുഖപ്പെടുത്തുമെന്നോ, കാണാതായവരെ തിരിച്ചുകൊണ്ടുവരുമെന്നോ ആശിച്ചുകൊണ്ടുള്ള അത്തരം ചെയ്തികരം അല്ലാഹു ഹറാമാക്കിയിട്ടുള്ള ഏററം വമ്പിച്ച ശിർക്കാകുന്നു, ബഹുദൈവാരാധനയാകുന്നു. ജാഹിലിയ്യാകാലത്തെ മുശ്രിക്കുകളുടെ മതമത്രെ അത്. അതിനെ എതിർക്കുന്നതിന്നും അതിൽനിന്നു ജനങ്ങളെ വിരോധിക്കുന്നതിന്നുംവേണ്ടിയായിരുന്നു അല്ലാഹു പ്രവാചകന്മാരെ അയച്ചതും വേദഗ്രന്ഥങ്ങരം അവതരിപ്പിച്ചതും. അതുകൊണ്ട് ഹാജിമാരും അല്ലാത്തവരുമായ ഓരോരുത്തരും ആ ശിർക്കിനെ ഭയന്നകന്നനില്ക്കേണ്ടതും അത്തരത്തിൽപെട്ട വല്ലതും മുമ്പു ചെയ്തുപോയിട്ടുണ്ടെങ്കിൽ അതിൽനിന്നെല്ലാം വിരമിച്ചു അല്ലാഹുവിങ്കൽ തൗബക്കായി ഇരക്കേണ്ടതുമാണ്. തൗബക്കശേഷം വീണ്ടും ഒരു പുതിയ ഹജ്ജ് ചെയ്യേണ്ടതുമാകുന്നു. എന്തുകൊണ്ടെന്നാൽ ശിർക്ക് എല്ലാ കർമ്മങ്ങളെയും നിഷ്ഫലമാക്കിക്കളയും. അല്ലാഹു പറയുന്നു:

وَلَوْ أَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ

''അവർ ശിക്ക്ചെയ്യുപോയാൽ അവരുടെ മുൻകർമ്മങ്ങളെല്ലാം ഫലശൂന്യമായതുതന്നെ.''

ചെറുതരം ശിർക്കിൽപെട്ടതാണ് അല്ലാഹുവല്ലാത്തവരെപിടിച്ച് സത്യംചെയ്യൽ. ഉദാഹരണം; നബിതങ്ങളാണ് സത്യം, കഅ്ബഃതന്നെയാണ് സത്യം, അമാനത്തുകരം മുൻനിർത്തി സത്യം എന്നിങ്ങനെ സത്യംചെയ്യൽ കീർത്തിക്കും ലോകമാന്യത്തിന്നുംവേണ്ടി കർമ്മങ്ങളനുഷ്ഠിക്കുന്നതും ആ ഇനത്തിൽപെടുന്നു. അല്ലാഹുവും നീയും വേണ്ടുകവെച്ചെങ്കിൽ,(1) അല്ലാഹുവും നീയും ഇല്ലെങ്കിൽ(2) ഇത് അല്ലാഹുവിൻെറയും നിൻെറയും വകയാണ്(3) എന്നിങ്ങനെ പറയുന്നതും അക്കൂട്ടത്തിൽ പെട്ടതുതന്നെ. ഇത്യാദി ശിർക്കൻദുഷ്കൃത്യങ്ങളെപററിയെല്ലാം എപ്പോഴും കരുതിയിരിക്കണം. അവ ഉപേക്ഷിക്കുവാൻ പരസ്പരം ഉപദേശിക്കുകയും വേണം, നബി (സ.അ) പറയുന്നത് നോക്കൂ:

مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ (رواه أحمد وأبوداود والترمذى باسناد صحيح)

''അല്ലാഹുവല്ലാത്തവരെപിടിച്ച സത്യംചെയ്തവൻ കാഫിറായി. അല്ലെങ്കിൽ ശിക്കുചെയ്തു തീർച്ച.'' (അഹ്മദ്, അബൂദാവൂദ്, തിർമിദി എന്നീ ഇമാമുകരം സഹീഹായ സനദോടെയാണ് ഈ ഹദീസ് രിവായത്ത് ചെയ്തിട്ടുള്ളത്.) ഉമർ(റ)വിൽനിന്ന് സഹീഹായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: അല്ലാഹുവിൻെറ റസൂൽ (സ.അ) പറഞ്ഞു:

مَنْ كَانَ حَالِفًا فَلْيَحْلِفْ بِاللهِ أَوْ لِيَصْمُتْ

''ആരെങ്കിലും സത്യംചെയ്യണമെങ്കിൽ അല്ലാഹുവിൻെറ പേരിൽ സത്യംചെയ്യട്ടെ, അല്ലെങ്കിൽ മൗനംപാലിച്ചു കൊള്ളട്ടെ.''

നബി (സ.അ) വീണ്ടും പറഞ്ഞു:

مَنْ حَلَفَ بِالأَمانَةِ فَلَيْسَ مِنَّا (ابوداود)

"അമാനത്ത് മുൻനിർത്തി ആരെങ്കിലും സത്യംചെയ്താൽ അവൻ നമ്മുടെ കൂട്ടത്തിൽ പെട്ടവനല്ല." (അബൂദാവൂദ്)

നബി (സ:അ) ഇനിയും പറയുന്നു:

أَخْوَفُ ما أَخافُ عَلَيْكُمْ الشِّرْكُ الأَصْغَرُ فَسُئِلَ عَنْهُ فَقالَ الرِّياءُ

"നിങ്ങളെസംബന്ധിച്ച് ഞാനേററവുമധികം ഭയപ്പെടുന്നത് ചെറിയ ശിർക്കാണ്. അതെന്താണെന്ന് അപ്പോൾ അന്വേഷണമുണ്ടായി. അവിടുന്ന് പറഞ്ഞു, അതാണ് കള്ളനാട്യം (ലോകമാന്യം)"

നബി (സ.അ) വീണ്ടും പറഞ്ഞു: "അല്ലാഹു ഉദ്ദേശിച്ചതും ഇന്നയാൾ ഉദ്ദേശിച്ചതും" എന്നു നിങ്ങൾ പറയരുത്. അല്ലാഹു ഉദ്ദേശിച്ചതും പിന്നെ ഇന്നയാൾ ഉദ്ദേശിച്ചതും എന്ന് പറയുകയാണ് വേണ്ടത്."

لا تَقُولوا ما شاءَ اللهُ وَشاءَ فُلانٌ وَلَكِنْ قُولوا ما شاءَ اللهُ ثُمَّ شاءَ فُلانٌ

ഇബ്നുഅബ്ബാസിൽനിന്ന് ഇമാം നസാഈ ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം: ഒരാൾ നബി (സ.അ) യോടായി ഇങ്ങിനെ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, അല്ലാഹു ഉദ്ദേശിച്ചതും താങ്കളുദ്ദേശിച്ചതും.." അപ്പോൾ നബി (സ.അ) പറഞ്ഞു: "നീ എന്നെ അല്ലാഹുവിനു തുല്യനാക്കിയോ? എന്നാൽ അല്ലാഹുമാത്രം ഉദ്ദേശിച്ചത് (എന്നു പറയുക.)"

أَجَعَلْتَنِي لِلّهِ نِدًّا بَلْ ما شاءَ اللهُ وَحْدَهُ

തൗഹീദിൻെറ സംരക്ഷണത്തിലും ചെറുതും വലുതുമായ ശിർക്കുകളെപ്പററി തൻെറ ഉമ്മത്തിനെ താക്കീതു നല്കുന്നതിലും, അവരുടെ ഈമാൻെറ സുരക്ഷിതത്വത്തിലും, അല്ലാഹുവിൻെറ ശിക്ഷയിൽനിന്നും അല്ലാഹുവിൻെറ കോപഹേതുക്കളിൽനിന്നും അവർ രക്ഷപ്പെടുന്നതിലും നബി(സ.അ)ക്കുണ്ടായിരുന്ന താല്പര്യവും ആർത്തിയും എത്രമാത്രമായിരുന്നുവെന്നു ഈ ഹദീസുകളിൽനിന്നു നമുക്ക് മനസ്സിലാക്കാം. അല്ലാഹു അവിടുത്തേക്ക് തക്കതായ പ്രതിഫലം ഏററവും ശ്രേഷ്ഠമായിത്തന്നെ നൽകുമാറാകട്ടെ (ആമീൻ.) അവിടുന്നു തന്നിലർപ്പിതമായ ദൗത്യം എത്തിച്ചുകഴിഞ്ഞു. ജനങ്ങൾക്ക് താക്കീത്നൽകി. അല്ലാഹുവോടും അവൻെറ ദാസന്മാരോടും കൂറുപുലത്തി, അല്ലാഹു അവിടുത്തെ പ്രതിഫലനാൾവരെ നിലനില്ക്കുന്ന കാരുണ്യത്തിന്നും അനുഗ്രഹത്തിന്നും പാത്രമാക്കട്ടെ.

## പണ്ഡിതൻമാരുടെ കടമ

ഹാജിമാരും, അല്ലാഹുവിൻെറ നിർഭയമായ പട്ടണത്തിലും, അവൻെറ ബഹുമാന്യ റസൂലി (സ.അ) ൻെറ നഗരത്തിലും താമസിക്കുന്നവരുമായ എല്ലാ പണ്ഡിതന്മാരും, അല്ലാഹു ജനങ്ങൾക്ക് ശറആയി നിശ്ചയിച്ചുകൊടുത്തിട്ടുള്ള കാര്യങ്ങളും, ശിർക്കും, മററു കുററകൃത്യങ്ങളുംപോലെ അല്ലാഹു അവക്ക് ഹറാമാക്കിയിട്ടുള്ള കാര്യങ്ങളും അവരെ പഠിപ്പിക്കുകയും ജ്ഞാനതൃഷ്ണ ശമിക്കുംവിധം എല്ലാ കാര്യങ്ങളും തെളിവുകൾസഹിതം അവർക്ക് വിശദീകരിച്ചുകൊടുക്കുകയും വേണം. അങ്ങനെ അന്ധകാരങ്ങളിൽനിന്നു പ്രകാശത്തിലേക്ക് അവരെ മോചിപ്പിക്കുകയും, തങ്ങളെ അല്ലാഹു ചുമതലപ്പെടുത്തീട്ടുള്ള പ്രബോധനം, വിശദീകരണംപോലെയുള്ള ബാദ്ധ്യതകൾ നിർവ്വഹിക്കുകയും ചെയ്യണം.

അല്ലാഹു പറയുന്നു:

وَإِذْ أَخَذَ اللهُ مِيثَاقَ الَّذِينَ أُوتُوا الْكِتَابَ لَتُبَيِّنُنَّهُ لِلنَّاسِ وَلَا تَكْتُمُونَهُ الآية

''ഗ്രന്ഥം നല്കപ്പെട്ടവർ അത് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കാമെന്നും അത് മറച്ചുവെക്കുകയില്ലെന്നും അല്ലാഹുവുമായി കരാർചെയ്ത സന്ദർഭം ഒന്നോർത്തുനോക്കൂ.''

ഈ സമുദായത്തിലെ പണ്ഡിതന്മാർ, അഹ്ലുകിത്താബിലെ അക്രമികളായ പണ്ഡിതന്മാരെപ്പോലെ സത്യം മറച്ചുവെച്ചുകൊണ്ട് പാരത്രികജീവിതത്തിന്നു പകരം ഭൗതികജീവിതത്തിന്നു പ്രാമുഖ്യം നൽകുന്നവരുടെ മാർഗ്ഗം അവലംബിച്ചുപോകരുതെന്നു അവരെ ഉണർത്തുകയും താക്കീതു നൽകുകയുമാണ്, ഈ ആയത്തിന്റെ താല്പര്യം. അല്ലാഹു പറയുന്നു:

إِنَّ الَّذِينَ يَكْتُمُونَ مَا أَنْزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَئِكَ يَلْعَنُهُمُ اللهُ وَيَلْعَنُهُمُ اللَّاعِنُونَ إِلَّا الَّذِينَ تَابُوا وَأَصْلَحُوا وَبَيَّنُوا فَأُولَئِكَ أَتُوبُ عَلَيْهِمْ وَأَنَا التَّوَّابُ الرَّحِيمُ (البقرة: ١٥٩ - ١٦٠)

''നാം ഇറക്കിയിട്ടുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വേദഗ്രന്ഥത്തിൽ നാം ജനങ്ങൾക്ക് വിവരിച്ചുകൊടുത്തശേഷവും പൂഴ്ത്തിവെക്കുന്നവരെ തീർച്ചയായും അല്ലാഹു ശപിക്കുന്നു, ശപിക്കുന്നവരെല്ലാം ശപിക്കുന്നു. എന്നാൽ പശ്ചാത്തപിച്ചുമടങ്ങുകയും, സൽകർമ്മങ്ങൾ ചെയ്കയും, (എന്റെ ആയത്തുകൾ ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്തവരാരോ അവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കും, ഞാൻ തൗബ സ്വീകരിക്കുന്നവനും

തൗബ സ്വീകരിക്കുന്നവനും കരുണാവാരിധിയുമത്രെ.''

ജനങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നതും, ഏതൊന്നിനുവേണ്ടി ജനങ്ങളെ സൃഷ്ടിച്ചിരിക്കുന്നുവോ അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അവക്ക് നൽകുന്നതുമാണ് ഏററവും മഹത്തായ പുണ്യകർമ്മമെന്നും ഏററവും പ്രധാനമായ ചുമതലയെന്നും, അതാണ് പ്രവാചകന്മാരുടെയും ഖിയാമത്ത്നാൾവരെ അവരെ പിൻപററുന്നവരുടെയും മാർഗ്ഗമെന്നും ധാരാളം ആയത്തുകൾകൊണ്ടും നബിവചനങ്ങൾകൊണ്ടും തെളിഞ്ഞിട്ടുണ്ട്. അല്ലാഹു പറയുന്നു.

وَمَنْ أَحْسَنُ قَوْلاً مِمَّنْ دَعَا إِلَى اللهِ وَعَمِلَ صَالِحاً
وَقَالَ إِنَّنِي مِنَ الْمُسْلِمِينَ (حم السجدة : ٣٣)

''അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും, താൻ മുസ്ലിംകളുടെകൂട്ടത്തിൽ ആകുന്നുവെന്നു പ്രഖ്യാപിക്കുകയും ചെയ്യുവനേക്കാൾ നല്ല വാക്ക് പറഞ്ഞവനാരാണ്?'' വീണ്ടും അല്ലാഹു പറയുന്നു:

قُلْ هَٰذِهِ سَبِيلِي أَدْعُو إِلَى اللهِ عَلَى بَصِيرَةٍ أَنَا وَمَنِ
اتَّبَعَنِي وَسُبْحَانَ اللهِ وَمَا أَنَا مِنَ الْمُشْرِكِينَ
(يوسف : ١٠٨)

''പറയുക, ഇതാണെന്റെ മാർഗ്ഗം, ഞാനും എന്നെ പിൻപററിയവരും തെളിവിന്റെ അടിസ്ഥാനത്തിൽതന്നെയാണ് അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നത്. അല്ലാഹു സർവ്വത്ര പരിശുദ്ധൻ! ഞാൻ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലല്ല.'' നബി (സ.അ) പറഞ്ഞു:

مَنْ دَلَّ عَلَى خَيْرٍ فَلَهُ مِثْلُ أَجْرِ فَاعِلِهِ (أخرجه
مسلم فى صحيحه)

''നന്മ കാണിച്ചുകൊടുക്കുന്നവന്ന് അത് ചെയ്യുവനെപ്പോലെത്തന്നെ പ്രതിഫലമുണ്ട്.''

ഒരിക്കൽ നബി (സ.അ) അലി (റ) നോട് പറഞ്ഞു.

لأن يهدى الله بك رجلا واحدا خير لك من حمر النعم (متفق عليه)

''നീ മുഖേന ഒരാളെ അല്ലാഹു നേർവഴിക്കാക്കിയാൽ ചുവന്ന ഒട്ടകങ്ങളെക്കാളും അതാണ് നിനക്കുത്തമം.''

ഈ അർത്ഥത്തിലുള്ള ധാരാളം ആയത്തുകളും ഹദീസുകളും ഉണ്ട്. അതുകൊണ്ട് അറിവും ഈമാനും ഉള്ളവർ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നതിലും, ജനങ്ങളുടെ രക്ഷാമാർഗ്ഗങ്ങൾ അവർക്ക് നിർദ്ദേശിച്ചുകൊടുക്കുന്നതിലും അവർക്ക് വിനാശകരമായ മാർഗ്ഗങ്ങളെക്കുറിച്ച് അവർക്ക് താക്കീതുനല്കിക്കൊണ്ടിരിക്കുന്നതിലും അങ്ങേയററത്തെ ശ്രമങ്ങൾ ഇരട്ടിയിരട്ടിയായി നടത്തിക്കൊണ്ടിരിക്കേണ്ടതുണ്ട്. വിശേഷിച്ചും, തന്നിഷ്ടങ്ങൾക്കധീനപ്പെടുകയും, വിധ്വംസകസിദ്ധാന്തങ്ങളും, പിന്തിരിപ്പൻപ്രസ്ഥാനങ്ങളും വ്യാപിക്കുകയും ചെയ്തിട്ടുള്ള ഈ കാലഘട്ടത്തിൽ. സന്മാർഗ്ഗപ്രബോധകന്മാർ ഇന്നു വളരെ കുറഞ്ഞിരിക്കുന്നു. നിർമ്മതത്വവും അരാജകത്വവും പ്രചരിപ്പിക്കുന്നവരാണ് ഇന്നെവിടെയും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു മാത്രമേ സഹായമുള്ളു. മഹാനും ഉന്നതനുമായ അല്ലാഹുവിനെക്കൊണ്ടല്ലാതെ ബലവും ശക്തിയുമില്ല.

فالله المستعان ولا حول ولا قوة الا بالله العلي العظيم

മക്കയിൽ താമസിക്കുന്ന കാലത്തോളം ഹാജിമാർ അല്ലാഹുവെ സ്മരിച്ചും അവന്ന് വഴിപ്പെട്ടും സൽക്കർമ്മങ്ങളിൽ നിരതരായും കഴിച്ചുകൂട്ടണം. കഅ്ബത്തിങ്കൽവന്നു നമസ്കാരവും ത്വവാഫും ധാരാളമായി നിർവ്വഹിച്ചുകൊ

ണ്ടിരിക്കണം. എന്തുകൊണ്ടെന്നാൽ ഹറമിൽവെച്ചുള്ള പുണ്യകർമ്മങ്ങൾ കണക്കില്ലാതെ ഇരട്ടിക്കപ്പെടുന്നവയാണ്. അവിടെവെച്ചുള്ള പാപകർമ്മങ്ങളാകട്ടെ ഗുരുതരവും കഠോരവുമത്രെ. അല്ലാഹുവിൻെറ റസൂലിൻെറ പേരിൽ സ്വലാത്തും സലാമും ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കണം.

## വിടവാങ്ങൽ ത്വവാഫ്

മക്കയിൽനിന്നു പുറത്തുപോകാനുദ്ദേശിച്ചാൽ കഅ്ബ:യെ ത്വവാഫ്ചെയ്ത ശേഷമേ പോകാൻ പാടുള്ളൂ. അത് നിർബ്ബന്ധമാണ്. 'ത്വവാഫുൽവിദാഉ്' എന്നാണീ ത്വവാഫിൻെറ പേർ. കഅ്ബയുമായുള്ള അവരുടെ സമ്പർക്കം ഈ ത്വവാഫിലൂടെയാണ് ഉപസംഹരിക്കേണ്ടത്. എന്നാൽ ആർത്തവകാരികളോ പ്രസൂതികകളോ ആയ സ്ത്രീകൾ 'ത്വവാഫുൽവിദാഉ്' ചെയ്യേണ്ടതില്ല. ഇബ്നു അബ്ബാസി(റ)ൻെറ ഹദീസിൽനിന്നു ഇത് വ്യക്തമാകുന്നുണ്ട്. അദ്ദേഹം പറഞ്ഞു, ''അവരുടെ കഅ്ബയുമായുള്ള സമ്പർക്കത്തിൻെറ ഉപസംഹാരം ത്വവാഫായിരിക്കണമെന്നു അവിടുന്നു കല്പിച്ചു. എന്നാൽ ഋതുമതികളായ സ്ത്രീകൾക്കവിടുന്നു അക്കാര്യത്തിൽ ഇളവനുവദിച്ചുകൊടുക്കുകയാണുണ്ടായത്.'' (ബുഖാരി, മുസ്ലിം)

ത്വവാഫുൽവിദാഉ് കഴിഞ്ഞ് പുറത്തുപോകാനുദ്ദേശിച്ചാൽ പള്ളിയിൽനിന്നു നേരെ മുന്നോട്ട് നീങ്ങിക്കൊണ്ടുവേണം പുറത്തുപോകാൻ. പിന്നോട്ട് നീങ്ങിനടക്കാൻ പാടില്ല. അത് നബി (സ.അ)യിൽനിന്നോ, അവിടുത്തെ സഹാബികളിൽനിന്നോ സ്ഥിരപ്പെട്ടിട്ടില്ല, എന്നു തന്നെയല്ല അത് ബിദ്അത്തായ പുത്തനാചാരമാണ്. നബി (സ.അ) പറഞ്ഞു:

من عمل عملا ليس عليه أمرنا فهو ردّ

"നമ്മുടെ കല്പനപ്രകാരമല്ലാത്ത എന്തെങ്കിലും കർമ്മം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെട്ടതാണ്."

മററൊരിക്കൽ നബി (സ.അ) പറഞ്ഞു:

إياكم ومحدثات الامور فان كل محدثة بدعة وكل بدعة ضلالة

"ദീനിൽ പുതുതായുണ്ടാക്കപ്പെടുന്ന കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കണം. ദീനിൽ പുതുതായുണ്ടാക്കപ്പെടുന്ന എല്ലാ കാര്യങ്ങളും ബിദ്അത്താണ്. ബിദ്അത്തുകളെല്ലാം ദുർമാർഗ്ഗമാണ്."

അല്ലാഹുവിൻെറ ദീനിൽ നമ്മെ അടിയുറപ്പിച്ചുനിർത്താൻ നമുക്കവനോട് പ്രാർത്ഥിക്കാം. ദീനിന്നെതിരായ എല്ലാ കാര്യത്തിൽനിന്നും അവൻ നമ്മെ രക്ഷിക്കട്ടെ. അവൻ അനുഗ്രഹകർത്താവും ഉദാരനുമത്രെ. (إنه جواد كريم)

## മസ്ജിദുന്നബി സന്ദർശനവും മര്യാദകളും

ഹജ്ജിന്നു മുമ്പോ പിമ്പോ (മദീനയിലെ) മസ്ജിദുന്നബി സന്ദർശിക്കുന്നത് സുന്നത്താണ്. അബൂഹുറയ്റ(റ)യിൽനിന്നു ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസ്കൊണ്ട് സ്ഥിരപ്പെട്ടിട്ടുള്ളതാണത്. അല്ലാഹുവിൻെറ റസൂൽ (സ.അ) പറഞ്ഞു:

صلاة في مسجدى هذا خير من ألف صلاة فيما سواه الا المسجد الحرام (متفق عليه)

"എൻെറ ഈ പള്ളിയിൽവെച്ചുള്ള ഒരു നമസ്കാരം മസ്ജിദുൽഹറാം ഒഴികെ മററു പള്ളികളിൽവെച്ചുള്ള ആയിരം നമസ്കാരത്തെക്കാൾ ഉത്തമമാണ്."

ഇബ്നുഉമറി(റ)ൽനിന്നു മുസ്ലിം ഉദ്ധരിച്ച മററൊരു ഹദീസ് ഇപ്രകാരമാണ്: നബി (സ.അ) പറഞ്ഞു:

صلاة فى مسجدى هذا افضل من الف صلاة فيما سواه الا المسجد الحرام (رواه مسلم)

"എന്റെ ഈ പള്ളിയിലെ ഒരു നമസ്കാരം, മസ്ജിദുൽ ഹറാമല്ലാത്ത മററു പള്ളികളിലെ ആയിരം നമസ്കാരത്തേക്കാൾ ശ്രേഷ്ഠമാണ്."

അബ്ദുല്ലാഹിബ്നുസുബൈർ (റ) വിൽനിന്ന ഇമാമുകളായ അഹ്മദ്, ഇബ്നുഖുസൈമഃ, ഇബ്നുഹിബ്ബാൻ എന്നിവർ ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങനെ കാണാം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

صلاة فى مسجدى هذا أفضل من الف صلاة فيما سواه إلا المسجد الحرام، وصلاة فى المسجد الحرام أفضل من مائة صلاة فى مسجدى هذا (أخرجه احمد وابن خزيمة وابن حبان)

"എന്റെ ഈ പള്ളിയിലെ ഒരു നമസ്കാരം മസ്ജിദുൽ ഹറാമല്ലാത്ത മററു പള്ളികളിലെ ആയിരം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്. മസ്ജിദുൽഹറാമിലെ ഒരു നമസ്കാരം എന്റെ ഈ പള്ളിയിലെ നൂറ് നമസ്കാരത്തെക്കാൾ പുണ്യകരമാണ്."

അഹ്മദ്, ഇബ്നുമാജഃ എന്നിവർ ജാബിർ (റ) വിൽനിന്നുദ്ധരിച്ച ഒരു ഹദീസുകൂടി ശ്രദ്ധിക്കുക: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: "എന്റെ പള്ളിയിലെ ഒരു നമസ്കാരം മസ്ജിദുൽഹറമല്ലാത്ത മററു പള്ളികളിലെ ആയിരം നമസ്കാരത്തെക്കാൾ പുണ്യകരമാണ്. മസ്ജിദുൽഹറാമിലെ ഒരു നമസ്കാരം മററു പള്ളികളിലെ ഒരു ലക്ഷം നമസ്കാരത്തെക്കാൾ പുണ്യകരമത്രെ."

ഈ ആശയത്തിലുള്ള ധാരാളം ഹദീസുകളുണ്ട്.

സന്ദർശകൻ (മദീനയിലെ) പള്ളിയിലെത്തിയാൽ പ്രവേശനസമയത്ത് വലതുകാൽ മുന്തിക്കുന്നതും

بسم الله والصلاة والسلام على رسول الله أعوذ بالله العظيم وبوجهه الكريم وساطانه القديم من الشيطان الرجيم اللهم افتح لى ابواب رحمتك

എന്നു പറയുന്നതും സുന്നത്താണ്. (ഈ ദിക്രിൻെറ സാരം മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്.) മറേറത് പള്ളിയിൽ പ്രവേശിക്കുമ്പോഴും ഈ ദിക്ർതന്നെയാണ് ചൊല്ലേണ്ടത്. മസ്ജിദുന്നബിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രത്യേക ദിക്റുകളൊന്നുമില്ല. പിന്നീട് പള്ളിയിൽവെച്ച് രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കണം. നമസ്കാരത്തിൽ ഭൗതികമായും പാരത്രികമായും താൻ ആഗ്രഹിക്കുന്ന നേട്ടത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്.
'റൗളാശരീഫി'ൽവെച്ച് നമസ്കരിക്കാൻ കഴിഞ്ഞാൽ ഏററം നന്ന്.

ما بين بيتى ومنبرى روضة من رياض الجنة

''എൻെറ വീട്ടിനും എൻെറ മിമ്പറിന്നും (പ്രസംഗപീഠം) ഇടയിലുള്ള സ്ഥലം സ്വർഗ്ഗത്തിലെ ഒരു പൂങ്കാവനമാകുന്നു.'' എന്നു നബി (സ.അ) പറഞ്ഞതുകൊണ്ടാണത്.

നമസ്കരിച്ചുകഴിഞ്ഞാൽ പിന്നെ നബി (സ. അ) യുടെയും, അവിടുത്തെ രണ്ട് സഹാബികളായ അബൂബക്കർ (റ), ഉമർ(റ) എന്നിവരുടെയും ഖബ്റുകൾ സന്ദർശിക്കേണ്ടതാണ്. നബി(സ.അ)യുടെ ഖബ്റിന്നു നേരെനിന്നുകൊണ്ട് മര്യാദയോടെ ശബ്ദമടക്കിക്കൊണ്ട് നബി (സ.അ)ക്ക് സലാം ചൊല്ലണം.

السلام عليك يارسول الله ورحمة الله وبركاته

എന്നു പറയണം. സുനനു അബീദാവൂദിൽ ഹസനായ സനദോടുകൂടി അബൂഹുറൈറഃ (റ) യിൽനിന്നുദ്ധരിച്ച ഒരു ഹദീസിൽ ഇതു് രേഖപ്പെട്ടിട്ടുണ്ട്. അല്ലാഹുവിൻെറ റസൂൽ (സ.അ) പറഞ്ഞു:

مامن أحد يسلم عليّ إلا ردّ الله عليّ روحي حتى أردّ عليه السلام

''എനിക്കാരെങ്കിലും സലാം ചൊല്ലിയാൽ അയാൾക്കു് സലാം മടക്കുവാനായി എൻെറ ആത്മാവിനെ അല്ലാഹു എനിക്കു് മടക്കിത്തരും.''

اَلسَّلامُ عليكَ يَانَبِيَّ الله ، السَّلامُ عليكَ خِيرَةَ الله مِنْ خَلْقِهِ ، السَّلامُ عليكَ يا سيِّدَ المرْسَلينَ ، وَإمامَ المتَّقين ، أشْهدُ أنّكَ قَدْ بَلَّغْتَ الرِّسالةَ وَأدَّيْتَ الأمانةَ ونَصحْتَ الأُمَّةَ وَجاهَدْتَ في الله حَقَّ جِهادِهِ

എന്നൊക്കെപ്പറയുന്നതും തെററില്ല. എന്തുകൊണ്ടെന്നാൽ ഇതെല്ലാം നബി (സ.അ) യുടെ സവിശേഷഗുണങ്ങളാണ്. പിന്നീടവിടുത്തേക്കുവേണ്ടി സ്വലാത്തും സലാമും ചൊല്ലുകയും പ്രാർത്ഥിക്കുകയും വേണം. സ്വലാത്തും സലാമും ഒപ്പം ചൊല്ലുന്നതു് താഴെ വരുന്ന ഖുർആൻവാക്യത്തിൻെറ അടിസ്ഥാനത്തിൽ ശരീഅത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. അല്ലാഹു പറയുന്നു:

يَا أَيُّها الذينَ آمَنوا صَلُّوا عَلَيْهِ وسَلِّموا تَسْليما

''സത്യവിശ്വാസികളേ, നിങ്ങൾ അവിടത്തേക്കുവേണ്ടി സ്വലാത്തും സലാമും ചൊല്ലുക.''

പിന്നെ അബൂബക്കറി(റ)നും ഉമറി(റ)നും സലാം ചൊല്ലണം. അവർക്കായി പ്രാർത്ഥിക്കുകയും رضي الله عنهما എന്നു പറയുകയും വേണം.

ഇബ്നുഉമർ (റ) സാധാരണയായി നബി (സ.അ) ക്കും അവിടത്തെ രണ്ട് സഹാബികൾക്കും സലാം ചൊല്ലു മ്പോൾ

السـلام عليك يا رسول الله، السـلام عليك يا ابا بكر، السـلام عليك يا ابتاه

എന്നുമാത്രം പറഞ്ഞു തിരിഞ്ഞുപോവുകയായിരുന്നു പതിവ്.

ഈ 'സിയാറത്ത്' തന്നെ പുരുഷന്മാർക്ക്മാത്രമേ ശ റഇൽ അനുവദിക്കപ്പെട്ടുകയുള്ളു. സ്ത്രീകൾക്ക് ഒരു ഖബ്റും സന്ദർശിക്കാൻ പാടുള്ളതല്ല. ഖബ്റുകൾ സന്ദർശി ക്കുന്ന സ്ത്രീകളെയും, ഖബ്റുകൾക്ക് മുകളിൽ പള്ളി നി ർമ്മിക്കുകയും വിളക്ക് കത്തിക്കുകയും ചെയ്യുന്നവരെയും നബി(സ.അ) ശപിച്ചതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നബിയുടെ പള്ളിയിൽ നമസ്കരിക്കുന്നതിന്നും അവിടെവെച്ച് പ്രാർത്ഥിക്കുന്നതിന്നുമായി മദീനയിലേ ക്കു പോകുന്നത് മററു പള്ളികളിൽപോയി നമസ്കരിക്കു കയും പ്രാർത്ഥിക്കുകയും ചെയ്യുന്നപോലെതന്നെ എല്ലാവ ക്കും ശറഇൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. മുമ്പുദ്ധരി ച്ച ഹദീസുകളെല്ലാം അതിന്ന് തെളിവാണ്.

റസൂലിന്റെ പള്ളി സന്ദർശിക്കാനെത്തിയവർ അവി ടെവെച്ച് അഞ്ചു നേരത്തെ നമസ്കാരങ്ങൾ നിർവ്വഹി ക്കുന്നതും, മഹത്തായ പ്രതിഫലം നേടിയെടുക്കുന്നതിന്നു വേണ്ട ദിക്റുകളും ദുആകളും സുന്നത്ത്നമസ്കാരങ്ങളും ധാരാളമായി നിർവ്വഹിക്കുന്നതും സുന്നത്താണ്. റൗളാ ശരീഫിൽവെച്ച് ധാരാളമായി സുന്നത്ത്നമസ്കാരങ്ങൾ നിർവ്വഹിക്കുന്നതും പുണ്യകരംതന്നെ. ''എന്റെ വീട്ടിന്നും എന്റെ മിമ്പറിന്നുമിടയിലുള്ള സ്ഥലം സ്വർഗ്ഗത്തിലെ

പുണ്ണ്യങ്ങളിലൊന്നാണ് എന്ന നേരത്തെ ഉദ്ധരിച്ച സ്വഹീഹായ നബിവചനം ഇതിന്നു തെളിവാണ്.

എന്നാൽ നിർബ്ബന്ധനമസ്കാരങ്ങൾ നിർവ്വഹിക്കുമ്പോൾ, സന്ദർശകരാകട്ടെ അല്ലാത്തവരാകട്ടെ പ്രസ്തുത റൗളാശരീഫിൽ മുന്നിലെ സ്വഫ്ഫിൽത്തന്നെ സ്ഥലം പിടിക്കാൻ ഓരോരുത്തരും കഴിവതും ശ്രമിക്കേണ്ടതാണ്. പള്ളിയുടെ ഖിബ്‌ലഃവശത്ത് കൂട്ടിയെടുത്തിട്ടുള്ള ഭാഗത്തായാലും മതി. ഒന്നാമത്തെ സ്വഫ്ഫിൻെറ പുണ്യത്തെക്കുറിച്ചും അതിൽ സ്ഥലംപിടിക്കാൻ പ്രേരിപ്പിച്ചു കൊണ്ടും സ്വഹീഹായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള ധാരാളം ഹദീസുകളുണ്ട്. നബി (സ.അ) പറയുകയുണ്ടായി:

لَوْ يَعلــــم النـاس ما فى النِّـداء والصفّ الاول ثــم لــم يجــــدوا إلا أن يستهمــوا عليــه لاستهمــــوا

"ബാങ്കിലും, ഒന്നാമത്തെ സ്വഫ്ഫിലും ഉള്ള പുണ്യം മനസ്സിലാക്കിയിട്ടുള്ള ആളുകൾ നറുക്കിട്ടെങ്കിലേ അത് കിട്ടുകയുള്ളുവെന്നു വന്നാൽ നറുക്കിടാൻപോലും തയ്യാറാകുമായിരുന്നു.'' (ബു.മു)

മറെറാരിക്കൽ നബി (സ.അ) അവിടുത്തെ സ്വഹാബികളോടായി ഇപ്രകാരം പറഞ്ഞു:

تَقدمــــوا فأتمــــوابى وليأتــــم بكم من بعــــدكم ولا يزال الرجل يتأخــــر عن الصلاة حتى يؤخــــره الله

(أخرجه مسلم)

"നിങ്ങൾ മുന്നോട്ടു വരുവിൻ, എന്നെ തുടരുവിൻ, നിങ്ങൾക്ക് പിന്നിലുള്ളവർ നിങ്ങളെ തുടരട്ടെ, നമസ്കാരത്തിൽ നിന്ന് പിന്തിക്കൊണ്ടേയിരിക്കുന്ന ആളെ ഒടുവിൽ അല്ലാഹുവും പിന്തിച്ചുകളയും.'' (മുസ്ലിം)

ആയിശഃ (റ)യിൽനിന്നു അബൂദാവൂദ് രിവായത്ത് ചെയ്തിട്ടുള്ള ഒരു ഹദീസ് ഇപ്രകാരമാണ്: നബി(സ.അ) പറഞ്ഞു:

لا يزال الرجـــل يتأخـــر عن الصف المقـــدم حتى يؤخره الله في النار (اخرجـــه ابوداود بسند حسن)

''മുന്നിലെ സ്വഫ്ഫിൽനിന്നും പിന്തിക്കൊണ്ടേയിരിക്കുന്ന ആളെ നരകത്തിലായിരിക്കും അല്ലാഹു കൊണ്ടെത്തിക്കുന്നത്.''

ഒരിക്കൽ നബി (സ.അ) അവിടുത്തെ സഹാബികളോട് പറഞ്ഞു: ''മലക്കുകൾ അവരുടെ റബ്ബിന്റെയടുത്ത് അണിനിരക്കുന്നപോലെ നിങ്ങളെന്തുകൊണ്ടാണ് അണിനിരക്കാത്തത്?'' മലക്കുകൾ എങ്ങനെയാണവരുടെ റബ്ബിന്റെ അടുത്ത് അണിനിരക്കുന്നത്, അല്ലാഹുവിന്റെ റസൂലേ? അവർ ചോദിച്ചു. നബി (സ.അ) പറഞ്ഞു: അവർ മുന്നിലെ ഓരോ സ്വഫ്ഫും പൂർത്തിയാക്കിക്കൊണ്ടിരിക്കും. സ്വഫ്ഫുകളിൽ പരസ്പരം ചേർന്നുനില്ക്കുകയും ചെയ്യും.'' (മുസ്ലിം)

ഈ അർത്ഥത്തിലുള്ള ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. വിപുലീകരിക്കുന്നതിന്നു മുമ്പും പിമ്പുമുള്ള നബി (സ.അ)യുടെ പള്ളിയെയും മററു പള്ളികളെയും പൊതുവെ ബാധിക്കുന്നതാണ് ആ പരാമർശങ്ങളെല്ലാം.

സ്വഫ്ഫുകളിൽ നബി (സ.അ)യുടെ വലതുവശത്ത് നിൽക്കാൻ അവിടുന്നു സഹാബികളെ പ്രേരിപ്പിച്ചിരുന്നതായി സ്വഹീഹായി സ്ഥിരപ്പെട്ടിട്ടുണ്ട്. നബി (സ.അ)യുടെ ആദ്യത്തെ പള്ളിയിൽ സ്വഫ്ഫിന്റെ വലതുവശം റൗളായുടെ പുറത്താണെന്നത് എല്ലാവർക്കുമറിയാം. അതുകൊണ്ട് റൗളാശരീഫിന്റെ പ്രാധാന്യ

ത്തെക്കാറം പരിഗണിക്കപ്പെടേണ്ടതു് മുൻസ്വഫ്ഫുകളും സ്വഫ്ഫുകളുടെ വലതുവശങ്ങളുമാണെന്നു മനസ്സിലാക്കാം. റൗളാശരീഫിൽവെച്ചുള്ള നമസ്കാരത്തെക്കാളും നിഷ്കർഷിക്കപ്പെടേണ്ടതും അതു രണ്ടുംതന്നെ. ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീസുകറം വിശകലനം ചെയ്താൽ ആക്കും വളരെ വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യമാണിതു്. والله الموفق

നബിയുടെ മുറി തൊട്ടുതടവുകയോ, ചുംബിക്കുകയോ, അതിന്നുചുററും പ്രദക്ഷിണം ചെയ്യുകയോ ആർക്കും അനുവദനീയമല്ല. സലഫുസ്സാലിഹുകളുടെ നടപടിയിൽ അതിന്നു യാതൊരു മാതൃകയുമില്ല. എന്നുതന്നെയല്ല, ദുഷിച്ച ഒരു ബിദ്അത്തുകൂടിയാണതു്.

തന്റെ എന്തെങ്കിലും ആവശ്യങ്ങറം നിർവ്വഹിക്കാനോ, ദുഃഖം അകററുവാനോ, രോഗിയെ സുഖപ്പെടുത്താനോ മറേറാ നബി(സ.അ)യോടൎത്ഥിക്കാൻ ആക്കും അനുവാദമില്ലാത്തതാകുന്നു അതെല്ലാം അൎത്ഥിക്കപ്പെടേണ്ടതു് അല്ലാഹുവിനോടു് മാത്രമാണു്. മരണപ്പെട്ടവരോടു് അത്തരം കാര്യങ്ങറം അൎത്ഥിക്കുന്നതു് അല്ലാഹുവിനോടു് പങ്കുചേക്കലും മററുള്ളവരെ ആരാധിക്കലുമാകുന്നു.

രണ്ടു അടിസ്ഥാനകാര്യങ്ങളിലാണു് ഇസ്ലാംമതം സ്ഥാപിതമായിട്ടുള്ളതു്.

ഒന്നു്: അല്ലാഹുവെ മാത്രമല്ലാതെ ആരാധിക്കാതിരിക്കുക.

രണ്ടു്: അല്ലാഹുവിന്റെ റസൂൽ നിശ്ചയിച്ചുതന്നപോലെ മാത്രം അല്ലാഹുവെ ആരാധിക്കുക.

അല്ലാഹുവല്ലാതെ മറെറാരാരാധ്യനുമില്ലെന്നും, മുഹമ്മദ് (സ.അ) അല്ലാഹുവിന്റെ തിരുദൂതരാണെന്നും

സാക്ഷ്യപ്പെടുത്തുന്നതിൻെറ ഉദ്ദേശവും അതുതന്നെയാണ്.

അപ്രകാരംതന്നെ അല്ലാഹുവിൻെറ റസൂലിനോട് ശുപാർശതേടാനും പാടില്ല. എന്തുകൊണ്ടെന്നാൽ ശുപാശ്യുടെ ഉടമസ്ഥൻ അല്ലാഹുവാണ്. അവനോടല്ലാതെ അതാവശ്യപ്പെടാൻ പാടില്ല. അല്ലാഹു പറയുന്നു:

قــل لله الشفاعـــة جميعـــا

''പറയൂ, എല്ലാ ശുപാർശയും അല്ലാഹുവിന്നുള്ളതാകുന്നു.'' എന്നാൽ,

اَللهـــم شفع فىَّ نبيك اَللهـــم شفع فىَّ ملائكـــتك وعبـــادك المـــؤمنين. اَللهـــم شفع فىَّ أفـــراطى

എന്നൊക്കെപ്പറയാവുന്നതാണ്.

സാരം: ''അല്ലാഹുവേ, നിൻെറ നബി [സ.അ] യെ എൻെറ കാര്യത്തിൽ ശുപാർശക്കാരനാക്കണേ.''

''അല്ലാഹുവേ, നിൻെറ മലക്കുകളെയും, സത്യവിശ്വാസികളായ നിൻെറ അടിയാന്മാരെയും എൻെറ കാര്യത്തിൽ ശുപാർശക്കാരാക്കണേ.''

''അല്ലാഹുവേ, എൻെറ മരിച്ചുപോയ കുഞ്ഞുങ്ങളെ എൻെറ കാര്യത്തിൽ ശുപാർശക്കാരാക്കണേ.''

എന്നല്ലാതെ മരിച്ചുപോയവരോട് നേരിട്ടു യാതൊന്നും അർത്ഥിച്ചുകൂടാ. ശുപാർശതേടാൻ പാടില്ല, മററൊന്നും തേടാൻ പാടില്ല. അവർ അമ്പിയാക്കന്മാരായാലും ശരി, അമ്പിയാക്കളല്ലെങ്കിലും ശരി. എന്തുകൊണ്ടെന്നാൽ ശറഇൽ അതിന്നംഗീകാരമില്ല. എന്നുമാത്രമല്ല നബി [സ.അ] പ്രത്യേകം എടുത്തുപറഞ്ഞവ ഒഴിച്ചാൽ മരിച്ചവൻെറ മററെല്ലാ കർമ്മങ്ങളും നിലച്ചുപോകുന്നതാണ്.

അബൂഹുറയ്റഃയിൽനിന്നു ഇമാം മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങനെ കാണാം;

**അല്ലാഹുവിന്റെ റസൂൽ (സ.അ) പറഞ്ഞു:**

إذا مات ابن آدم اِنقطع عمله إلا من ثلاث : صدقة جارية ، أو علم ينتفع به، أو ولد صالح يدعو له

(رواه مسلم)

''മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ, നിരന്തരഫലം നൽകുന്ന ദാനം, ഉപകാരപ്രദമായ അറിവ്, തനിക്കുവേണ്ടി പ്രാത്ഥിക്കുന്ന നല്ല സന്താനം എന്നീ മൂന്നു തരത്തിലുള്ളതല്ലാത്ത എല്ലാ കമ്മങ്ങളും നിലച്ചുപോകുന്നു.''

നബി (സ.അ)യുടെ ജീവിതകാലത്തും ഖിയാമത്തു നാളിലും അവിടുത്തോട് ശുപാശ്തേടാൻ അനുവദിക്കപ്പെട്ടത് ആ കാലങ്ങളിൽ നബി (സ.അ)ക്ക് അതിനു കഴിവുള്ളതുകൊണ്ടാണ്. ഖിയാമത്തുനാളിൽ റബ്ബിന്റെ മുന്നിൽ ചെന്നുനിന്ന് തങ്ങളോട് ശുപാർശതേടിയവനുവേണ്ടി ശുപാശ്ചെയ്യാൻ നബി(സ.അ)ക്ക് കഴിയും. ഇഹലോകത്തുവെച്ചുള്ള കഴിവ് എല്ലാവക്കമറിയാം. അതവിടുത്തേക്ക് മാത്രമുള്ള ഒരു സവിശേഷതയല്ല. ഇഹലോകത്ത് പൊതുവെ എല്ലാവക്കും ആ കഴിവുണ്ട്. ഏതൊരു മുസ്ലിമിനും തന്റെ സഹോദരന്റെ അടുത്തുചെന്ന് ''എനിക്കുവേണ്ടി ഇന്നയിന്ന കാര്യങ്ങൾക്കായി എന്റെ റബ്ബിനോട് താങ്കൾ ശുപാർശ ചെയ്യണേ'' എന്നപേക്ഷിക്കാവുന്നതാണ്. അതിന്റെ അർത്ഥം എനിക്കുവേണ്ടി പ്രാത്ഥിക്കണേ എന്നു മാത്രമാണ്. ആരോടാണോ അപേക്ഷിക്കപ്പെട്ടത് അയാൾക്ക്, തന്റെ സഹോദരന്റെ ഹലാലായ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാനായി അല്ലാഹുവോട് പ്രാത്ഥിക്കാവുന്നതും സഹോദരനുവേണ്ടി ശുപാർശ ചെയ്യാവുന്നതുമാണ്.

എന്നാൽ ഖിയാമത്തുനാളിൽ അല്ലാഹു അനുവദിച്ച ശേഷമല്ലാതെ ആക്കും ശുപാർശചെയ്യാൻ അർഹതയുണ്ടായിരിക്കുന്നതല്ല. അല്ലാഹു പറയുന്നു:

من ذا الذى يشفـــع عـــنده إلا بإذنه

"തന്റെ സമ്മതംകൂടാതെ തന്നോട് ശുപാർശചെയ്യുന്നവൻ ആര്?"

എന്നാൽ മൃതാവസ്ഥ ഒരു പ്രത്യേകാവസ്ഥയാണ്. മരണത്തിന്നു മുമ്പുള്ള മനുഷ്യന്റെ അവസ്ഥയും, ഉയിത്തെഴുന്നേല്പിന്നു ശേഷമുള്ള അവസ്ഥയും അതും തമ്മിൽ ഒരു വിധത്തിലും താരതമ്യപ്പെടുത്തിക്കൂടാത്തതാണ്. കാരണം മയ്യിത്തിന്റെ കർമ്മങ്ങൾ നിലച്ചുപോകുകയും നബി (സ.അ) പ്രത്യേകം എടുത്തുപറഞ്ഞ ചില കാര്യങ്ങൾ ഒഴിച്ചുനിർത്തിയാൽ തന്റെ കർമ്മഫലവുമായി മാത്രം അവൻ ബന്ധപ്പെട്ടവനായിരിക്കുകയും ചെയ്തിരിക്കുന്നു. മരിച്ചവരോട് ശുപാർശതേടൽ നബി (സ.അ) ഒഴിവാക്കിയ കാര്യങ്ങളിൽ പെടുകയില്ല. അതുകൊണ്ട് ശുപാർശയെ അവയോട് ചേർക്കാൻ പാടില്ല.

നബി (സ.അ) വഫാത്തായ ശേഷവും ജീവിച്ചിരിപ്പുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. എന്നാലത് ശുഹദാക്കളുടെ ജീവിതത്തേക്കാളും പൂർണ്ണമായ ഒരു തരം അഭൗതികജീവിതം മാത്രമാണ്. അത് മരണത്തിന്നു മുമ്പുണ്ടായിരുന്ന അവിടുത്തെ ജീവിതത്തിന്റെ ഇനത്തിലോ, ഖിയാമത്ത്നാളിലെ അവിടുത്തെ ജീവിതത്തിന്റെ ഇനത്തിലോ പെട്ടതല്ലതന്നെ. രൂപവും യാഥാത്ഥ്യവും അല്ലാഹുവിന്നുമാത്രം അറിയാവുന്ന ഒരുതരം ജീവിതമാണത്. അതുകൊണ്ടാണ് നബി(സ.അ) പറഞ്ഞത്: "ആരെങ്കിലും എനിക്ക് സലാംചൊല്ലിയാൽ അത്

മടക്കുവാൻതക്കവെണ്ണം എൻെറ ആത്മാവ് അല്ലാഹു എ
നിക്ക് തിരിച്ചുതരും.'' അതായത് അവിടുന്ന് മയ്യിത്ത്
തന്നെ. അവിടുത്തെ ആത്മാവ് ശരീരവുമായി വേർപ്പെട്ടി
ട്ടുണ്ട്. പക്ഷെ ആരെങ്കിലും അവിടുത്തേക്ക് സലാംചൊ
ല്ലിയാൽ അത് തിരിച്ചുകിട്ടും. നബി (സ.അ)യുടെ മര
ണത്തെക്കുറിക്കുന്ന വ്യക്തമായ തെളിവുകൾ ഖുർആനിൽ
നിന്നും സുന്നത്തിൽനിന്നും അറിയപ്പെട്ടതാണ്. ഐക
കണ്ഠേന പണ്ഡിതന്മാരാൽ അംഗീകരിക്കപ്പെട്ട ഒരു കാ
ര്യമത്രെ അത്. പക്ഷെ അഭൗതികമായ ഒരു ജീവിതം
ഉണ്ടാകാൻ പാടില്ലെന്ന് ഇതിന്നു അർത്ഥമില്ല. അപ്രകാ
രംതന്നെ ശുഹദാക്കൾ മരിച്ചു എന്നു പറഞ്ഞാൽ അത്

ولا تحسبنّ الذين قتلــوا فى سبيــل الله أمــواتا بل
أحياء عــند ربهـــم يرزقــون (آل عمران ١٦٩)

''അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരണപ്പെ
ട്ടവരാണെന്നു വിചാരിക്കരുത്. എന്നാലവർ തങ്ങളുടെ
റബ്ബിങ്കൽ ജീവിച്ചിരിക്കുന്നു. അവക്ക് ഉപജീവനം നല്ക
പ്പെടുന്നു'' എന്ന ആയത്തിൽ പറഞ്ഞ ശുഹദാക്കളുടെ
അഭൗതികജീവിതത്തിൻെറ നിഷേധമല്ല.

ഈ പ്രശ്നം ഇത്രയും വിസ്തരിച്ചുതന്നെ പ്രതിപാദി
ക്കേണ്ടിവന്നത് അങ്ങനെ ആവശ്യമായിവന്നതുകൊണ്ടാ
ണ്. പലരും ഈ പ്രശ്നം സങ്കീർണ്ണമാക്കുകയും, അല്ലാ
ഹുവെക്കൂടാതെ, മരിച്ചുപോയവക്ക് ആരാധനകളർപ്പി
ക്കാനും അങ്ങനെ ശിർക്കുചെയ്യാനും പ്രേരിപ്പിക്കുകയും ചെ
യ്യുന്നുണ്ട്. അത്തരക്കാരിൽനിന്നും ശറഇന്നെതിരായ മററു
കാര്യങ്ങളിൽനിന്നും നമ്മെയും മറെറല്ലാ മുസ്ലിംകളെയും
രക്ഷപ്പെടുത്താൻ അല്ലാഹുവോട് നമുക്ക് പ്രാർത്ഥിക്കാം.

والله أعلم

നബി (സ.അ) യുടെ ഖബ്റിന്നടുത്തുവെച്ച് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുക, ദീർഘനേരം അവിടെ നില്ക്കുക തുടങ്ങി ഇന്നു ചില ആളുകൾ ചെയ്യുന്ന കാര്യങ്ങൾ ശറഇന്നു വിരുദ്ധമാണ്. എന്തുകൊണ്ടെന്നാൽ, നബി(സ.) യുടെ ശബ്ദത്തേക്കാൾ ശബ്ദമുയർത്തുന്നതും പരസ്പരം ഉറക്കെ സംസാരിക്കുന്നപോലെ അവിടുത്തോട് സംസാരിക്കുന്നതും അല്ലാഹു വിരോധിച്ചിട്ടുണ്ട്. അവിടുത്തെ സമീപത്തുനിന്ന് ശബ്ദം ഒതുക്കുവാൻ അവൻ കല്പിച്ചിട്ടുമുണ്ട്. അല്ലാഹു പറയുന്നത് നോക്കുക:

يا أيها الذين آمنوا لا ترفعوا أصواتكم فوق صوت
النبيّ ولا تجهروا له بالقول كجهر بعضكم
لبعض أن تحبط أعمالكم وأنتم لا تشعرون ٥
إن الذين يغضون أصواتهم عند رسول الله
أولئك الذين امتحن الله قلوبهم للتقوى لهم
مغفرة وأجر عظيم (الحجرات)

"സത്യവിശ്വാസികളേ, നബി (സ.അ) യുടെ ശബ്ദത്തേക്കാൾ നിങ്ങളുടെ ശബ്ദം നിങ്ങൾ ഉയർത്തരുത്. നിങ്ങൾ പരസ്പരം ഉച്ചത്തിൽ സംസാരിക്കുംപോലെ അവിടുത്തോട് ഉച്ചത്തിൽ സംസാരിക്കുകയുമരുത്. (അങ്ങനെ ചെയ്താൽ) നിങ്ങളറിയാതെതന്നെ നിങ്ങളുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോകും. അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിൽ ശബ്ദം ഒതുക്കുന്നവരാരോ അവർ ധർമ്മനിഷ്ഠക്കായി അല്ലാഹു ഹൃദയങ്ങൾ സ്ഫുടംചെയ്തെടുത്തിട്ടുള്ളവരാകുന്നു. അവർക്ക് പാപമുക്തിയും മഹത്തായ പ്രതിഫലവുമുണ്ട്."

അവിടുത്തെ ഖബ്റിന്നടുത്ത് ദീർഘനേരം നില്കുന്നതും ആവർത്തിച്ചാവർത്തിച്ച് സലാം പറഞ്ഞുകൊണ്ടിരിക്കുന്നതും അവിടെ തിരക്ക വർദ്ധിപ്പിക്കാനും നബിയുടെ ഖബ്റിങ്കൽ ശബ്ദകോലാഹലങ്ങൾ കൂട്ടുവാനും മാത്രമേ സഹായിക്കുകയുള്ളു. പ്രസ്തുത ആയത്തുകളിലൂടെ മുസ്ലിംകളോട് അല്ലാഹു നിയമമാക്കീട്ടുള്ള കാര്യങ്ങൾക്കെതിരാണതെന്ന് പറയേണ്ടതില്ല. ജീവിച്ചിരിക്കുമ്പോഴും അതിനു ശേഷവും ആദരിക്കപ്പെടേണ്ട വ്യക്തിയാണ് നബി(സ). അതിനാൽ ശറഇലെ മര്യാദകൾക്കെതിരായി യാതൊന്നും അവിടുത്തെ ഖബ്റിങ്കൽ വെച്ച് ചെയ്യാൻ ഒരു മുഉ്മിനിന്നും പാടില്ല.

ഇപ്രകാരം അവിടുത്തെ ഖബ്റിനുനേരെ നിന്നുകൊണ്ട് കൈകൾ മേല്പോട്ടുയർത്തികൊണ്ട് പ്രാർത്ഥന നടത്തുന്നതിലാണ് ചിലയാളുകൾക്ക് വലിയ താല്പര്യം. സലഫുസ്സാലിഹുകളായ (അല്ലാഹുവിൻെറ റസൂലിൻെറ) സഹാബികളുടെയും അവരുടെ ഉത്തമരായ പിൻഗാമികളുടെയും മാതൃകക്കെതിരാണ് അതൊക്കെ എന്നു മാത്രമല്ല നവനിർമ്മിതങ്ങളായ അനാചാരങ്ങളുമാണ്. നബി (സ.) പറഞ്ഞത് ഇവിടെ ശ്രദ്ധേയമാണ്.

عليكم بسنتي وسنة الخلفاء الراشدين المهديين من بعدي، تمسكوا بها وعضوا عليها بالنواجذ، وإياكم ومحدثات الامور فان كل محدثة بدعة وكل بدعة ضلالة

(اخرجه ابوداود بسند حسن والنسائى)

"എൻെറ സുന്നത്തും, സച്ചരിതരും സന്മാർഗ്ഗസിദ്ധരുമായ എൻെറ പിൻഗാമികളുടെ സുന്നത്തും മുറുകെ പിടിക്കുക

, അത് മുറുകെ പിടിക്കുകയും, അണപ്പല്ലുകൾകൊണ്ട് കടിച്ചുപിടിക്കുകയും ചെയ്യുക. (മതത്തിൽ) പുതുതായി നിർമ്മിക്കപ്പെട്ട കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ (മതത്തിൽ) പുതുതായി നിർമ്മിക്കപ്പെട്ടവയെല്ലാം അനാചാരമാണ്. അനാചാരമൊക്കെ വഴികേടും.''

മറ്റൊരിക്കൽ നബി (സ.അ) പറഞ്ഞു:

من أحدث فى أمرنا هذا ما ليس منه فهو رد

''നമ്മുടെ ഈ (മത)കാര്യത്തിൽ അതിലില്ലാത്ത എന്തെങ്കിലും ആരെങ്കിലും പുതുതായി നിർമ്മിച്ചാൽ അത് തള്ളപ്പെടണം.'' (ബുഖാരി, മുസ്ലിം) മുസ്‌ലിമിൻെറ മറ്റൊരു രിവായത്തിപ്രകാരമാണ്:

من عمل عملا ليس عليه أمرنا فهو ردّ

''നമ്മുടെ കല്പനയില്ലാത്ത എന്തെങ്കിലുമൊരു കർമ്മം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടണം.'' ഒരാൾ നബി (സ.അ) യുടെ ഖബ്റിന്നടുത്തുനിന്ന് പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ സൈനുൽആബിദീൻ അലിയ്യുബ്നുൽ ഹുസൈൻ (റ) അയാളെ തടഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു: എൻെറ പിതാവ് എൻെറ പിതാമഹനായ അല്ലാഹുവിൻെറ റസൂലി(സ.അ)നെ ഉദ്ധരിച്ചുകൊണ്ട് പറയുന്നതായി ഞാൻ കേട്ട ഒരു വചനം നിനക്ക് ഞാൻ പറഞ്ഞുതരാം. നബി (സ.അ) പറഞ്ഞു:

لا تتّخذوا قبرى عيدا ولا بيوتكم قبورا وصلوا علىّ فانّ تسليمكم يبلغنى أين كنتم (أخرجه الحافظ محمد بن عبد الواحد المقدسى فى كتابه المختارة)

''എൻെറ ഖബ്റിനെ നിങ്ങൾ ഉത്സവ(കേന്ദ്ര)മാക്കരുത്.

നിങ്ങളുടെ വീടുകളെ ഖബ്റുകളാക്കുകയുമരുത്. നിങ്ങളെന്റെമേൽ സ്വലാത്ത് ചൊല്ലണം. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സലാം എനിക്കെത്തിച്ചേരും.''

ഇതുപോലെ ചിലർ നബി (സ. അ)ക്ക് സലാം ചൊല്ലുമ്പോൾ നമസ്കാരത്തിലെപ്പോലെ നെഞ്ചിനുമീതെയോ, താഴെയോ വലതുകൈ ഇടതുകയ്യിന്മേൽ വെച്ച് കൈകെട്ടി നില്ക്കുന്നത് കാണാറുണ്ട്.

നബി (സ.അ)ക്കോ, മററാക്കെങ്കിലുമോ രാജാക്കന്മാർക്കോ, നേതാക്കൾക്കോ സലാം ചൊല്ലുമ്പോൾ ഈ രൂപത്തിൽ നില്ക്കാൻ പാടില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ ആ രൂപം താഴ്മയുടെയും വണക്കത്തിന്റെയും ആരാധനയുടെയും രൂപമാണ്. അല്ലാഹുവിന്റെ മുമ്പിലല്ലാതെ ആ രൂപം പ്രകടിപ്പിച്ചുകൂടാ. പണ്ഡിതന്മാർ ഇങ്ങനെയാണ് അഭിപ്രായപ്പെട്ടിട്ടുള്ളതെന്ന് ഹാഫിസ് ഇബ്നു ഹജർ (റ) രേഖപ്പെടുത്തിയിട്ടുണ്ട്. രംഗം വീക്ഷിക്കുകയും സലഫുസ്സാലിഹുകളുടെ മാർഗ്ഗം പിൻപററാനാഗ്രഹിക്കുകയും ചെയ്യുന്നവക്ക് ഇക്കാര്യം വളരെ വ്യക്തമാണ്. എന്നാൽ പക്ഷപാതം, തന്നിഷ്ടം, അന്ധമായ അനുകരണം, സലഫുസ്സാലിഹുകളുടെ മാർഗ്ഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നവരെക്കുറിച്ച് തെററിദ്ധാരണ എന്നിത്യാദി ദുർഗ്ഗുണങ്ങൾക്ക് വശംവദരായവരുടെ കാര്യം അല്ലാഹുതന്നെ ഏല്ക്കട്ടെ. നമ്മെയും അവരെയും അല്ലാഹു ഹിദായത്തിലാക്കട്ടെ. മറെറന്തിനെക്കാളും സത്യത്തിന്നു പ്രാധാന്യം കല്പിക്കാനുള്ള തൗഫീഖും അവൻ നമുക്കും അവക്കും പ്രദാനം ചെയ്യട്ടെ പ്രാർത്ഥിക്കപ്പെടുന്നവരിൽ ഏററവും ഉത്തമൻ അല്ലാഹുവത്രെ. إنه سبحانه خير مسؤول

ഇപ്രകാരംതന്നെ അകലെനിന്നുതന്നെ ഖബ്റിന്നു നേരെ അഭിമുഖമായിനിന്ന് സലാം കൊണ്ടും ദുആകൊ

ണ്ടും ചുണ്ട് ചലിപ്പിക്കുന്ന സമ്പ്രദായം ചിലർക്കുണ്ട്. ഇതൊക്കെ മുമ്പ് പറഞ്ഞ കൂട്ടത്തിൽപെട്ട അനാചാരങ്ങളാണ്. അല്ലാഹു അനുവദിക്കാത്ത യാതൊന്നും ദീനിൽ കൂട്ടിച്ചേർക്കാൻ ഒരു മുസ്ലിമിന്നും പാടില്ല. യഥാർത്ഥത്തിൽ ഇത്തരം പ്രവൃത്തികളിലൂടെ അല്ലാഹുവുമായി അടുക്കുന്നതിനേക്കാളധികം അകലുകയാണ് ചെയ്യുന്നത്. ഇമാം മാലിക് (റ) ഇത്തരം ചെയ്തികളെ ദുഷിച്ചുകൊണ്ടിപ്രകാരം പറയുകയുണ്ടായി:

لن يصلح آخر هذه الأمة إلا ما أصلح أوّلها

''ഈ ഉമ്മത്തിന്റെ ആദ്യവിഭാഗത്തെ നന്നാക്കിയ സംഗതി എന്താണോ അതുമാത്രമേ അതിന്റെ അന്ത്യവിഭാഗത്തെയും നന്നാക്കുകയുള്ളു.'' നബി (സ.അ) യുടെയും അവിടത്തെ ഖുലഫാഉർറാശിദീങ്ങളുടെയും, സഹാബത്തി (റ)ന്റെയും, അവരുടെ ഉത്തമരായ താബിഉകളുടെയും പാതയിലൂടെ ചരിച്ചതുകൊണ്ടാണ് ഈ ഉമ്മത്തിലെ ആദ്യവിഭാഗം നന്നായതെന്ന് എല്ലാവർക്കുമറിയാം. ആ മാർഗ്ഗം മുറുകെ പിടിക്കുകയും ആ പാതയിലൂടെ ചരിക്കുകയും ചെയ്യുന്നത് മാത്രമേ ഈ ഉമ്മത്തിലെ അന്ത്യവിഭാഗത്തെ നന്നാക്കാൻ സഹായിക്കുകയുള്ളു.

ഐഹികവും പാരത്രികവുമായ രക്ഷയും, സൗഭാഗ്യവും പ്രതാപവും കൈവരുത്തുന്ന എല്ലാ കാര്യങ്ങൾക്കും അല്ലാഹു മുസ്ലിംകളെ തുണക്കട്ടെ. അവൻ അനുഗ്രഹദാതാവാണ്. അത്യുദാരനാണ്. إنه جواد كريم

### ഒരുദ്ബോധനം

നബി (സ.അ) യുടെ ഖബ്ർ സന്ദർശനം, പലരും തെററദ്ധരിച്ചപോലെ വാജിബുമല്ല ഹജ്ജിന്റെ ഒരു ശർത്വും അല്ല. നബി [സ.അ] യുടെ പള്ളി സന്ദർശി

ക്കാനെത്തിയവർക്കും, പരിസരവാസികൾക്കും സുന്നത്താ യ ഒരു കാര്യം മാത്രമാണ്. മദീനയിൽനിന്നു അകലെ താമസിക്കുന്നവർക്ക് ഖബ്ർ സന്ദർശനത്തിന്നായി യാത്ര ചെയ്യാൻ പാടില്ല. എന്നാൽ മസ്ജിദുശ്ശരീഫ് ഉദ്ദേശിച്ച യാത്രചെയ്യുന്നത് സുന്നത്താണ്. അങ്ങനെ അവിടെ എത്തിയാൽ നബി (സ.അ)യുടെയും രണ്ട് സ്വഹാബി (റ) കളുടെയും ഖബ്റുകൾ സന്ദർശിക്കാം. മസ്ജിദുന്നബി യുടെ സന്ദർശനത്തിന്റെ ഒരനുബന്ധമായി നബി(സ.അ) യുടെയും രണ്ടു സ്വഹാബി (റ)കളുടെയും ഖബ്ർ സന്ദർശനം ഉൾപ്പെടുന്നുവെന്നു മാത്രം. ഇതെന്തുകൊണ്ടെന്നാൽ നബി (സ.അ) പറഞ്ഞതായി ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീസിൽ ഇപ്രകാരം കാണാം.

لاتشدُّ الرِّحالُ إلا إلى ثلاثة مساجد: المسجد الحرام ومسجدى هذا والمسجد الاقصى (متفق عليه)

''മൂന്നു പള്ളികളിലേക്കല്ലാതെ തീർത്ഥാടനം ചെയ്യാൻ പാടില്ല. 1 (മക്കയിലെ) മസ്ജിദുൽഹറാം, 2 (മദീനയി ലെ) എന്റെ ഈ പള്ളി, 3 (ബൈത്തുൽമഖ്ദിസിലെ) മസ്ജിദുൽ അഖ്സാ.''

നബി (സ.അ)യുടെയോ, മററു വല്ലവരുടെയോ ഖ ബ്ർ സന്ദർശിക്കാനായി യാത്രചെയ്യുന്നത് ശറഇൽ അ നുവദിക്കപ്പെട്ടതായിരുന്നുവെങ്കിൽ നബി (സ.അ) തന്റെ ഉമ്മത്തിനെ അതറിയിക്കാതിരിക്കില്ല. അതിന്റെ മഹ ത്വം അവരെ പഠിപ്പിക്കാതിരിക്കില്ല.

എന്തുകൊണ്ടെന്നാൽ അവിടുന്ന് ജനങ്ങളോട് ഏററ വുമധികം ഗുണകാംക്ഷയുള്ള വ്യക്തിയാണ്. അല്ലാഹു വെ ഏററവുമധികം മനസ്സിലാക്കി അവനെ ഏററവുമധി കം ഭയപ്പെടുന്ന ആളും അവിടുന്നുതന്നെ. തന്നിലർപ്പിത മായിട്ടുള്ള ദൗത്യം വ്യക്തമായി അവിടുന്ന് നിർവ്വഹി

ച്ചിട്ടുണ്ട്. തന്റെ ഉമ്മത്തിന്നു എല്ലാ നന്മയും കാണിച്ചു കൊടുക്കുകയും, എല്ലാ തിന്മയെക്കുറിച്ചും അവക്ക് മുന്നറിയിപ്പ് നൽകുകയുംചെയ്തിട്ടുണ്ട്. എങ്ങനെ അദ്ദേഹംചെയ്തില്ലെന്നു പറയും? മൂന്നു പള്ളികളിലേക്കല്ലാതെ തീർത്ഥയാത്ര ചെയ്യുന്നവരെ അദ്ദേഹം താക്കീത്ചെയ്തിട്ടുണ്ട്. "എന്റെ ഖബ്റിനെ ഉത്സവ(സ്ഥല)മാക്കരുത്. നിങ്ങളുടെ വീടുകൾ ഖബ്റുകളാക്കരുത്. എനിക്കുവേണ്ടി നിങ്ങൾ സ്വലാത്ത്ചൊല്ലണം. നിങ്ങളുടെ സ്വലാത്ത് നിങ്ങൾ എവിടെയായിരുന്നാലും എനിക്കെത്തും" എന്നു പറഞ്ഞതും അവിടുന്നുതന്നെ. അവിടുത്തെ ഖബ്റ് സന്ദർശനാർത്ഥം തീർത്ഥയാത്രചെയ്യുന്നത് ശറഇൽ അംഗീകരിക്കപ്പെട്ടതാണെന്ന് പറയുന്നത് അവിടുത്തെ ഖബ്ർ ഉത്സവസ്ഥലമാക്കുന്നതിന്നിടയാക്കും. നബി(സ.അ) യെപ്പെട്ടുകൊണ്ടിരുന്ന തീവ്രവാദത്തിലും അമിതപ്രശംസയിലുമെല്ലാം അധികമാളും കുടുങ്ങിയിട്ടുള്ളതിന്റെ മുഖ്യകാരണം നബി (സ.)യുടെ ഖബ്ർസന്ദർശനാർത്ഥം തീർത്ഥയാത്ര ചെയ്യുന്നത് ശറഉ് അംഗീകരിക്കുന്നു എന്ന വിശ്വാസം മാത്രമാണ്.

നബി (സ.അ)യുടെ ഖബ്റ്സന്ദർശനാർത്ഥം തീർത്ഥയാത്രചെയ്യുന്നത് ശറഇൽ അംഗീകരിക്കപ്പെട്ടതാണെന്ന് വാദിക്കുന്നവർ തങ്ങൾക്ക് തെളിവിന്നായി ഉദ്ധരിക്കാറുള്ള ഹദീസുകളെല്ലാം ഒന്നുകിൽ ദുർബ്ബലമായ സനദുകളുള്ളവയാണ്. അല്ലെങ്കിൽ വ്യാജനിർമ്മിതങ്ങളാണ്. ദാറഖുത്വ്നി, ബൈഹഖി, ഹാഫിസ്വ്ഇബ്നുഹജർ തുടങ്ങിയ ഹാഫിസുകളായ ഹദീസ്പണ്ഡിതന്മാർ എല്ലാം പ്രസ്തുത ഹദീസുകളുടെ ദൗർബ്ബല്യത്തെക്കുറിച്ച് ഉണർത്തിയിട്ടുണ്ട്. അത്തരം ദുർബ്ബലമായ ഹദീസുകൾകൊണ്ട് മൂന്നു പള്ളികളിലേക്കല്ലാതെ യാത്രചെയ്യുന്നത് നിരോധിക്കുന്ന ഏററവും സ്വഹീഹായ ഹദീസുകളെ എതിർക്കുന്നത് ഒരി

കല്ലും അനുവദിച്ചുകൂടാത്തതാണ്.

ഈ വിഷയകമായി ഉദ്ധരിക്കപ്പെടാറുള്ള ചില കള്ള ഹദീസുകൾ വായനക്കാരുടെ അറിവിന്നായി താഴെ ചേർക്കുന്നു. അത്തരം ഹദീസുകളിൽ വഞ്ചിക്കപ്പെട്ടുപോകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം.

ഒന്ന്: مَنْ حجَّ وَلَمْ يَزُرْنِى فَقَدْ جفانى

''ഹജ്ജ്ചെയ്യാൻ വന്നിട്ട് എന്നെ സന്ദർശിക്കാൻ ആരെങ്കിലും വരാതിരുന്നാൽ അവൻ എന്നോട് പിണങ്ങിയിരിക്കുന്നു.''

രണ്ട്: مَنْ زَارنى بَعدَ مماتى فكأنّما زارنى فى حياتى

''എൻെറ മരണശേഷം എന്നെ സന്ദർശിക്കുന്നവൻ എൻെറ ജീവിതകാലത്ത് എന്നെ സന്ദർശിച്ചവനെപ്പോലെയാണ്.''

മൂന്ന്: مَنْ زارنى وزارَ أبى إبراهيم فى عام واحدٍ ضَمِنْتُ لهُ على الله الجنَّة

''എന്നെയും, എൻെറ പിതാവ് ഇബ്രാഹീമിനെയും ഒരേ കൊല്ലം സന്ദർശിക്കുന്നവന്ന് അല്ലാഹു സ്വർഗ്ഗം നൽകുമെന്ന ഞാനേല്ക്കാം.''

നാല്: من زارَ قبرى وجَبَتْ لهُ شفاعتى

''എൻെറ ഖബ്ർ സന്ദർശിച്ചവന്ന് എൻെറ ശുപാർശ് ഉറച്ചതുതന്നെ.''

ഈ ഹദീസുകളോ അതുപോലുള്ള മററു ഹദീസുകളോ ഒന്നുംതന്നെ നബി (സ.അ) പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടില്ല.

''ഹാഫിസ്വ്ഇബ്നുഹജർ (റ) തൻെറ 'തൽഖ്വീസ്'' എന്ന ഗ്രന്ഥത്തിൽ പ്രസ്തുത രിവായത്തുകളധികവും ഉദ്ധരിച്ച ശേഷം പറയുകയാണ്: ''ഈ ഹദീസുകളുടെ എല്ലാ സനദുകളും ദുർബ്ബലങ്ങളാണ്.''

ഈ വിഷയത്തിൽ സ്വഹീഹായ ഒരൊററ ഹദീസു പോലുമില്ലെന്നാണ് ഹാഫിസ്വ്ഉഖൈലി പറയുന്നത്.

''ഈ ഹദീസുകളെല്ലാം വ്യാജനിർമ്മിതങ്ങളാണെന്നു'' ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യ (റ) ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ട്.

അറിവിലും, ഓർമ്മശക്തിയിലും, അഗാധമായ പാണ്ഡിത്യത്തിലും അദ്ദേഹം ധാരാളം മതിയായവനാണ്.

ഇക്കൂട്ടത്തിലേതെങ്കിലുമൊന്ന് സ്ഥിരപ്പെട്ടിരുന്നെങ്കിൽ അത് പ്രാവത്തികമാക്കാൻ നബി(സ.അ) യുടെ സഹാബത്തായിരുന്നു മുൻപന്തിയിലുണ്ടാവേണ്ടിയിരുന്നത്. അത് സമുദായത്തിന്നു് വിവരിച്ചുകൊടുക്കാനും അവരെ അതിലേക്ക് ക്ഷണിക്കുവാനും അവർ മുന്നിലുണ്ടാകുമായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രവാചകന്മാക്കശേഷം മനുഷ്യരിൽ ഏററവും ഉൽകൃഷ്ടരും, അല്ലാഹുവിൻെറ അതിർത്തികളെക്കുറിച്ചും തൻെറ അടിമകൾക്ക് അല്ലാഹു ശറആക്കി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളെക്കുറിച്ചും ഏററവുമധികം വിവരമുള്ളവരും അല്ലാഹുവിനോടും അവൻെറ സൃഷ്ടികളോടും ഏററം ഗുണമുള്ളവരും അവരത്രെ. അത്തരത്തിലുള്ള ഒന്നും അവരാരിൽനിന്നും ഉദ്ധരിക്കപ്പെട്ടുകാണുന്നില്ലെങ്കിൽ അതൊന്നും ശരീഅത്തിൽപെട്ട കാര്യമല്ലെന്നാണ് മനസ്സിലാക്കേണ്ടത്. അക്കൂട്ടത്തിൽപെട്ട ഏതെങ്കിലും ഹദീസ് സ്വഹീഹായി തെളിഞ്ഞാൽതന്നെ ശറഇൽ അംഗീകരിക്കപ്പെട്ട സിയാറത്തിനെക്കുറിച്ചാണതെന്നു മനസ്സിലാക്കേണ്ടതാണ്. അഥവാ ഖബ്ർസന്ദർശനം

മാത്രം ഉദ്ദേശിച്ചുള്ള തീർത്ഥാടനത്തെപ്പററിയല്ല, മറിച്ച് ഖബ്റിങ്കൽ എത്തിപ്പെട്ടാലുള്ള സിയാറത്തിനെപ്പററിയാണ് അതു സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കണം. വിവിധ ഹദീസുകൾ തമ്മിലുള്ള സംയോജനം ഇപ്രകാരമാണ്.

والله سبحانه وتعالى أعلم

## ഖുബായിലെ പള്ളി

മദീന സന്ദർശിക്കുന്നവർ ഖുബായിലെ പള്ളിയും സന്ദർശിക്കുന്നത് സുന്നത്താണ്. അവിടെവെച്ച് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുകയും വേണം. നബി (സ.അ.) നടന്നും വാഹനപ്പുറത്തും പോയി ഖുബായിലെ പള്ളി സന്ദർശിക്കുകയും അവിടെവെച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും പതിവായിരുന്നു എന്നു് ഇബ്നുഉമർ [റ] പറഞ്ഞതായി ബുഖാരിയും മുസ്ലിമും രേഖപ്പെടുത്തിയിട്ടുണ്ട്. മറെറാരു ഹദീസ് ഇപ്രകാരമാണ്.

عن سهل بن حنيف (رضى) قال: قال رسول الله صلى الله عليه وسلم «من تطهر في بيته ثم أتى مسجد قباء فصلى فيه صلاة كان له كأجر عمرة (رواه احمد والنسائي وابن ماجه واللفظ له والحاكم)

അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

"ഒരാൾ വീട്ടിൽവെച്ച് വുദു എടുത്ത് ഖുബായിലെ പള്ളിയിൽപോയി നമസ്കരിച്ചാൽ അയാൾക്ക് ഒരു ഉംറയുടെ പ്രതിഫലമുണ്ട്."

ബഖീഇലുള്ള ഖബ്റുകളും, ശുഹദാക്കളുടെ ഖബ്റുകളും, ഹംസഃ(റ)യുടെ ഖബ്റും സന്ദർശിക്കുന്നത് സുന്നത്താണ്. നബി(സ.അ) അവരുടെ ഖബ്റുകൾ സന്ദർ

ശിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഒരിക്കൽ നബി (സ.അ) ഇപ്രകാരം പറയുകയുണ്ടായി.

زُورُوا القُبُور فانّها تُذَكّرُكم الآخِرَةَ (أخرجه مسلم)

"നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുവിൻ അതു പരലോകത്തെ ഓർമ്മിപ്പിക്കും."

ഖബ്ർ സന്ദർശനവേളയിൽ ചൊല്ലാനായി താഴെ പറയുന്ന വാക്യങ്ങൾ നബി (സ.അ) അവിടുത്തെ സഹാബിമാരെ പഠിപ്പിക്കാറുണ്ടായിരുന്നു.

اَلسَّلامُ عَلَيْكُم أهْلَ الدِّيارِ مِنَ الْمُؤمِنِين والمُسْلِمِينَ وإنّا إنْ شاءَ اللهُ بِكُمْ لاحِقُون، نَسْأَل اللهَ لنا وَلَكُمُ الْعافِيَةَ (أخرجه مسلم من حديث سليمان بن بريدة عن أبيه)

"സത്യവിശ്വാസികളും മുസ്ലിംകളുമായ ഖബ്റാളികളേ, നിങ്ങൾക്ക് ശാന്തിയുണ്ടായിരിക്കട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളെ അനുഗമിക്കുന്നവരാകുന്നു. ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു ക്ഷേമം നൽകട്ടെ."

(മുസ്ലിം)

മദീനയിലെ ശ്മശാനത്തിലൂടെ നടന്നുപോകുമ്പോൾ തിരിഞ്ഞുനിന്നു നബി (സ.അ.) പറയാറുണ്ടായിരുന്നത് ഇബ്നു അബ്ബാസി (റ) ൽനിന്നും തിർമിദി ഉദ്ധരിക്കുന്നു.

السلامُ عليكم يا أهْلَ القبُورِ يَغْفِرُ اللهُ لَنا وَلَكم أَنْتُمْ سَلَفُنا ونَحْنُ بِالأثَرِ (رواه الترمذى)

''അല്ലയാ ഖബ്ർവാസികളേ, നിങ്ങൾക്ക് ശാന്തിയു ണ്ടാകട്ടെ. ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു പൊറുത്തു തരട്ടെ നിങ്ങൾ ഞങ്ങളുടെ മുൻഗാമികളാണ്. ഞങ്ങൾ നിങ്ങളുടെ പിന്നാലെത്തന്നെയുണ്ട്.''

ഈ ഹദീസുകളിൽനിന്നെല്ലാം മനസ്സിലാകുന്നത് ശ റഇയ്യായ ഖബ്ർസിയാറത്ത് പരലോകത്തെ ഓർമ്മിക്കു ന്നതിനും മരിച്ചുപോയവരോട് ആർദ്രത കാണിക്കുന്നതി ന്നും, അവരുടെ നന്മക്കുവേണ്ടി അല്ലാഹുവോട് പ്രാർത്ഥി ക്കുന്നതിന്നും ഉദ്ദേശിച്ചുള്ളതാണെന്നാണ്.

എന്നാൽ അവരുടെ ഖബ്റുകൾക്കടുത്തുവെച്ച് (സ്വ ന്തം കാര്യത്തിന്നുവേണ്ടി) പ്രാർത്ഥിക്കുന്നതിന്നോ, അവ ടുത്ത് ഭജനമിരിക്കുന്നതിന്നോ, ആവശ്യങ്ങൾ നിറവേ റ്റിത്തരാനും രോഗികളെ സുഖപ്പെടുത്തിത്തരാനും അ വരോട് അർത്ഥിക്കുന്നതിന്നോ, അവരെ മുൻനിർത്തിയോ അവരുടെ 'ജാഹ്' മുൻനിർത്തിയോ മറ്റോ അല്ലാഹുവോട് പ്രാർത്ഥിക്കുന്നതിന്നോ ഉദ്ദേശിച്ചുകൊണ്ടാണ് സിയാറ ത്ത് ചെയ്യുന്നതെങ്കിൽ അത് ദുഷിച്ച ബിദ്അത്താണ്, അല്ലാഹുവോ അവന്റെ റസൂലോ അത് ശറആക്കിട്ടില്ല. സലഫുസ്സാലിഹുകൾ(റ) ആരും അത് ചെയ്തിട്ടില്ല. എന്നു തന്നെയല്ല അത് നബി [സ.അ] വിരോധിച്ചിട്ടുള്ള ചീ ത്ത വാക്കുകളിൽ പെട്ടതാണ്. നബി [സ.അ] ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

زُورُوا القُبُورَ وَلَا تَقُولُوا هُجْرًا

''നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുക, ചീത്ത വാക്ക് പ റയരുതേ.''

ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ ബിദ്അത്താണെന്നതിൽ യോജിക്കുന്നു. പക്ഷെ, ഓരോന്നിന്റെയും നിലപാട് വ്യത്യസ്തമാണ്. ചിലത് ബിദ്അത്തായിരിക്കും, ശി

ക്കായിരിക്കില്ല. ഖബ്റുകൾക്കടുത്തുവെച്ച് അല്ലാഹുവോട് (സ്വന്തം കാര്യത്തിന്നായി) പ്രാർത്ഥിക്കുക, മരിച്ചവരുടെ 'ഹഖ്ഖിനെയും' ജാഹിനെയും മുൻനിർത്തി അല്ലാഹുവിനോടപേക്ഷിക്കുക മുതലായവ ഇതിൽപെടുന്നു. മററു ചിലത് വമ്പിച്ച ശിർക്കായിരിക്കും. മരിച്ചവരോട് നേരിട്ടു പ്രാർത്ഥിക്കുന്നതും, സഹായമഭ്യർത്ഥിക്കുന്നതും മററുമാണതിൽ പെടുന്നത്. ഇതെല്ലാം മുമ്പ് വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ഉണരുക, സൂക്ഷിക്കുക, സത്യം കണ്ടുപിടിക്കാനും, പ്രാവർത്തികമാക്കാനുമുള്ള തൗഫീഖിന്നു അവനോട് തേടുക. അവനത്രെ തൗഫീഖും ഹിദായത്തും നൽകുന്നവൻ. അവൻ മാത്രമാണാരാധ്യൻ, അവൻ മാത്രമാണ് റബ്ബ്.

ഈ കുറിപ്പ് ഇവിടെവെച്ചവസാനിപ്പിക്കുകയാണ്. ആദ്യവസാനം അല്ലാഹുവിന്നു സ്തുതി. അല്ലാഹു തന്റെ ദാസനും ദൂതനും സൃഷ്ടികളിൽ ഉത്തമനുമായ മുഹമ്മദ് നബി (സ.അ)യിലും കുടുംബത്തിലും അദ്ദേഹത്തിന്റെ അനുചരന്മാരിലും ഉത്തമരായ അവരുടെ പിൻഗാമികളിലും അന്ത്യദിനമാകുംവരെ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കട്ടെ. آمين

الحمد لله أولا وآخرا وصلى الله وسلم على عبده ورسوله وخيرته من خلقه محمد وعلى آله وأصحابه ومن تبعهم إلى يوم الدين
وآخر دعوانا ان الحمد لله رب العالمين

---

تم ترجمته بالمليبارية يوم الجمعة للساعة السابعة والنصف مساء . ترجمه بها العبد العاجز الفقير إلى الله محى الدين محمد الكاتب العمرى حفظه وتولاه وجعله من حزبه واوليائه آمين . والحمد لله رب العالمين .

★

# التحقيق والإيضاح

## لكثير من مسائل الحج والعمرة والزيارة
## على ضوء الكتاب والسنة

تأليف

سماحة الشيخ

**عبد العزيز بن عبد الله بن باز**

باللغة المليبارية

ترجمة

محي الدين محمد الكاتب العمري

# التحقيق والإيضاح لكثير من مسائل الحج والعمرة والزيارة على ضوء الكتاب والسنة

تأليف سماحة الشيخ

عبدالعزيز بن عبد الله بن باز

( رحمه الله ورفع درجاته في عليين )

ترجمة : محي الدين محمد الكاتب العمري

( باللغة المليبارية )

سنة الطبع ١٤٢١هـ

مطبعة النرجس - ت: ٢٣٦٦٩٨٣ ف: ٢٣١٦٨٦٦

طبعت على نفقة أحد المحسنين غفر الله له ولوالديه ولجميع المسلمين

المكتب التعاوني للدعوة والإرشاد وتوعية الجاليات بالبديعة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية ص.ب ٢٤٩٣٢ الرياض ١١٤٥٦ - ت: ٤٣٣٠٨٨٨ فاكس ٤٣٠١١٢٢